www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 26 | 2017 July 08 | ₹10

## ബീഫ് രാഷ്ട്രീയത്തിന്റെ അടുപ്പുകളിൽ വെന്തുതീരുന്ന ജുനൈദുമാർ



മഴക്കാലമെങ്കിലും ജലക്ഷാമം ഓർക്കുക | സഹിഷ്ണുതയുള്ളവനാണ് യഥാർഥ മുസ്‌ലിം

മുസ്‌ലിം നവോത്ഥാനം വിലങ്ങുനിന്നത് ആര്? | സത്യം ചെയ്യലിലെ ഇസ്‌ലാമിക വിധി

# WISDOM BOOKS

**PUBLISHING ■ DISTRIBUTION**

E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
9497714525,9846048393,9895185814

## പുതിയ പുസ്തകങ്ങൾ

1. **വിശ്വാസിയുടെ നമസ്കാരം**
ഫദ്‌ലുൽ ഹഖ് ഉമരി
പേജ് :126 | വില : 90

2. **ഇസ്‌ലാം നിർഭയത്വത്തിന്റെ മതം**
പി. എൻ. അബ്ദുറഹ്മാൻ
പേജ് :58 | വില : 40

3. **നമസ്കാരത്തിലെ പ്രാർഥനകളും പ്രകീർത്തനങ്ങളും അർഥസഹിതം**
ഡോ. ജലാലുൽ ഹഖ് സലഫി
പേജ് :54 | വില : 40

4. **റമദാൻ: നാം അറിയേണ്ടതും ചെയ്യേണ്ടതും**
അബ്ബാസ് ചെറുതുരുത്തി
പേജ് :48 | വില : 40

5. **ക്വുർആൻ പഠന ക്വിസ്**
ഡോ. പി. കെ. അബ്ദുറസാഖ് സുല്ലമി
പേജ് : 90 | വില : 70

6. **ലാ ഇലാഹ ഇല്ലല്ലാഹ്**
ഫദ്‌ലുൽ ഹഖ് ഉമരി
പേജ് :104 | വില : 90


7. **ഇസ്‌ലാം അടിസ്ഥാന തത്ത്വങ്ങൾ**
ഇമാം അഹ്മദ് (വിവ: മൂസ സ്വലാഹി കാര)
പേജ് :100 | വില : 90

**പ്രീ പബ്ലിക്കേഷൻ ആനുകൂല്യം**
**460 രൂപ വില വരുന്ന 7 പുസ്തകങ്ങൾ 350 രൂപക്ക്**

സ്പെഷ്യൽ ഡിസ്കൗണ്ട്
**2460 രൂപയുടെ പുസ്തകങ്ങൾ 2000 രൂപക്ക്**

# നേർപഥം
വാരിക

0026 / 2017 ജൂലായ് 08 / 1438 ശവ്വാൽ 14 / പുസ്തകം 01 / ലക്കം 26

# ബീഫ് രാഷ്ട്രീയത്തിന്റെ അടുപ്പുകളിൽ വെന്തുതീരുന്ന ജുനൈദുമാർ

ഉസ്മാൻ പാലക്കാഴി / 10


**മുഖമൊഴി**

മഴക്കാലമെങ്കിലും ജലക്ഷാമം ഓർക്കുക / 05
എഡിറ്റർ

**കാഴ്ച**

വാ വിട്ട വാക്ക് / 18
ഇബ്നു അലി എടത്തനാട്ടുകര

**ക്വുർആൻ പാഠം**

ഈ രോഗത്തെ പേടിക്കുക / 19
ശമീർ മദീനി

**പാരന്റിംഗ്**

കുട്ടികളെ അഭിവാദ്യം ശീലിപ്പിക്കുക / 23
അശ്റഫ് എകരൂൽ

**വിമർശനം**

മുസ്‌ലിം നവോത്ഥാനം വിലങ്ങുനിന്നത് ആര്? / 28
മൂസ സ്വലാഹി, കാര

**ലേഖനങ്ങൾ**

സഹിഷ്ണുതയുള്ളവനാണ് യഥാർഥ മുസ്‌ലിം / 06
റഷീദ് കൊടക്കാട്ട്

സത്യം ചെയ്യലിലെ ഇസ്‌ലാമിക വിധി / 14
അബ്ദുൽ അലീം ബദവി അൽഖലഫി

ആദമിന്റെ സവിശേഷതകൾ / 20
ഹുസൈൻ സലഫി, ഷാർജ

അഹന്തയരുത് / 26
ഫദ്‌ലുൽ ഹഖ് ഉമരി

**ഹദീഥ് പാഠം**

മഴ: നാം ചിന്തിക്കേണ്ട ചില കാര്യങ്ങൾ / 33
അബൂമുർഷിദ

**കവിത**

കൊടുങ്കാറ്റ് / 34
ഉസ്മാൻ ടി.കെ



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു



### നാം മലയാളികളാവുക

സ്വന്തം സംസ്‌കാരത്തെയും പൈതൃകത്തെയും അതിവേഗം വിസ്മരിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. അക്കൂട്ടത്തിൽ അറിഞ്ഞും അറിയാതെയും ഭാഷയും മോശമായിക്കൊണ്ടിരിക്കുന്നു. നമ്മുടെ സംസ്‌കാരത്തെയും പൈതൃകത്തെയും ജീവസ്സുറ്റതാക്കുന്നത് ഭാഷയുടെ ശരിയായ വിനിമയമാണ്. ഭാഷ മോശമാകുന്നു, ഭാഷ നഷ്ടപ്പെടുന്നു, ഭാഷ ജീർണിക്കുന്നു എന്നതിനർഥം പൈതൃകം നഷ്ടമാകുന്നു എന്നാണ്. നമ്മുടെ ജീവിത സംസ്‌കൃതിയിൽ വരുന്ന ഗുണകരമല്ലാത്ത മാറ്റം ഭാഷയെയും സ്വാധീനിച്ചുവരികയാണ്. ഇന്ത്യയിൽ അനേകം ഭാഷകളുണ്ട്. ഇതിൽ ഏതാനും ഭാഷകൾ മാത്രമെ ഔദ്യോഗികമായി അംഗീകരിക്കപ്പെടുന്നുള്ളൂ. ഈ ഭാഷാ ശ്രേണിയിൽ അംഗീകാരം കൊണ്ടും സവിശേഷതകൊണ്ടും ഭൂപ്രകൃതി കൊണ്ടും സാമൂഹ്യമായ മറ്റനവധി കാര്യങ്ങൾ കൊണ്ടും മലയാള ഭാഷക്ക് വേറിട്ട വ്യക്തിത്വവും മഹത്ത്വവുമുണ്ട്.

ഓരോരുത്തരിലും ആത്മാവോളം ഇറങ്ങിച്ചെല്ലുന്ന ഭാഷ ജനിച്ചുവീണ നാട്ടിലെ ഭാഷമാത്രമാണ്. മധുരം മലയാളം, മലയാൺമ, മലയാളിത്തം എന്നതൊക്കെ ആത്മാവിഷ്‌കാരത്തിന്റെ അടയാളപ്പെടുത്തലുകളാണ്. മാതൃഭാഷയിൽ തന്നെ സ്വന്തം ശൈലിയും പ്രയോഗവും സൃഷ്ടിക്കുന്നതാണ് ഭാഷയിലെ എഴുത്ത്.

കെ.ഉമർ മൗലവിയുടെ 'ഓർമകളുടെ തീരത്ത്' എന്ന ആത്മകഥാപരമായ പുസ്തകവും സൽസബീലും വായിച്ചവർക്ക് അദ്ദേഹത്തിന്റെ ഭാഷാപാടവത്തിൽ അത്ഭുതം തോന്നാതിരിക്കില്ല. ഒരാളുടെ വ്യക്തിത്വവും മാനസികസ്ഥിതിയും അറിവനുഭവങ്ങളും അയാളുടെ ഭാഷയിൽ നിന്ന് മനസ്സിലാക്കാം. പ്രഭാഷകർക്കും എഴുത്തുകാർക്കും അധ്യാപകർക്കുമാണ് നല്ല മലയാളത്തെ നല്ല രീതിയിൽ പരിപോഷിപ്പിക്കാനാവുക. അറബി, ഇംഗ്ലീഷ് പോലുള്ള ഭാഷകൾ സ്വരശുദ്ധിയോടും വ്യാകരണ നിഷ്ഠയോടും ഉച്ചരിക്കുന്ന എത്രയോ പേർ മാതൃഭാഷയുടെ ശരിയായ വിനിയോഗത്തിൽ മാത്രം കണിശത പുലർത്താറില്ല. എത്രയോ അതിപ്രഗത്ഭരായ പ്രഭാഷകർ 'ശ' എന്നത് 'ഷ' ആയും 'ഴ' എന്നത് 'യ' ആയും ഉച്ചരിക്കുന്നു. ഈയിടെ ഒരു പാതിരാപ്രസംഗത്തിൽ 'ആധുനിക വൈദ്യന്മാർ' എന്ന് പറയേണ്ടിടത്ത് 'ആധുനിക വൈദികന്മാർ' എന്ന് പ്രസംഗകൻ ആവർത്തിച്ച് പറയുന്നത് കേൾക്കാനിടയായി. അധ്യാപകൻ 'മഴ'യെ 'മയ' എന്ന് ഉച്ചരിക്കുമ്പോൾ ഇത് കേട്ട് വളരുന്ന വിദ്യാർഥികളുടെ ഭാഷാബോധം എത്രകണ്ട് പുരോഗമിക്കും?

പതിനാലു ജില്ലക്ക് 40 ഭാഷാ ശൈലി എന്നതാണ് കേരളത്തിന്റെ സ്ഥിതി. ഓരോ പ്രദേശത്തിനും ഓരോ നാടൻ ശൈലിയുണ്ട്. ഇതെല്ലാം ഏകീകരിക്കണമെന്നും അച്ചടിഭാഷ മാത്രമെ സ്വന്തം വീട്ടിൽ പോലും സംസാരിക്കാവൂ എന്നും ശാഠ്യം പിടിക്കലല്ല നല്ല മലയാളം എന്നത്.

സംസാരഭാഷയുടെ ഉച്ചാരണ ശുദ്ധിയും നാടൻ രീതിയും സ്ഖലിതവും എന്തുമാകട്ടെ ഭാഷയുടെ ഔപചാരിക വിനിമയങ്ങളിൽ ശ്രേഷ്ഠ മലയാളം പാലിക്കാൻ ഭാഷാ സ്‌നേഹികൾക്ക് ബാധ്യതയുണ്ട്. ഭാഷ പഠിപ്പിക്കുമ്പോഴും ഭാഷണം നടത്തുമ്പോഴും ഔദ്യോഗികമായി കൈമാറുമ്പോഴും വിലോമഭാഷയാണ് അഭ്യസ്ത വിദ്യർപോലും അവലംബിക്കുന്നത്. ഭാഷയുടെ സ്വത്വവും ഭാഷയുടെ ശക്തിയും എത്ര വിദ്യാർഥികൾക്ക് നേടാനാകുന്നുണ്ട്? എത്ര അധ്യാപകർ ഉച്ചാരണ ശുദ്ധിയോടെ കുട്ടികളെ ഭാഷ പഠിപ്പിക്കുന്നുണ്ട്? ഭാഷ സജീവമാകുന്ന കാലമത്രയും അതാത് സമൂഹങ്ങളുടെ സംസ്‌കാരവും പാരമ്പര്യവും നിലനിൽക്കുമെന്ന് ഭാഷാവിശാരദർ പറയുന്നു.

നാം മലയാളികൾ എന്ന നിലയ്ക്ക് സ്‌നേഹവും രോഷവും മനസ്സിൽതട്ടി പ്രകടിപ്പിക്കാൻ നമുക്ക് മലയാളം തന്നെ വേണം. നമ്മുടെ ഭക്ഷണ ശീലവും കാർഷിക സംസ്‌കൃതിയും സർഗാത്മകതയും കൈവിട്ടാൽ നാം പിന്നെന്ത് മലയാളി? മനസ്സിലുള്ളത് അപരനോട് പറഞ്ഞുതീർന്നെന്നു തോന്നാൻ സ്വന്തം ഭാഷ തന്നെ വേണം. നമ്മുടെ മാതൃഭാഷയായ മലയാളം മലയാള നാടിന്റെ സംസ്‌കാരത്തിന്റെ ആകെ തുകയാണ്. ഭാഷാഭിവൃദ്ധിക്ക് സഹായകമാവുന്ന കൈരളിയുടെ ഉൾതുടിപ്പുകൾ പ്രതിബിംബിക്കുന്നതാകട്ടെ നമ്മുടെ ഭാഷാപരിവർത്തനം.

**-അബ്ദുസ്സമദ് കല്ലടിക്കോട്**

### വായന മരിക്കുന്നില്ല

വായന മരിക്കുന്നു എന്ന് മലയാളികൾ വിലപിക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. എന്നാൽ പ്രസിദ്ധീകരണ രംഗം ഇന്നും സജീവമാണ്. ആനുകാലികങ്ങൾക്ക് ഒരു കുറവുമില്ല. അച്ചടി ശാലകൾക്ക് തിരക്കോടു തിരക്കുതന്നെ. ഓൺലൈൻ വായന അച്ചടി പ്രസിദ്ധീകരണങ്ങളെ ബാധിച്ചിട്ടില്ലെന്നർഥം. എന്നാൽ മൂല്യങ്ങളിൽ ശോഷണം സംഭവിച്ചിട്ടുണ്ട്. വരുമാനം പ്രഥമ ലക്ഷ്യമായി കാണുന്നതിനാൽ മൂല്യങ്ങളെ കയ്യൊഴിക്കുകയാണ്. മൂല്യബോധം പകർന്നുനൽകുന്ന 'നേർപഥ'ത്തിന് അഭിനന്ദനങ്ങൾ.

**- മുഹമ്മദ് ഫായിസ്, തിരൂർ**

# മഴക്കാലമെങ്കിലും ജലക്ഷാമം ഓർക്കുക

ഏതാനും ദിവസങ്ങൾക്കു മുമ്പ് വെള്ളത്തിനു വേണ്ടി മനുഷ്യർ നെട്ടോട്ടമോടുകയായിരുന്നു. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപറേഷനുകളുമെല്ലാം വെള്ളമില്ലാതെ വലയുന്നവർക്ക് അത് എത്തിക്കുവാനുള്ള കഠിനശ്രമത്തിലായിരുന്നു. വേണ്ടത്ര ശുദ്ധിയില്ലെങ്കിലും ആവശ്യത്തിനുള്ള വെള്ളം കിട്ടിയാൽ മതിയായിരുന്നു എന്ന അവസ്ഥയിലേക്ക് വരെ ജനങ്ങൾ എത്തിയിരുന്നു എന്നത് ഏറെ ഗൗരവത്തോടെ കാണേണ്ട വിഷയമാണ്.

മനുഷ്യരെപ്പോലെ ജന്തുക്കളും സസ്യങ്ങളും ജലത്തെ ആശ്രയിക്കുന്നു. ജീവൻ നിലനിർത്താൻ ആവശ്യമായ വെള്ളം മാത്രമെ ജന്തുക്കളും സസ്യങ്ങളും ഉപയോഗിക്കുന്നുള്ളൂ. എന്നാൽ മനുഷ്യൻ കുടിക്കാനും കുളിക്കാനും ജലസേചനത്തിനും വ്യവസായത്തിനും എന്നുവേണ്ട, പലതരം ആവശ്യങ്ങൾക്കായി വെള്ളം ഉപയോഗിക്കുന്നു. മാനവരാശിയുടെ സാമ്പത്തികവും സാങ്കേതികവുമായ ഉയർച്ചയും താഴ്ചയും ജലലഭ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഭൂമിയുടെ ജലത്തിന്റെ ഭൂരിഭാഗവും സമുദ്രജലമായും മഞ്ഞുകട്ടകളായുമാണ് നിലനിൽക്കുന്നത്. ഉപയോഗിക്കാൻ കഴിയുന്ന വെള്ളം വളരെ കുറവാണ് എന്നർഥം. മലിനീകരണവും ആസൂത്രിതമായ ജലമാനേജ്മെന്റിന്റെ അഭാവവും മൂലം മിക്ക രാജ്യങ്ങളിലും കുടിവെള്ളം ഇന്നൊരു ജീവൻമരണ പ്രശ്നമാണ്.

ധാരാളം ജലം മഴയിലൂടെ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. ചെറുതും വലുതുമായ 44 നദികളും 20 ശുദ്ധജല തടാകങ്ങളും അരുവികളും കുളങ്ങളും കിണറുകളും ഉണ്ടായിട്ടും 1983 മുതൽ കേരളം വരൾച്ചയെ അഭിമുഖീകരിക്കുകയാണ്. മഴയില്ലാത്തതു കൊണ്ടല്ല ഇങ്ങനെ സംഭവിക്കുന്നത്. ശരാശരി 3000 മില്ലീമീറ്റർ മഴ കേരളത്തിൽ ലഭിക്കുന്നുണ്ട്. ഏതാണ്ട് 12 കോടി ക്യുബിക് മീറ്റർ വെള്ളം. ഈ വെള്ളത്തിന്റെ 60 ശതമാനവും അപ്പോൾ തന്നെ കുത്തിയൊലിച്ച് കടലിലെത്തിച്ചേരുകയാണ് ചെയ്യുന്നത്. ജലം സംഭരിച്ചുവെക്കണമെങ്കിൽ മേൽമണ്ണ് വേണം. മണ്ണിനെ സംരക്ഷിക്കാൻ കാടുവേണം. 44 ശതമാനം വനമുണ്ടായിരുന്നു കേരളത്തിൽ. ഇന്ന് അത് 9 ശതമാനം മാത്രമാണത്രെ!

ജലക്ഷാമം വന്നതോടെ ഭൂഗർഭജലം ഊറ്റാൻ തുടങ്ങി. മഴക്കാലത്തു പോലുമിന്ന് ഭൂഗർഭജല പോഷണം നടക്കുന്നില്ല. തണ്ണീർ തടങ്ങളും നെൽകൃഷി പാടങ്ങളുമാണ് ഭൂഗർഭജല പോഷണത്തിന്റെ പ്രധാന മാർഗങ്ങൾ. 1975 ൽ 8.75 ലക്ഷം ഹെക്ടർ കൃഷിസ്ഥലമുണ്ടായിരുന്ന കേരളത്തിൽ ഇന്ന് 2.15 ലക്ഷം ഹെക്ടർ സ്ഥലം മാത്രം. ജല സ്രോതസ്സുകളായ നദികൾ, ഇടതോടുകൾ, അരുവികൾ, കുളങ്ങൾ, തടാകങ്ങൾ, ചിറകൾ, തണ്ണീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുകയും മഴവെള്ളം സംഭരിക്കുകയും വേണം. നദീസംരക്ഷണ ശ്രമങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിക്കണം.

മഴവെള്ളം ഫലപ്രദമായി ഉപയോഗിച്ചാൽ ജലക്ഷാമം പരിഹരിക്കാനാകും. നീർക്കുഴി, കൈയാല, തണ്ണീർത്തട നിർമാണം, തട്ടുതിരിക്കൽ മേൽക്കൂര മഴവെള്ള ശേഖരണം തുടങ്ങിയ പല മാർഗങ്ങളും മഴവെള്ള ശേഖരണത്തിനുണ്ട്.

വെള്ളം ലഭിക്കുമ്പോൾ അമിതമായി ഉപയോഗിക്കുകയും പാഴായി പോകുന്നത് പരിഗണിക്കാതിരിക്കുകയും ചെയ്യുന്ന സ്വഭാവമാണ് നമുക്കുള്ളത്. ജല സംരക്ഷണത്തെ സത്യവിശ്വാസികൾ തങ്ങളുടെ ബാധ്യതയായി മനസ്സിലാക്കേണ്ടതുണ്ട്. ലക്ഷക്കണക്കിന് മുസ്‌ലിംകൾ അഞ്ചുസമയം ടാപ്പ് തുറന്നു വെച്ച് വുദൂഅ് ചെയ്യുന്ന സമയത്ത് പാഴായിപ്പോകുന്ന വെള്ളത്തിന്റെ അളവ് എത്രയാകുമെന്ന് ഊഹിക്കുക.

ഒഴുകുന്ന പുഴയിൽനിന്നാണ് അംഗസ്നാനം ചെയ്യുന്നതെങ്കിലും ദുരുപയോഗമരുത് എന്ന നബിﷺയുടെ നിർദേശം നമുക്ക് നൽകുന്ന പാഠമതാണ്. ഇസ്‌ലാം എല്ലാവിധ ദുർവ്യയങ്ങളെയും എതിർക്കുന്ന മതമാണ്. അല്ലാഹു പറയുന്നു:

"തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു" (17:27).

ലേഖനം

റഷീദ് കൊടക്കാട്ട്
mail@nerpatham.com



# സഹിഷ്ണുതയുള്ളവനാണ് യഥാർഥ മുസ്‌ലിം

**എ**ത്രയെത്ര അനുഗ്രഹങ്ങൾ...!

കേൾവി... കാഴ്ച... ഭാര്യ...മക്കൾ...കുടുബം... ജോലി... ആരോഗ്യം...!

ഇതൊന്നും ഇല്ലായിരുന്നെങ്കിൽ...?!

ചിലർക്ക് ചില അനുഗ്രഹങ്ങൾ നൽകപ്പെടാത്തതായും നാം കാണുന്നു. അവർക്ക് നിരാശക്ക് വകയില്ല. സ്രഷ്ടാവിന്റെ വിധിയിൽ സംതൃപ്തനായാൽ നാളെ പരലോകത്ത് ലഭിക്കാനിരിക്കുന്നത് മഹാസൗഭാഗ്യമാണ്.

അവനവന്റെ 'കയ്യിലിരുപ്പ്' ശരിയല്ലാത്തതിനാൽ പലരുടെയും പല അനുഗ്രഹങ്ങളും നഷ്ടപ്പെടുന്നതായും നമുക്കറിയാം.

ഈ ലോകത്ത് ലഭിക്കുന്ന ഏറ്റവും വലിയ അനുഗ്രഹം സ്രഷ്ടാവിന്റെ ദീൻ ഉൾക്കൊള്ളാനാവുക എന്നതാണ്. ലോകത്ത് കോടിക്കണക്കിന് മനുഷ്യർക്ക് ലഭിക്കാതെ പോയ അനുഗ്രഹം! അത് തനിക്ക് കിട്ടിയിരിക്കുന്നു എന്ന ചിന്ത പോലും വിനീത വിധേയനാകാൻ വിശ്വാസിയെ പ്രേരിപ്പിക്കേണ്ടതാണ്. എന്നാൽ വിശ്വാസിയാകാൻ കഴിഞ്ഞിട്ടും വിശ്വാസത്തിന്റെ അന്തസ്സത്ത ജീവിതത്തിൽ കാത്തുസൂക്ഷിക്കാത്തവൻ, തന്നിഷ്ടം പിൻപറ്റി ജീവിക്കുന്നവൻ അല്ലാഹുവിന്റെ മുന്നറിയിപ്പ് ഭയപ്പെടേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

"വിശ്വാസത്തിന് ശേഷം അവിശ്വാസം സ്വീകരിച്ച ഒരു ജനതയെ അല്ലാഹു എങ്ങനെ നേർവഴിയിലാക്കും? അവരാകട്ടെ ദൈവദൂതൻ സത്യവാനാണെന്ന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. അവർക്ക് വ്യക്തമായ തെളിവുകൾ വന്നുകിട്ടിയിട്ടുമുണ്ട്. അക്രമികളായ ആ ജനവിഭാഗത്തെ അല്ലാഹു നേർവഴിയിലാക്കുന്നതല്ല. അല്ലാഹുവിന്റെയും മലക്കുകളുടെയും മനുഷ്യരുടെയും എല്ലാം ശാപം അവരുടെ മേലുണ്ടായിരിക്കുക എന്നതത്രെ അവർക്കുള്ള പ്രതിഫലം. അവർ അതിൽ (ശാപഫലമായ ശിക്ഷയിൽ) സ്ഥിരവാസികളായിരിക്കുന്നതാണ്. അവർക്ക് ശിക്ഷ ലഘൂ

കരിക്കപ്പെടുന്നതല്ല. അവർക്ക് അവധി നൽകപ്പെടുകയുമില്ല. അതിന് (അവിശ്വാസത്തിനു) ശേഷം പശ്ചാത്തപിക്കുകയും ജീവിതം നന്നാക്കിത്തീർക്കുകയും ചെയ്തവരൊഴികെ. അപ്പോൾ അല്ലാഹു ഏറെ പൊറുക്കുന്നവനും അത്യധികം കരുണ കാണിക്കുന്നവനുമാകുന്നു" (3:86-88).

'മുസ്‌ലിമായി ജനിച്ചവനാണ് ഞാൻ. അതുകൊണ്ട് എനിക്ക് സ്വർഗം ഉറപ്പാണ്. എന്നെ അല്ലാഹു നരകത്തിൽ പ്രവേശിപ്പിക്കില്ല' നേർമാർഗത്തിൽ ഉറച്ചുനിൽക്കാത്തവരുടെ മനസ്സിൽ പിശാച് ഈ ചിന്ത ഇട്ടുകൊടുക്കും. ശിർക്കിലേക്കുള്ള കവാടം അവന്റെ മുന്നിൽ തുറന്നുകൊടുക്കും. മഹാന്മാരായ അമ്പിയാക്കളെയും ഔലിയാക്കളെയു ആരാധിക്കാൻ പാടില്ല എന്നത് ശരിയാണ്. എന്നാൽ അവരെ ആദരിക്കാണമല്ലോ. അവർക്ക് അല്ലാഹു കൊടുത്ത കഴിവിൽനിന്ന് അവരോട് ചോദിക്കൽ അവരോടുള്ള ആദരവിന്റെ ഭാഗമണ്. ഇങ്ങനെയുള്ള ചിന്തകളിലൂടെ പിശാച് മനുഷ്യനെ തൗഹീദിൽനിന്ന് ശിർക്കിലേക്ക് ആനയിക്കും!

മതസൗഹാർദത്തിന്റെയും സഹിഷ്ണുതയുടെയും വർണക്കടലാസിൽ പൊതിഞ്ഞും ഇപ്പോൾ പിശാച് മനുഷ്യനെ ശിർക്കിലേക്ക് ആകർഷിക്കുന്നത് നാം കാണുന്നു. ബഹുസ്വര സമൂഹത്തിലെ മുസ്‌ലിമിനെ മോഹിപ്പിക്കുന്ന വർണാഭമായ കാഴ്ചകൾ അവൻ ഒരുക്കിവെച്ചിട്ടുണ്ട്. റമാദിനിൽ വ്രതമനുഷ്ഠിക്കുന്ന അമുസ്‌ലിം! ജാറത്തിൽ തൊഴുകയ്യോടെ നിൽക്കുന്ന ഇതരമതസ്ഥൻ! പൂരക്കമ്മിറ്റിയിൽ പള്ളിക്കമ്മിറ്റിക്കാരൻ! നേർച്ചക്കമിറ്റിയിൽ ക്ഷേത്രഭാരവാഹി. നേർച്ചഭക്ഷണം ആദരവോടെ വാങ്ങിക്കഴിക്കുന്ന അന്യമതക്കാരൻ. അരവണപ്പായസവും പൂജിക്കപ്പെട്ടതും പുണ്യമാക്കപ്പെട്ടതെന്ന് കരുതുന്നതുമയ ഭക്ഷണങ്ങളും ഭക്തിയോടെ സ്വീകരിക്കുന്ന മുസ്‌ലിം! ഇതാണ് ശരിയായ മതസൗഹാർദം; ഇങ്ങനെയാണ് മുസ്‌ലിംകൾ ബഹുമത സമൂഹത്തിൽ ജീവിക്കേണ്ടത്. അല്ലെങ്കിൽ നിന്നെ ആളുകൾ തീവ്രവാദിയും മതേതരവിരുദ്ധനുമായി കാണും... ഇങ്ങനെയെല്ലാം ദുർബല വിശ്വാസികളെ പിശാച് ചിന്തിപ്പിക്കുന്നു! അതോടെ അറിയാതെ അവർ ശിർക്കിന്റെ വക്താക്കളും സ്പോൺസർമരുമായി മാറും! ഇസ്‌ലാമിക നിലപാടുകളിൽ ഉറച്ചു നിൽക്കുന്നരോട് അവർക്ക് പുച്ഛം തോന്നിത്തുടങ്ങും.

സമീപകാലത്ത് എഴുതപ്പെട്ടതും കേട്ടതുമായ ഇസ്‌ലാമിന്റെ പേരിലുള്ള ചില എഴുത്തുകളും ശബ്ദങ്ങളും നമ്മെ ഏറെ ആശങ്കപ്പെടുത്തുന്നതാണ്. അവ ആരെയൊക്കെയോ ഭയന്നുകൊണ്ടുള്ളതും പ്രീണിപ്പിക്കാൻ ശ്രമിക്കുന്നതുമാണ്. അകക്കാമ്പില്ലാത്തതും ആദർശപരമായ വിട്ടുവീഴ്ചയിൽ തെറ്റു കാണാത്തതുമാണ്. മഹിതമായ വിശ്വാസത്തിന്റെ ഉടമകൾ തങ്ങളുടെ ആദർശപരമയ നിലപാട് സ്വീകരിക്കേണ്ടത് സാഹചര്യങ്ങളിൽ നിന്നല്ല; പ്രമാണങ്ങളിൽനിന്നാണ്.

വിഗ്രഹാരാധകരുടെ ഇടയിൽ ജീവിച്ച ഇബ്‌റാഹീം നബിﷺ ശിർക്കിനോട് രാജിയാകുന്ന സമീപനം സ്വീകരിച്ചുകൊണ്ടല്ല നാട്ടിൽ കഴിച്ചുകൂട്ടിയത്.

അല്ലാഹു പറയുന്നു: "ഇബ്‌റാഹീം തന്റെ പിതാവിനോടും ജനങ്ങളോടും ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു):തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽനിന്ന് ഒഴിഞ്ഞു നിൽക്കുന്നവനാകുന്നു" (43:26).

അല്ലാഹുവിന്റെ കൽപന പ്രകാരം മുഹമ്മദ് നബിﷺ പ്രഖ്യാപിച്ചു: "...അവിശ്വാസികളേ, നിങ്ങൾ ആരാധിച്ചുവരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല. ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല. നിങ്ങൾ ആരാധിച്ചുവന്നതിനെ ഞാൻ ആരാധിക്കാൻ പോകുന്നവനുമല്ല. ഞാൻ ആരാധിച്ചു വരുന്നതിനെ നിങ്ങളും ആരാധിക്കാൻ പോകുന്നവരല്ല. നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എന്റെ മതവും" (109:1-6).

ആദർശത്തിന്റെ വിഷയത്തിൽ ആളുകളെ ഭയപ്പെടാതെ വ്യക്തമായ നിലപാട് സ്വീകരിച്ച ഇബ്‌റാഹീം നബിﷺയെ അല്ലാഹു തന്റെ ഖലീലായി സ്വീകരിച്ചു. മുഹമ്മദ് നബിﷺ പ്രവാചകരിൽ ശ്രേഷ്ഠനായി.



അദ്ദേഹത്തിന്റെ അനുചരന്മാർക്ക് ജീവിതകാലത്തുതന്നെ അല്ലാഹു തങ്ങളെ തൃപ്തിപ്പെട്ടിരിക്കുന്നു എന്ന സന്തോഷവാർത്ത കേൾക്കാനുമായി!

മുഹമ്മദ് നബിﷺക്ക് പ്രവാചകത്വം ലഭിച്ചത് ആഗ്രഹിച്ചതുകൊണ്ടായിരുന്നില്ല ; അത് പ്രതീക്ഷിച്ചതുമല്ല. എന്നാൽ അല്ലാഹു അത് തീരുമാനിച്ചിരുന്നു. അതിനായി അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ അല്ലാഹു ഉൽകൃഷ്ടമായ രീതിയിൽ രൂപപ്പെടുത്തി. അത് മഹത്തായ കാരുണ്യമാണ്. ബഹുദൈവ വിശ്വാസികളുടെ കൂട്ടത്തിലാകാതിരിക്കുവാനും അവരുടെ ഭീഷണിയോ പ്രലോഭനമോ കാരണത്താൽ സത്യമാർഗത്തിൽനിന്ന് പിന്തിരിയാതിരിക്കുവാനും അവരെ തൗഹീദിലേക്ക് ക്ഷണിക്കുവാനും അല്ലാഹു അദ്ദേഹത്തോട് കൽപിച്ചു:

“നിനക്ക് വേദഗ്രന്ഥം നൽകപ്പെടണമെന്ന് നീ ആഗ്രഹിച്ചിരുന്നില്ല. പക്ഷേ, നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള കാരുണ്യത്താൽ (അതു ലഭിച്ചു). ആകയാൽ നീ സത്യനിഷേധികൾക്കു സഹായിയായിരിക്കരുത്. അല്ലാഹുവിന്റെ വചനങ്ങൾ നിനക്ക് അവതരിപ്പിക്കപ്പെട്ടതിന് ശേഷം അവർ നിന്നെ അതിൽ നിന്ന് തടയാതിരിക്കട്ടെ. നിന്റെ രക്ഷിതാവിങ്കലേക്ക് നീ ക്ഷണിക്കുക. നീ ബഹുദൈവവിശ്വാസികളുടെ കൂട്ടത്തിലായിപ്പോകരുത്” (28: 86,87).

ഇസ്‌ലാമാകുന്ന മഹത്തായ അനുഗ്രഹം നമുക്ക് ലഭിച്ചിരിക്കുന്നു. അതിന് ലോകരക്ഷിതാവിനോട് നന്ദി കാണിച്ചേ തീരൂ. അല്ലാഹുവിന്റെയും പ്രവാചകന്റെയും കൽപനാനിർദേശങ്ങൾ ജീവിതത്തിൽ പാലിച്ചുകൊണ്ടാണ് നാം നന്ദി കാണിക്കേണ്ടത്. ശരീരംകൊണ്ടും സമ്പത്ത് കൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ നാം ത്യാഗപരിശ്രമങ്ങൾ ചെയ്യേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

“അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യേണ്ട മുറപ്രകാരം നിങ്ങൾ സമരം ചെയ്യുക. അവൻ നിങ്ങളെ ഉൽകൃഷ്ടരായി തെരഞ്ഞെടുത്തിരിക്കുന്നു. മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല” (22:78).

“നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കണം. അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ സ്വത്തുക്കൾ കൊണ്ടും ശരീരങ്ങൾ കൊണ്ടും നിങ്ങൾ സമരം ചെയ്യുകയും വേണം. അതാണ് നിങ്ങൾക്ക് ഗുണകരമായിട്ടുള്ളത്. നിങ്ങൾ

**സമീപകാലത്ത് എഴുതപ്പെട്ടതും കേട്ടതുമായ ഇസ്‌ലാമിന്റെ പേരിലുള്ള ചില എഴുത്തുകളും ശബ്ദങ്ങളും നമ്മെ ഏറെ ആശങ്കപ്പെടുത്തുന്നതാണ്. അവ ആരെയൊക്കെയോ ഭയന്നുകൊണ്ടുള്ളതും പ്രീണിപ്പിക്കാൻ ശ്രമിക്കുന്നതുമാണ്. അകക്കാമ്പില്ലാത്തതും ആദർശപരമായ വിട്ടുവീഴ്ചയിൽ തെറ്റു കാണാത്തതുമാണ്. മഹിതമായ വിശ്വാസത്തിന്റെ ഉടമകൾ തങ്ങളുടെ ആദർശപരമയ നിലപാട് സ്വീകരിക്കേണ്ടത് സാഹചര്യങ്ങളിൽനിന്നല്ല; പ്രമാണങ്ങളിൽനിന്നാണ്.**

അറിവുള്ളവരാണെങ്കിൽ” (6:11).

എന്നാൽ ഇബ്‌ലീസും കൂട്ടാളികളു ഇതിൽനിന്നെല്ലാം തെറ്റിച്ച് മനുഷ്യരെ നരകത്തിലേക്ക് തെളിക്കുവാൻ സദാ പ്രയത്നിച്ചുകൊണ്ടിരിക്കും. അല്ലാഹു ശപിച്ചുകൊണ്ട് സ്വർഗത്തിൽനിന്ന് ആട്ടിപ്പുറത്താക്കിയപ്പോൾ ഇബ്‌ലീസ് പറഞ്ഞു:

“...നീ എന്നെ വഴിപിഴപ്പിച്ചതിനാൽ നിന്റെ നേരായ പാതയിൽ അവർ (മനുഷ്യർ) പ്രവേശിക്കുന്നത് തടയാൻ ഞാൻ കാത്തിരിക്കും. പിന്നീട് അവരുടെ മുന്നിലൂടെയും, അവരുടെ പിന്നിലൂടെയും അവരുടെ വലതു ഭാഗങ്ങളിലൂടെയും ഇടതുഭാഗങ്ങളിലൂടെയും ഞാൻ അവരുടെ അടുത്ത് ചെല്ലുക തന്നെ ചെയ്യും. അവരിൽ അധികപേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുന്നതല്ല” (7:16,17).

സർവവിധേനയും മനുഷ്യനെ വഴിപിഴപ്പിക്കുവാൻ ശ്രമിക്കുമെന്ന് വ്യക്തം! എല്ലാവിധ ഗൂഢതന്ത്രങ്ങളും അവൻ മെനയും. ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്താൻ മുസ്‌ലിംകളിൽ പെട്ടവരെത്തന്നെ അവൻ ആയുധമാക്കും. വിശ്വാസരംഗത്തും സ്വഭാവ, ധാർമിക, സാംസ്കാരിക രംഗങ്ങളിലുമെല്ലാം മനുഷ്യനെ അവൻ അധഃപതിപ്പിക്കും. തിന്മകളെ ആകർഷകമായി അവൻ തോന്നിപ്പിക്കും.

“അവൻ പറഞ്ഞു: എന്റെ രക്ഷിതാവേ, നീ എന്നെ വഴികേടിലാക്കിയതിനാൽ, ഭൂലോകത്ത് അവർക്കു ഞാൻ (ദുഷ്പ്രവൃത്തികൾ) അലംകൃതമായി തോന്നിക്കുകയും, അവരെ മുഴുവൻ ഞാൻ വഴികേടിലാക്കുകയും ചെയ്യും; തീർച്ച. അവരുടെ കൂട്ടത്തിൽ നിന്ന് നിന്റെ നിഷ്കളങ്കരായ ദാസൻമാരൊഴികെ” (15: 39,40).

നിഷ്കളങ്കരായ വിശ്വാസികളെ പിഴപ്പിക്കുവാൻ തനിക്ക് കഴിയില്ലെന്ന് ഇബ്‌ലീസ് സമ്മതിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കുക. എന്നാൽ ആത്മാർഥമായ വിശ്വാസമില്ലാത്തവരെ വഴിപിഴപ്പിക്കുവാൻ അവന് എളുപ്പം സാധിക്കും. മതശാസനകളെയും മതചിഹ്നങ്ങളെയും അവഗണിക്കുവാനും അനാദരിക്കുവാനും അവൻ പ്രേരിപ്പിക്കും.

ഇറുകിയ വസ്ത്രം ധരിക്കൽ, നഗ്നതാപ്രദർശനം, പലിശ വാങ്ങൽ, സ്ത്രീകൾ സുഗന്ധംപൂശി അന്യപുരുഷന്മാർക്കിടയിൽ സഞ്ചരിക്കൽ, പുരുഷന്മാർ നെരിയാണിക്ക് താഴെയിറങ്ങുന്നവിധം വസ്ത്രം ധരിക്കൽ, പൗ

രുഷത്തിന്റെ അടയാളമായ താടിവടിക്കൽ... തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നവർ 'ഇതിലൊക്കെ എതിർക്കാൻ എന്തിരിക്കുന്നു? ഇതുകൊണ്ടൊന്നും ഒരാൾ ഇസ്‌ലാമിൽ നിന്ന് പുറത്താകില്ല, ഇത്തരം നിസ്സാര കാര്യങ്ങളിൽ വാശിപിടിച്ചാൽ മറ്റുള്ളവരുടെ കണ്ണിൽ ഇസ്‌ലാമിന് വിലയില്ലാതാവും...' എന്നിങ്ങനെ അതിനെല്ലാം ന്യായീകരണങ്ങൾ നിരത്തുന്നത് നാം കേൾക്കാറുണ്ട്. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, അല്ലാഹുവിന്റെ മതചിഹ്നങ്ങളെ നിങ്ങൾ അനാദരിക്കരുത്...." (5:2).

പള്ളികളും ക്വുർആനും മാത്രമല്ല മതചിഹ്നങ്ങൾ. ആരാധനകളും ഇസ്‌ലാമിക വേഷവിധാനവും ഇസ്‌ലാമിക സംസ്‌കാരവുമെല്ലാം മതചിഹ്നങ്ങളാണ്. ഇവയെയെല്ലാം അവമതിക്കുവാൻ പിശാച് പ്രേരിപ്പിച്ചുകൊണ്ടിരിക്കും.

സൃഷ്ടിപൂജയെ മഹത്തുക്കളെ ആദരിക്കലെന്നു പറഞ്ഞ് ന്യായീകരിക്കുന്നവർ, പർദയെ അടിമത്തത്തിന്റെ അടയാളമെന്ന് വിശേഷിപ്പിക്കുന്നവർ, താടിനീട്ടി വളർത്തുകയും നെരിയാണിക്ക് താഴെയിറങ്ങാത്ത വസ്ത്രം ധരിക്കുകയും ചെയ്യുന്നവരെ പരിഹസിക്കുന്നവർ... മുസ്‌ലിംകളിൽപെട്ട ചിലർ തന്നെ പിശാചിന് ഇഷ്ടപ്പെട്ട ഈ പ്രവർത്തനം ചെയ്യുന്നത് നാം കാണുന്നു! ഖേദകരമെന്നല്ലാതെ മറ്റെന്തു പറയാൻ!

ബഹുമത സമൂഹത്തിൽ ജീവിക്കുന്ന മുസ്‌ലിംകൾ ഇസ്‌ലാമിക സംസ്‌കാരം മറച്ചുവെക്കണമെന്നും വിശ്വാസങ്ങളിലും ആചാരങ്ങളിലുമെല്ലാം അയവുള്ള സമീപനം വെച്ചുപുലർത്തണമെന്നും അതാണ് മതേതര രാജ്യത്ത് അഭികാമ്യമെന്നുമുള്ള തെറ്റായ ധാരണയുള്ളവരുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ്. ഇത് തികച്ചും ഇസ്‌ലാമിക വിരുദ്ധമാണ്. ഇന്ത്യൻ ഭരണഘടന നമുക്ക് വിശാലമായ മതസ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. വിശ്വസിക്കാനും ആചരിക്കാനും പ്രബോധനം ചെയ്യാനുമുള്ള സ്വാതന്ത്ര്യം ഇവിടെയുണ്ട്. ഇതര മതവിശ്വാസങ്ങളെയു വിശ്വാസികളെയും ഭത്സിക്കാതെയും അസഹിഷ്ണുത കാട്ടാതെയും മാന്യമായ രീതിയിൽ സംവാദം നടത്താനുള്ള സ്വാതന്ത്ര്യവുമുണ്ട്. ഇതെല്ലാം ഉപയോഗപ്പെടുത്തി നല്ല മുസ്‌ലിമായും നല്ല ഇന്ത്യക്കാരനായും ജീവിക്കാൻ നാം ശ്രമിച്ചാൽ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും നേട്ടമേ ഉണ്ടാകൂ. നമ്മെ ചുണ്ടി 'അതാ ഒരു നല്ല മുസ്‌ലിം' എന്ന് മറ്റുള്ളവർ പറയുന്ന അവസ്ഥയുണ്ടാക്കണം. നല്ല മുസ്‌ലിം നല്ല മനുഷ്യനായിരിക്കും.

മതസ്വാതന്ത്ര്യം ഹനിക്കപ്പെട്ടതിന്റെ പേരിൽ നാടുവിട്ടുപോകാൻ തീരുമാനിച്ച അബൂബക്കർ(റ)വിനെ അതിൽനിന്ന് പിന്തിരിപ്പിച്ചതും സംരക്ഷണം നൽകാമെന്നേറ്റതും ഇബ്‌നുദുഗന്നയെന്ന മക്കാമുശ്‌രിക്കുകളിലെ പ്രമുഖനാണ്. ആദർശപരമായി ഇരുചേരിയിലായിരുന്നിട്ടും ഇബ്‌നുദുഗന്ന അബൂബക്കർ(റ) നാടുവിട്ടുപോകരുതെന്നാഗ്രഹിച്ചത് എന്തുകൊണ്ടായിരിക്കും? സംശയമില്ല, അദ്ദേഹത്തിന്റെ ജീവിതം തികച്ചും ഇസ്‌ലാമികമായിരുന്നു എന്നതു തന്നെ!

അയൽവാസിയുടെ വിഷയത്തിൽ ജിബ്‌രീൽ എന്നെ നിരന്തരമായി ഉപദേശിച്ചപ്പോൾ അയൽവാസിക്ക് സ്വത്തവകാശം നൽകേണ്ടിവരമോ എന്ന് ഞാൻ വിചാരിച്ചുപോയി എന്ന് നബി(ﷺ) പറഞ്ഞതും അയൽവാസി പട്ടിണി കിടക്കുമ്പോൾ വയർനിറച്ച് ആഹരിക്കുന്നവൻ മുസ്‌ലിമല്ല എന്ന് അവിടുന്ന് അറിയിച്ചതും ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുവാൻ നമുക്ക് സാധിച്ചാൽ ആർക്കാണ് നമ്മെ വെറുക്കാനാവുക?

വീടിനു ചുറ്റുമുള്ള ഉയരമുള്ള മതിലിന്റെയും ഉറപ്പുള്ള ഗെയ്റ്റിന്റെയും പുറത്തുള്ള എല്ലാവരോടും മാനുഷികമായ പരിഗണന കാണിച്ചാൽ മനസ്സുകൾ തമ്മിലുള്ള അകലം താനെ കുറയില്ലേ?

മതങ്ങളുടെ ആദർശങ്ങളും ആചാരങ്ങളും വ്യത്യസ്തമാകയാൽ സ്വത്വം നിലനിർത്തിയുള്ള മതലയനം സാധ്യമല്ല. എന്നാൽ അവനവന്റെ ആദർശത്തിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ മനുഷ്യ സൗഹാർദം സാധ്യമാണ്. അതാണ് ഇന്നിന്റെ ആവശ്യം. ഏതു മതക്കാരാണെങ്കിലും; പരസ്പര വിശ്വാസമുള്ള, സഹായസഹകരണങ്ങൾ നൽകാൻ മടികാണിക്കാത്ത, സുഖ ദുഃഖങ്ങളിൽ പങ്കുചേരുന്ന അയൽവാസികളും നാട്ടുകാരുമായി മാറാൻ സാധിച്ചാൽ വർഗീയ ധ്രുവീകരണമുണ്ടാകില്ല. മതം പഠിപ്പിക്കുന്ന മുഴുവൻ കാര്യങ്ങളും സാധിക്കുന്നത്ര ജീവിതത്തിൽ പകർത്തിക്കൊണ്ടുതന്നെ സമസൃഷ്ടികളെ സ്‌നേഹിക്കുവാനാണ് ഇസ്‌ലാം അനുശാസിക്കുന്നത്. നബി(ﷺ) ഏറ്റവും വലിയ സഹിഷ്ണുവായിരുന്നു. അദ്ദേഹത്തിന്റെ അനുയായികൾക്ക് ഒരിക്കലും അസഹിഷ്ണുതയുടെ വക്താക്കളാകാൻ കഴിയില്ല. മനുഷ്യത്വം മരവിച്ചു പോകുന്നവനല്ല വിശ്വാസി. കാരുണ്യത്തിന്റെ മതം അതിന് അനുവാദം നൽകുന്നില്ല. ●

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com,www.nerpatham.com

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

കവർ സ്റ്റോറി



# ബീഫ് രാഷ്ട്രീയത്തിന്റെ അടുപ്പുകളിൽ വെന്തുതീരുന്ന ജുനൈദുമാർ

സമകാലിക ഇന്ത്യയിൽ ഏറ്റവും മൂല്യമുള്ള ജീവി ഏതെന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളൂ; പശു! ഏറ്റവും വിലകുറഞ്ഞത് മുസ്‌ലിംകളാതി ന്യൂനപക്ഷ ജനങ്ങളുടെ ജീവനും.

രാജ്യത്ത് വിദ്വേഷത്തിന്റെയും അസഹിഷ്ണുതയുടെയും കൊടുംവിഷം ചീറ്റിക്കൊണ്ട് ഗോരക്ഷയുടെ പേരിൽ തീവ്ര ഹിന്ദുത്വവാദികൾ താണ്ഡവമാടിക്കൊണ്ടേയിരിക്കുകയാണ്. ഹരിയാനയിലെ ബല്ലഭ്ഗഡിലെ ജുനൈദ് എന്ന പതിനാറുകാരനെ ഇക്കഴിഞ്ഞ ജൂൺ 22ന് വൈകുന്നേരം ഡൽഹി-മധുര പാസഞ്ചർ ട്രെയിനിൽവെച്ച് ഇരുപതോളം കാപാലികർ ചേർന്ന് നിഷ്ഠൂരമായി കൊന്നുതള്ളുകയും സഹോദരങ്ങളെ മൃതപ്രായരാക്കുകയും ചെയ്തത് അവസാനത്തെ സംഭവമാകട്ടെയെന്ന് നാം ആഗ്രഹിച്ചു. എന്നാൽ അതിനു ശേഷം ഝാർഖണ്ഡിൽ ഇരുനൂറോളം ഗോരക്ഷക ഗുണ്ടകൾ ചേർന്ന് വീടിനു മുന്നിൽ ചത്ത പശുവിനെ കണ്ടെന്നു പറഞ്ഞ് ഉസ്മാൻ അൻസാരി എന്ന ഡെയറി ഫാം ഉടമയെ തല്ലിച്ചതക്കുകയും വീട് കത്തിക്കുകയും ചെയ്തു.



ഒരുപക്ഷേ, ഉടൻ തന്നെ വിമാനം കയറി അദ്ദേഹം ഏതെങ്കിലും വിദേശ രാജ്യത്തേക്ക് പോയിട്ടുണ്ടാകും. കഴിഞ്ഞ വർഷം ആഗസ്റ്റിലും പ്രധാനമന്ത്രി പശുസംരക്ഷണത്തിന്റെ മറവിൽ അക്രമം അനുവദിക്കില്ലെന്ന് പറഞ്ഞിരുന്നു. എന്നിട്ടെന്തായി? കൊലയും മർദനവും കൊള്ളിവയ്പും വർധിച്ചു!

പ്രധാനമന്ത്രി ഇപ്പറഞ്ഞത് ആത്മാർഥതയോടെയാണെങ്കിൽ അക്രമം തടയാൻ കർശന നടപടികൾ സ്വീകരിക്കുമായിരുന്നു. അനുസരണയുള്ള അനുയായികളാണ് അദ്ദേഹത്തിനുള്ളതെങ്കിൽ അക്രമ സംഭവങ്ങൾ ആവർത്തിക്കില്ലായിരുന്നു. സബർമതി ആശ്രമ ശതാബ്ദി ആഘോഷ പരിപാടിയിൽ വെച്ച് അദ്ദേഹം 'പശു സംരക്ഷണത്തിന്റെ മറവിൽ മനുഷ്യരെ കൊല്ലുന്നത് അംഗീകരിക്കാനാവില്ലെന്ന്' പറഞ്ഞിന് തൊട്ടുടനെയാണ് ഝാർഖണ്ഡിൽ മാട്ടിറച്ചി കൈവശം വെച്ചെന്നാരോപിച്ച് ആലിമുദ്ദീൻ അൻസാരി എന്നയാളെ ഗോരക്ഷക ഗുണ്ടകൾ തല്ലിക്കൊന്നത്. രാംഗഢ് ജില്ലയിലെ ബാജർട്ടൻഡ് ഗ്രാമത്തിലാണ് വാഹനത്തിൽനിന്ന് പിടിച്ചിറക്കി അദ്ദേഹത്തെ കൊന്നതും വാഹനം കത്തിച്ചതും.

പെരുന്നാളിന് സാധനങ്ങൾ വാങ്ങാൻ ദില്ലിയിൽ പോയി വരികയായിരുന്നു സഹോദരങ്ങളായ ജുനൈദും ഷക്കീറും ഹാഷിമും. ക്വുർആൻ മനഃപാഠമാക്കിയ കുട്ടിയാണ് ജുനൈദ്. തുഗ്ലക്കാബാദിൽ വച്ച് തീവണ്ടിയിൽ കയറിയ കാപാലികരാണ് മുസ്‌ലിംകളെന്നു കണ്ട ഇവരുടെ നേരെ മുദ്രാവാക്യം വിളിച്ചുകൊണ്ട് തല്ലാനും കുത്തിപ്പിരിക്കേല്പിക്കാനും തുടങ്ങിയത്. ജുനൈദ് തീവണ്ടിയിൽ വച്ചു തന്നെ തല്ലുകൊണ്ട് മരിച്ചു. ഷക്കീറിന്റെ

മോഡി ഭരണത്തിൽ കയറിയതോടെയാണ് ഇത്തരം നീച പ്രവർത്തനങ്ങൾക്ക് ആക്കംകൂടിയിരിക്കുന്നത്. കുറെ കൊലപാതകങ്ങളും അക്രമങ്ങളും നടക്കുകയും പ്രതിഷേധം ആളിക്കത്തുകയും ചെയ്യുമ്പോൾ മാത്രം ഇതിനെതിരെ രണ്ടുവാക്കുകൾ മൊഴിഞ്ഞ് പ്രധാനമന്ത്രി ഉൾവലിയും. ജുനൈദിന്റെ കൊലപാതകത്തിനു ശേഷം പ്രതിഷേധാഗ്നി പടർന്നപ്പോൾ, വിദേശ രാജ്യങ്ങളിലെ മാധ്യമങ്ങൾ ഇന്ത്യയെ പരിഹസിക്കാൻ തുടങ്ങിയപ്പോൾ മൗനത്തിന്റെ പുറന്തോടു പൊട്ടിച്ചുകൊണ്ട് 'പശുസംരക്ഷണത്തിന്റെ മറവിൽ മനുഷ്യരെ കൊല്ലുന്നത് അംഗീകരിക്കാനാവില്ലെന്നും മറ്റുള്ളവർക്കെതിരെ ആക്രമണം അഴിച്ചുവിടുന്നത് രാഷ്ട്രപിതാവിന്റെ ദർശനങ്ങൾക്കെതിരാണെ'ന്നും അദ്ദേഹം പ്രസ്താവിച്ചുകളഞ്ഞു! വലിയൊരു ബാധ്യത നിർവഹിച്ച നിർവൃതിയിൽ

**തീവ്രഹിന്ദുത്വവാദികളായ ചെറുപ്പക്കാരെ ദുഷ്ചെയ്തികളിൽ നിന്നും പിന്തിരിപ്പിക്കുന്നതിനു പകരം, അവർക്ക് പ്രത്യക്ഷവും പരോക്ഷവുമായ ഒത്താശ ചെയ്തുകൊടുക്കുവാൻ രാഷ്ട്രീയാധികാരത്തെയും പൊലീസ് സേനയെയും ഉപയോഗപ്പെടുത്തുന്നത് നൽകുന്ന സൂചന അത്യാപത്തിന്റെതാണ്. ഹിന്ദു തീവ്രവാദത്തിന്റെ മറവിൽ ക്രിമിനൽ കുറ്റങ്ങൾ ചെയ്തുകൂട്ടുന്ന ഒരു പറ്റം നരാധമന്മാർക്ക് കുറ്റവിമുക്തി നൽകാൻ പര്യാപ്തമായൊരു നിയമവ്യവസ്ഥയും കൂടിയായപ്പോൾ, ആ ദൂഷിതവലയം പൂർത്തിയായിരിക്കുന്നു.**

താടി പിഴുതെടുക്കാൻ ഇവർ ശ്രമിച്ചു. മൂന്നു തവണ കുത്തുകയും ചെയതു. ഇവരെ ബല്ലബ്ഗഢിൽ ഇറങ്ങാൻ സമ്മതിക്കാതിരുന്ന ഈ ആൾക്കൂട്ടം പിന്നീട് ഇവരെ തീവണ്ടിയിൽ നിന്ന് വഴിയിലേക്ക് എറിയുകയായിരുന്നു.

ഇവർ കയ്യിൽ ബീഫുമായാണ് യാത്ര ചെയ്തത് എന്നാരോപിച്ചായിരുന്നത്രെ തല്ലിക്കൊല്ലൽ. നരേന്ദ്ര മോഡി സർക്കാരിൻറെ കാലി കശാപ്പ് നിരോധനം ഇത്തരം ആക്രമണങ്ങൾക്ക് എങ്ങനെ കാരണമാകുന്നു എന്നതിന് തെളിവാണ് ഈ തെമ്മാടിത്തം.

ബിജെപിക്കും സംഘപരിവാറിനും അധികാരമോ, ആധിപത്യമോ, നിർണായക സ്വാധീനമോ ഉള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലാണ് ഇത്തരം അതിക്രമങ്ങൾ വ്യാപകമായിരിക്കുന്നത്. ഹരിയാന സംസ്ഥാനത്ത് മുസ്‌ലിംകൾ തിങ്ങിപ്പാർക്കുന്ന മേവറ്റ് ജില്ലയിലെ മുസ്‌ലിം കർഷകർക്ക് ഗോസംരക്ഷകരുടെ വേഷമണിഞ്ഞ സംഘപരിവാർ ശക്തികളിൽ നിന്നും അവർക്ക് തുണയായി എത്തിയ സംസ്ഥാന പൊലീസ് സേനയിൽ നിന്നും കൊടിയ മർദനമാണ് കഴിഞ്ഞ വർഷത്തെ ബലിപെരുന്നാൾ ദിനത്തിൽ ഏൽക്കേണ്ടിവന്നത്. നരേന്ദ്രമോഡിയുടെ വിശ്വസ്തനായ ഹരിയാന മുഖ്യമന്ത്രി മനോഹർ ലാൽ ഖട്ടാർ മർദകർക്കാവശ്യമായ സകല ഒത്താശകളും നൽകുകയും ചെയ്തു.

പ്രദേശത്തെ വഴിയോരങ്ങളിൽ ബിരിയാണി കച്ചവടം എല്ലാ ബലിപെരുന്നാളിനും പതിവാണ്. ഗോ സംരക്ഷക സംഘമെന്ന് അവകാശപ്പെടുന്ന ഗോ സേവാ ആയോഗ് ബിരിയാണിയിൽ ബീഫ് ഉപയോഗിക്കാൻ സാധ്യതയുണ്ടെന്ന് പറഞ്ഞ് മുഖ്യമന്ത്രിക്ക് നൽകിയ പരാതിയെ തുടർന്ന് ഈ പ്രദേശത്തുള്ള മുഴുവൻ ബിരിയാണി സ്റ്റാളുകളും അടിച്ചു തകർക്കുകയാണുണ്ടായത്. ബിരിയാണി സാമ്പിളുകളിൽ മാട്ടിറച്ചി ഉണ്ടായിരുന്നുവെന്ന് ഹരിയാന വെറ്ററിനറി ലാബ് റിപ്പോർട്ട് നൽകിയതോടെ നിയമനടപടി തുടങ്ങി. ബിരിയാണി വഴിയരികിൽ വിറ്റതിനോ വൃത്തിഹീനമായ സാഹചര്യത്തിൽ പ്രദർശിപ്പിച്ചു എന്നതിനോ സ്റ്റാളുകൾ തല്ലിത്തകർത്ത് ഭക്ഷ്യവസ്തു നശിപ്പിച്ചതിനോ അല്ല നിയമനടപടി, മറിച്ച് അതിൽ ബീഫുണ്ടായിരുന്നു എന്നതിനാണ്!

ഈ സംഭവം നടക്കുന്നതിന് ഒരു വർഷം മുമ്പാണ് (2015 ഒക്ടോബർ) ഉത്തർ

**ബഹുസ്വരതയിലൂന്നിയ ഭാരതീയ സംസ്കാരത്തിന്റെ പേരിൽ ആണയിടുന്നവർക്ക് എങ്ങനെ ഏതെങ്കിലുമൊരു മത, ജാതി വിഭാഗത്തിന് എതിരാകാനാകും? മുസ്‌ലിം സമുദായത്തിൽ പെട്ടവരിൽ ബഹുഭൂരിഭാഗവും ഹിന്ദു സമുദായത്തിൽ ദളിതരും പിന്നാക്കക്കാരും അടക്കം ദരിദ്ര വിഭാഗക്കാരുമെല്ലാം ബീഫ് മുഖ്യ സസ്യേതര ഭക്ഷണമായി കരുതുന്നവരാണ്. ഇവരോടെല്ലാം പാകിസ്ഥാനിലേക്ക് പോകാൻ വി.എച്ച്.പി നേതാവ് പ്രവീൺ തൊഗാഡിയയും സാക്ഷി മഹാരാജും സാധ്വി നിരഞ്ജൻ ജ്യോതിയും മറ്റും ആവശ്യപ്പെടുമ്പോൾ, ഗോവയിലെ ജനതയോട് ഇറ്റലിയിലേക്ക് പോകാൻ ആവശ്യപ്പെടാത്തതെന്ത് എന്ന ചോദ്യവും പ്രസക്തമായിക്കാണണം.**

പ്രദേശിലെ ദാദ്രിയിൽ ബീഫ് വീട്ടിൽ സൂക്ഷിച്ചെന്ന പേരിൽ മുഹമ്മദ് അഖ്‌ലാഖ് എന്ന മധ്യവയസ്കനെ അർധരാത്രിയിൽ വിളിച്ചുണർത്തി ഇരുനൂറോളം വരുന്ന അക്രമി സംഘം നിർദയം അടിച്ചുകൊന്നത്. ബീഫ് വീട്ടിൽ സൂക്ഷിച്ചെന്ന പ്രചാരണങ്ങൾക്ക് നേതൃത്വം നൽകിയത് യു.പിയിലെ ഒരു ബി.ജെ.പി. എംപിയും ഏതാനും എം. എൽ. എമാരും ചേർന്നായിരുന്നു. തുടർന്നു നടന്ന അന്വേഷണത്തിൽ ആദ്യം പുറത്തുവന്ന റിപ്പോർട്ടനുസരിച്ച് ഫ്രിഡ്ജിൽ നിന്നും കണ്ടെടുത്തത് ആട്ടിറച്ചിയാണെന്നായിരുന്നു. ഇതോടെ കൊലപാതകത്തിന് കുറ്റാരോപിതർ കുടുങ്ങുമെന്ന് വ്യക്തമായപ്പോൾ പുതിയൊരു റിപ്പോർട്ട് പുറത്തുവന്നു. ഇതിൽ പറഞ്ഞത് അഖ്‌ലാഖിന്റെ വീട്ടിൽ സൂക്ഷിച്ചിരുന്നത് പശു ഇറച്ചിതന്നെയാണെന്നുമായിരുന്നു!

ദളിതർക്കെതിരായ സംഘപരിപാറിന്റെ അതിക്രമങ്ങൾ അസഹനീയമായതിനെ തുടർന്ന് പശുവിന്റെ ജഡം നീക്കില്ലെന്ന ദൃഢപ്രതിജ്ഞ നടപ്പാക്കിയതിന്റെ പേരിൽ ഒരു ഗർഭിണി അടക്കമുള്ള കുടുംബത്തെ മേൽജാതിക്കാർ ക്രൂരമായി മർദിച്ചതും പശുവിന്റെ തോലുരിച്ചതിന്റെ പേരിൽ ദളിത് യുവാക്കളെ നഗ്നരാക്കി മർദിച്ചതും മറക്കാനായിട്ടില്ല.

ഇന്ത്യൻ ഭരണഘടനയിലെ നിർദേശക തത്ത്വങ്ങൾ അടങ്ങിയ നയത്തിന്റെ ദുർവ്യാഖ്യാനത്തിലൂടെയാണ് ഇത്തരം ദുഷ്കൃത്യങ്ങൾക്ക് ഇവർ 'ന്യായങ്ങൾ' നിരത്തുന്നത്! കന്നുകാലിവർഗത്തിന്റെ മൊത്തം ആരോഗ്യം സംരക്ഷിക്കാൻ നിദേശിച്ചിരിക്കെ കന്നുകാലികളുടെ കൂട്ടത്തിൽ നിന്ന് പശുവിനെ മാത്രം സംരക്ഷിക്കാൻ സംഘപരിവാർ ശക്തികൾ സന്നദ്ധരാകുന്നത് ബീഫിന്റെ പേരിൽ രാഷ്ട്രീയ അജണ്ട നടപ്പാക്കുക എന്നതുമാത്രമാണന്ന് വ്യക്തമാകുന്നു. അതേ അവസരത്തിൽ ബിജെപി നേരിട്ടുതന്നെ ഭരണം നടത്തുന്ന ഗോവ സംസ്ഥാനത്ത് 'ഗോവധം നിരോധിക്കുക' എന്ന മുദ്രാവാക്യം ഒരിക്കലെങ്കിലും മുഴക്കാൻ സംഘപരിവാർ സന്നദ്ധമായിട്ടുമില്ല. ഇതാണ് ബീഫിന്റെ രാഷ്ട്രീയം.

രാഷ്ട്രീയത്തിനു പുറമെ, ബീഫ് വിരുദ്ധതയ്ക്കു പിന്നിൽ ജാതിചിന്തയുമുണ്ട്. ഗുജറാത്തിലെ ഊന



രു നിഗമനത്തിലായിരുന്നു. അതായത്, ഈ പ്രദേശത്ത് മുസ്‌ലിം ജനസംഖ്യ അതിവേഗം വർധിച്ചുവരികയാണെന്നും ഏറെത്താമസിയാതെ മുസ്‌ലിംകൾ മാത്രമുള്ളൊരു പ്രദേശമായി മേവറ്റ് മാറുമെന്നുമായിരുന്നു വിചിത്രമായ ഈ കണ്ടെത്തൽ. മാത്രമല്ല, ഇവിടെ അധിവസിച്ചിരുന്ന കർഷകരുടെ ജീവിതോപാധിയായ കാർഷികവൃത്തി നന്നേ ശോഷിച്ചുപോയിരിക്കുകയാണെന്നും തൽസ്ഥാനം ബിരിയാണി വിൽപന ഏറ്റെടുത്തിരിക്കുകയാണെന്നുമായിരുന്നു മറ്റൊരു കണ്ടെത്തൽ. എന്തുവിലകൊടുത്തും ഏതു ഹീനമാർഗമുപയോഗിച്ചും ഈ പരിവർത്തനം തടഞ്ഞേ തീരൂ എന്നാണ് സംഘപരിവാർ ശക്തികൾ വ്യാപകമായി പ്രചരിപ്പിച്ചത്. സ്വാഭാവികമായും ഇത്തരം ദുഷ്പ്രചരണങ്ങൾ ശക്തമായി സ്വാധീനിച്ചതിനെ തുടർന്നാണ് ബീഫിന്റെ പേരിൽ അവിടെ എണ്ണിയാലൊടുങ്ങാത്ത അനിഷ്ട സംഭവങ്ങൾ അരങ്ങേറിയത്.

യിൽ ഏതാനും ദളിത് യുവാക്കളെ പരസ്യമായി വടിയും കമ്പിയും ഉപയോഗിച്ച് മർദിക്കുന്ന രംഗം നാം സോഷ്യൽ മീഡിയകളിലൂടെ കണ്ടതാണ്. മർദനത്തിന് നേരിട്ട് പങ്കെടുത്തതോ, ഉയർന്ന ജാതിക്കാരും.

ബഹുസ്വരതയിലൂന്നിയ ഭാരതീയ സംസ്കാരത്തിന്റെ പേരിൽ ആണയിടുന്നവർക്ക് എങ്ങനെ ഏതെങ്കിലുമൊരു മത, ജാതി വിഭാഗത്തിന് എതിരാകാനാകും? മുസ്‌ലിം സമുദായത്തിൽ പെട്ടവരിൽ ബഹുഭൂരിഭാഗവും ഹിന്ദു സമുദായത്തിൽ ദളിതരും പിന്നാക്കക്കാരും അടക്കം ദരിദ്ര വിഭാഗക്കാരുമെല്ലാം ബീഫ് മുഖ്യ സസ്യേതര ഭക്ഷണമായി കരുതുന്നവരാണ്. ഇവരോടെല്ലാം പാകിസ്ഥാനിലേക്ക് പോകാൻ വി.എച്ച്.പി നേതാവ് പ്രവീൺ തൊഗാഡിയയും സാക്ഷി മഹാരാജും സാധ്വി നിരഞ്ജൻ ജ്യോതിയും മറ്റും ആവശ്യപ്പെടുമ്പോൾ, ഗോവയിലെ ജനതയോട് ഇറ്റലിയിലേക്ക് പോകാൻ ആവശ്യപ്പെടാത്തതെന്ത് എന്ന ചോദ്യവും പ്രസക്തമായിക്കാണണം.

തീവ്രഹിന്ദുത്വവാദികളായ ചെറുപ്പക്കാരെ ഇത്തരം ദുഷ്ചെയ്തികളിൽ നിന്നും പിന്തിരിപ്പിക്കുന്നതിനു പകരം, അവർക്ക് പ്രത്യക്ഷവും പരോക്ഷവുമായ ഒത്താശ ചെയ്തുകൊടുക്കുവാൻ രാഷ്ട്രീയാധികാരത്തെയും പൊലീസ് സേനയെയും ഉപയോഗപ്പെടുത്തുന്നത് നൽകുന്ന സൂചന അത്യാപത്തിന്റെതാണ്. ഹിന്ദു തീവ്രവാദത്തിന്റെ മറവിൽ ക്രിമിനൽ കുറ്റങ്ങൾ ചെയ്തുകൂട്ടുന്ന ഒരു പറ്റം നരാധമന്മാർക്ക് കുറ്റവിമുക്തി നൽകാൻ പര്യാപ്തമായൊരു നിയമവ്യവസ്ഥയും കൂടിയായപ്പോൾ, ആ ദൂഷിതവലയം പൂർത്തിയാവുകയും ചെയ്തിരിക്കുന്നു. ഇതാണ് ആധുനിക ഇന്ത്യൻ ഭരണകൂടത്തിന്റെയും ഭരണവ്യവസ്ഥയുടെയും നേർചിത്രം.


2014 ലോക്സഭാ തെരഞ്ഞെടുപ്പ്പ്രചാരണത്തിലുടനീളം ഭാരതീയ ജനതാ പാർട്ടി ഉയർത്തിക്കാട്ടിയ ദാരിദ്ര്യനിർമാർജനത്തിനും വികസനത്തിനും ആദ്യപരിഗണന നൽകപ്പെടേണ്ടൊരു പ്രദേശമായിരുന്നു ഹരിയാനയിലെ മേവറ്റ്. മോഡി സർക്കാരിൽ നിന്നും പ്രതീക്ഷിച്ചിരുന്നതും ഇതായിരുന്നു. എന്നാൽ, യഥാർഥത്തിൽ നടന്നത് മറ്റൊന്നാണ്. ഹിന്ദുത്വ പ്രത്യയശാസ്ത്ര ചിന്തകന്മാർ അടങ്ങിയൊരു സമിതിയുടെ പഠനം ചെന്നെത്തിയത് തീർത്തും അടിസ്ഥാനരഹിതമായൊ

അധികാരത്തിന്റെ അരമനകളിലേക്ക് കയറിപ്പറ്റുവാനുള്ള ഗോവണി മാത്രമാണ് ഇവർക്ക് 'ഗോമാതാവ്' എന്നതാണ് വാസ്തവം. ചിന്തിക്കാൻ കഴിയാത്ത ആൾക്കൂട്ടത്തിലേക്ക് അത് മതപരിവേഷം നൽകി ഇട്ടുകൊടുക്കുമ്പോൾ അത് വോട്ടുകളായി മാറും. അതാണ് ബീഫിലെ രാഷ്ട്രീയം. ഇത് അരിച്ചരിച്ച് ഇന്ത്യയിലെല്ലായിടത്തുമെത്തുന്നതിനു മുമ്പ് മനുഷ്യത്വമുള്ള, മനുഷ്യത്വം നിലനിൽക്കണമെന്ന് ആഗ്രഹമുള്ള എല്ലാവരും ജാതി, മത, വർഗ, കക്ഷിരാഷ്ട്രീയ വ്യത്യാസം മറന്ന് അണിചേർന്ന് സുശക്ഷതമായ പ്രതിരോധമൊരുക്കേണ്ടിയിരിക്കുന്നു. ദുർബലവും ആത്മാർഥതയില്ലാത്തതുമായ പ്രതിഷേധ 'പ്രകടന'ങ്ങളല്ല മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങളിൽ ഊന്നിനിന്നുകൊണ്ടുള്ള രാഷ്ട്രീയ ഇടപെടലുകളാണ് ആവശ്യം.

വാൽമുറി: ലോകത്തെവിടെ ഇസ്‌ലാമിന്റെ പേരിൽ അക്രമങ്ങൾ നടന്നാലും ലോക മുസ്‌ലിം പണ്ഡിതന്മാരും കേരളത്തിലെ മിക്ക മുസ്‌ലിം സംഘടനകളും അതിനെ എതിർത്ത് സംസാരിക്കാറുണ്ട്. എന്നാൽ കേരളത്തിൽ അനേകം ഹിന്ദു സംഘടനകളുണ്ടായിരിക്കെ ബീഫിന്റെ അല്ലെങ്കിൽ പശുവിന്റെ പേരിൽ രാജ്യത്ത് നടക്കുന്ന നരനായാട്ടുകൾക്കെതിരെ ഒരക്ഷരം പോലും ഉരിയാടാത്തതെന്തുകൊണ്ടാണ്?

അബ്ദുൽ അളീം ബദവി അൽഖലഫി
mail@nerpatham.com

ലേഖനം




# സത്യം ചെയ്യലിലെ ഇസ്‌ലാമിക വിധി

**നിർവചനം**

അല്ലാഹുവിന്റെ നാമങ്ങളോ വിശേഷണങ്ങളോ മുൻനിർത്തി എന്തെങ്കിലുമൊരു വിഷയം ഉറപ്പിച്ചു പറയുന്നതിനാണ് സത്യം ചെയ്യുക എന്നു പറയുന്നത്.

**എപ്പോഴാണ് സത്യം ചെയ്തവനായി മാറുക?**

അല്ലാഹുവെ കൊണ്ടോ അവന്റെ നാമങ്ങളോ വിശേഷണങ്ങളോ കൊണ്ടോ ശപഥം ചെയ്യുമ്പോൾ മാത്രമെ സത്യം ചെയ്തതായി ഗണിക്കപ്പെടുകയുള്ളൂ.

അബ്ദുല്ലാഹിബ്നു ഉമർ ﷺ നിവേദനം. “ഒരു യാത്രാവേളയിൽ ‘എന്റെ പിതാവു തന്നെ സത്യം’ എന്നു പറഞ്ഞു കൊണ്ട് ഉമർ ﷺ സത്യം ചെയ്യുന്നത് നബി ﷺ കേൾക്കുകയുണ്ടായി. അവിടുന്ന് പറഞ്ഞു: ‘നിങ്ങൾ പിതാക്കളെ വിളിച്ച് സത്യം ചെയ്യുന്നത് അല്ലാഹു നിരോധിച്ചിരിക്കുന്നു. ആരെങ്കിലും സത്യം ചെയ്യുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അല്ലാഹുവിനെ കൊണ്ട് മാത്രം സത്യം ചെയ്യട്ടെ. അതല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ” (ബുഖാരി, മുസ്‌ലിം, അബൂദാവൂദ്).

അനസ് ﷺ നിവേദനം. നബി ﷺ പറഞ്ഞു: “നരകം, അതിൽ മഹോന്നതനായ അല്ലാഹു തന്റെ വിശുദ്ധ പാദങ്ങൾ വെക്കുന്നതുവരെ ‘ഇനിയും ആളുകളുണ്ടോ?’ എന്നിങ്ങനെ വിളിച്ചു ചോദിച്ചു കൊണ്ടേയിരിക്കും. അവൻ കാലുകൾ വെക്കുന്നതോടെ ‘നിന്റെ പ്രതാപം തന്നെയാണ് സത്യം, എനിക്കു മതിയായി’ എന്ന് അത് പറയുകയും പരസ്പരം കത്തിയമരുകയും ചെയ്യും”(ബുഖാരി, മുസ്‌ലിം, തിർമുദി).

**അല്ലാഹുവിനെക്കൊണ്ടല്ലാതെ സത്യം ചെയ്യുന്നത് ശിർക്കാകുന്നു**

ഒരാൾ കഅ്ബയെ പിടിച്ച് സത്യം ചെയ്യുന്നത് അബ്ദുല്ലാഹിബ്നു ഉമർ ﷺ കേൾക്കാനിടയായി. അപ്പോൾ അദ്ദേഹം പറഞ്ഞു: "അല്ലാഹു അല്ലാത്തവരെ പിടിച്ച് സത്യം ചെയ്യാവുന്നതല്ല. കാരണം, നബി ﷺ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: ആരെങ്കിലും അല്ലാഹുവിനെയല്ലാതെ വിളിച്ച് സത്യം ചെയ്താൽ അയാൾ കുഫ്റോ ശിർക്കോ ചെയ്തവനായി മാറി" (തിർമുദി).

അബൂഹുറയ്റ ﷺ നിവേദനം. നബി ﷺ പറഞ്ഞു: നിങ്ങളിലാരെങ്കിലും സത്യം ചെയ്യുകയും 'ലാത്തയാണ് സത്യം', 'ഉസ്സയാണ് സത്യം' എന്നിങ്ങനെ പറയുകയും ചെയ്താൽ അയാൾ 'ലാ ഇലാഹ ഇല്ലല്ലാഹു'(അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല) എന്നു പറയട്ടെ. ആരെങ്കിലും തന്റെ കൂട്ടുകാരനോട് 'നീ വരൂ, നമുക്ക് ചൂതു കളിക്കാം' എന്നു പറഞ്ഞാൽ അയാൾ (വല്ലതും) സ്വദക്വ ചെയ്യട്ടെ" (ബുഖാരി, മുസ്‌ലിം, നസാഈ, തിർമുദി).

ചിലയാളുകൾ അല്ലാഹുവിനെകൊണ്ടല്ലാതെ സത്യം ചെയ്യാതിരിക്കാൻ ന്യായമായി പറയാറുള്ളത് അവർ പറയുന്നത് കളവാണെന്ന് ഭയപ്പെടുന്നുവെന്നതിനാലാണ്.

"അല്ലാഹുവെ -അവന്റെ പേരിൽ നിങ്ങൾ ശപഥം ചെയ്തു പോയി എന്ന കാരണത്താൽ- നൻമ ചെയ്യുന്നതിനോ ധർമം പാലിക്കുന്നതിനോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതിനോ നിങ്ങൾ ഒരു തടസ്സമാക്കി വെക്കരുത്' (2:224) എന്ന ആയത്തും അവർ പറയാറുള്ളതാണ്.

അബ്ദുല്ല ﷺ പറയുന്നു: "അല്ലാഹുവിനെ പിടിച്ച് കള്ളസത്യം ചെയ്യലാണ് അവനല്ലാത്തവരെ പിടിച്ച് സത്യം ചെയ്യുന്നതിനെക്കാൾ എനിക്കിഷ്ടം" (ത്വബ്റാനി).

ആയത്തിന്റെ വിവക്ഷയാകട്ടെ, ഇമാം ഇബ്നുകഥീർ ഇബ്നുഅബ്ബാസി ﷺ ൽ നിന്ന് റിപ്പോർട്ടു ചെയ്തതുപോലെ, അല്ലാഹുവിനെ പിടിച്ചുള്ള നിങ്ങളുടെ സത്യം പുണ്യം ചെയ്യുന്നതിനുള്ള ഒരു തടസ്സമായി നിങ്ങൾ കാണരുത് (അൽബക്വറ 224) എന്നതാണ്. (266/1).

**അനിസ്‌ലാമിക ആദർശം സ്വീകരിക്കാമെന്ന് ആരെങ്കിലും സത്യം ചെയ്താൽ**

ഥാബിഥ്ബ്നു ദ്വഹ്ഹാക്ക് ﷺ നിവേദനം. നബി ﷺ പറഞ്ഞു: അനിസ്‌ലാമിക ആദർശം സ്വീകരിക്കാമെന്ന് ആരെങ്കിലും കരുതിക്കൂട്ടി കള്ളസത്യം ചെയ്താൽ അവൻ പറഞ്ഞതു പോലെത്തന്നെയാണ് അവന്റെ കാര്യം"(ബുഖാരി, മുസ്‌ലിം, അബൂദാവൂദ്).

അബൂ മൂസൽ അശ്അരി ﷺ നിവേദനം. നബി ﷺ പറഞ്ഞു: "ഞാൻ ഇസ്‌ലാം മതത്തിൽ നിന്ന് ഒഴിവാകുന്നുവെന്ന് ആരെങ്കിലും കള്ളം പറഞ്ഞാൽ അവന്റെ കാര്യം അവൻ പറഞ്ഞതു പോലെത്തന്നെയാണ്, അവൻ സത്യമാണ് പറഞ്ഞതെങ്കിൽ അവന് ഇസ്‌ലാമിലേക്ക് സുരക്ഷിതമായി തിരിച്ചുവരില്ല, തിരിച്ചുവരില്ല" (അബൂദാവൂദ്, ഇബ്നുമാജ).

**അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്താൽ അതു സ്വീകരിക്കേണ്ടതാണ്**

അബ്ദുല്ലാഹിബ്നു ഉമർ ﷺ നിവേദനം: "ഒരാൾ 'എന്റെ പിതാവു തന്നെയാണ് സത്യം' എന്നു പറഞ്ഞുകൊണ്ട് ശപഥം ചെയ്യുന്നത് നബി ﷺ കേട്ടു. അവിടുന്ന് പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരെ പിടിച്ച് ശപഥം ചെയ്യരുത്. ശപഥം ചെയ്യുന്നവർ സത്യം പറയുകയും അല്ലാഹുവിനെ പിടിച്ച് സത്യം ചെയ്താൽ അതു സ്വീകരിക്കുകയും ചെയ്യട്ടെ, അല്ലാഹുവിനെകൊണ്ടുള്ള ശപഥം തൃപ്തിപ്പെടാത്തവൻ അല്ലാഹുവിൽ നിന്നുള്ളവനല്ല" (ഇബ്നുമാജ).

അബൂഹുറയ്റ ﷺ നിവേദനം. നബി ﷺ പറഞ്ഞു: "ഒരാൾ കോഴിമുട്ട മോഷ്ടിക്കുന്നത് ഈസാ നബി ؑ കാണുകയുണ്ടായി. അപ്പോൾ അവിടുന്ന് ചോദിച്ചു: 'നീ മോഷ്ടിക്കുകയാണോ?' അവൻ പറഞ്ഞു: 'ആരാധനക്കർഹനായി മറ്റാരുമില്ലാത്ത അല്ലാഹു തന്നെ സത്യം, ഞാൻ മോഷ്ടിച്ചിട്ടില്ല.' അപ്പോൾ ഈസാ ؑ പറഞ്ഞു: 'എന്നാൽ ഞാൻ അല്ലാഹുവിൽ വിശ്വസിക്കുകയും എന്റെ കണ്ണുകളെ കളവാക്കുകയും ചെയ്തിരിക്കുന്നു" (ബുഖാരി, മുസ്‌ലിം, ഇബ്നുമാജ).

**സത്യത്തിന്റെ ഇനങ്ങൾ**

1. ഉദ്ദേശ്യത്തോടെയുള്ളതല്ലാത്ത സത്യവാചകങ്ങൾ. 2. കള്ളസത്യം. 3. ശരിയായ സത്യം

1. ഉദ്ദേശ്യത്തോടെയുള്ളതല്ലാത്ത സത്യ വാചകങ്ങളുടെ വിധി

ശപഥം ചെയ്യുകയാണെന്ന ഉദ്ദേശ്യത്തോടെയല്ലാത്ത സത്യവാചകങ്ങൾ ഉപയോഗിക്കുന്നതിനാണ് 'നിർഥകമായ സത്യം' എന്നു പറയുന്നത്.

'വല്ലാഹി, നീ ഈ ഭക്ഷണം തിന്നേ പറ്റൂ, ഇതു കുടിച്ചേ പറ്റൂ' തുടങ്ങിയ വാചകങ്ങൾ അതിന് ഉദാരണമാണ്.

ഇത്തരം സത്യങ്ങൾ മുഖേന അതു പറഞ്ഞയാൾ അതു പൂർത്തിയാക്കേണ്ടതോ പൂർത്തിയാക്കാതിരുന്നാൽ പരിഹാരമായി എന്തെങ്കിലും നൽകുകയോ വേണ്ടതില്ല. അല്ലാഹു പറയുന്നു:

"(ബോധപൂർവമല്ലാതെ) വെറുതെ പറഞ്ഞു പോകുന്ന ശപഥങ്ങൾ മുഖേന അല്ലാഹു നിങ്ങളെ പിടികൂടുന്നതല്ല. എന്നാൽ ഉറപ്പിച്ചു ചെയ്ത ശപഥ വാക്കുകൾ മുഖേന അല്ലാഹു പിടികൂടുന്നതാണ്" (5:89).

ആഇശ ﷺ നിവേദനം. നബി ﷺ പറഞ്ഞു: "അതുകൊണ്ട് ഉദ്ദേശിക്കുന്നത് വീട്ടിൽവെച്ച് 'അല്ലാഹു തന്നെ സത്യം, അങ്ങനെയല്ല', 'അല്ലാഹുവാണ് സത്യം' എന്നൊക്കെ ആളുകൾ സാധാരണയായി പറയുന്നതിനെ കുറിച്ചാണ്" (ബുഖാരി, അബൂദാവൂദ്).

**2. കള്ളസത്യം**

അന്യായമായി മറ്റുള്ളവരുടെ അവകാശങ്ങൾ തട്ടിയെടുക്കുവാനോ വഞ്ചിക്കുവാനോ ചെയ്യുന്ന ശപഥങ്ങൾക്ക് 'അൽയമീനുൽ ഗമൂസ്' എന്ന് പറയുന്നു.

അത്തരത്തിലുള്ള സത്യം അതു ചെയ്യുന്നവനെ നരകത്തിൽ മുക്കിക്കളയുമെന്നതിനാലാണ് അതിന് ഗമൂസ് (മുക്കുക) എന്ന് പറയുന്നത്.

അത് വൻപാപങ്ങളിൽ പെട്ടതാണ്. അതിന് പരിഹാരമായി ഒന്നും ചെയ്യുവാനുമില്ല. അല്ലാഹു പറയുന്നു:"എന്നാൽ നിങ്ങൾ ഉറപ്പിച്ചു ചെയ്ത ശപഥ വാക്കുകൾ മുഖേന അല്ലാഹു നിങ്ങളെ പിടികൂടുന്നതാണ്" (അൽമാഇദ 89).

യഥാർഥത്തിൽ ആ രൂപത്തിൽ പറയുന്ന കളവുകൾക്ക് സത്യവാചകങ്ങൾ എന്നു പറയുവാൻ പറ്റുകയോ അതു ശപഥമാവുകയോ ചെയ്യുകയില്ല, കാരണം അവയിലൊന്നും യാതൊരു നൻമയുമില്ല എന്നതു തന്നെ.

"നിങ്ങൾ നിങ്ങളുടെ ശപഥങ്ങളെ അന്യോന്യം ചതിപ്രയോഗത്തിനുള്ള മാർഗങ്ങളാക്കി മാറ്റിക്കളയരുത്. (ഇസ്‌ലാമിൽ) നിൽപുറപ്പിച്ചതിനു ശേഷം പാദമിടറിപ്പോകുവാനും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് നിങ്ങൾ ആളുകളെ തടഞ്ഞതിനുള്ള കെടുതി അനുഭവിക്കുവാനും അതു കാരണമായിത്തീരും. നിങ്ങൾക്ക് ഭയങ്കരമായ ശിക്ഷയുണ്ടാകുകയും ചെയ്യും" (അന്നഹ്ൽ 94).

ത്വബ്‌രി പറയുന്നു: "നിങ്ങൾ കരാറുകൾ നിറവേറ്റുന്നതിനു വേണ്ടി ചെയ്യുന്ന ശപഥ വാക്കുകളെ പരസ്പരം ചതി പ്രയോഗത്തിനുള്ളതാക്കി മാറ്റരുത്. ആളുകൾ നിങ്ങളെ വിശ്വാസത്തിലെടുക്കുവാൻ വേണ്ടി നിങ്ങൾ അത്തരത്തിൽ ശപഥം ചെയ്യുന്നത് മഹാപാപമാകുന്നു" (ത്വബ്‌രി 166/14).

അബ്ദുല്ലാഹിബ്നു അംറ്(റ) നിവേദനം. നബി ﷺ പറഞ്ഞു: "അല്ലാഹുവിൽ പങ്കുചേർക്കൽ, മാതാപിതാക്കളെ ഉപദ്രവിക്കൽ, (ന്യായമായ കാരണം കൂടാതെയുള്ള) മനുഷ്യവധം, കള്ളസത്യം എന്നിവ വൻപാപങ്ങളാകുന്നു" (ബുഖരി, നസാഈ).

അബൂഹുറയ്‌റ ؓ നിവേദനം. നബി ﷺ പറഞ്ഞു: "അഞ്ചു പാപങ്ങൾക്ക് പരിഹാരമില്ല; അല്ലാഹുവിൽ പങ്കുചേർക്കൽ, ന്യായമായ കാരണം കൂടാതെയുള്ള മനുഷ്യവധം, വിശ്വാസിയുടെ ധനം കൊള്ളയടിക്കൽ, യുദ്ധ മുന്നണിയിൽ നിന്ന് പിന്തിരിഞ്ഞോടൽ, അന്യരുടെ സ്വത്ത് അന്യായമായി തട്ടിയെടുക്കാൻ ചെയ്യുന്ന കള്ളസത്യങ്ങൾ" (അഹ്മദ്, അൽജാമിഉസ്സഗീർ).

**3. ശരിയായ ശപഥങ്ങളും നിയമങ്ങളും**

ഏതെങ്കിലും ഒരു കാര്യം ചെയ്യാമെന്നോ ഉപേക്ഷിക്കാമെന്നോ പറയുന്നതിന്റെ വിശ്വാസ്യത ഉറപ്പു വരുത്തുവാനായി ഒരാൾ ചെയ്യുന്ന ശപഥവാക്കുകൾ പൂർത്തീകരിക്കൽ നിർബന്ധമാണ്. അതിന് കഴിയാതെ പോയാൽ പ്രായശ്ചിത്തം ചെയ്യേണ്ടതാണ്.

"എന്നാൽ നിങ്ങൾ ഉറപ്പിച്ചു ചെയ്ത ശപഥ വാക്കുകൾ മുഖേന അല്ലാഹു നിങ്ങളെ പിടികൂടുന്നതാണ്" (അൽമാഇദ 89). ഇതുപോലുള്ള സൂക്തങ്ങളിൽ നിന്നും അതു വ്യക്തമാകുന്നുണ്ട്.

ഉദ്ദേശ്യത്തിനനുസരിച്ചാണ് സത്യം ശപഥമാകുന്നതും അല്ലാതിരിക്കുന്നതുമെന്നും പറയുവാൻ കാരണം താഴെ പറയുന്ന ഹദീഥാണ്:




ഉമർ ؓ നിവേദനം. നബി ﷺ പറഞ്ഞു: "ഉദ്ദേശ്യത്തിനനുസരിച്ചാകുന്നു കർമങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നത്..." (ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, തിർമിദി).

സുവൈദ് ബ്നു ഹൻളല ؓ നിവേദനം: "ഞങ്ങൾ നബി ﷺ യെ കാണുവാനായി പുറപ്പെട്ടു. ഞങ്ങളുടെ കൂട്ടത്തിൽ വാഇലു ബ്നു ഹുജ്റും ؓ ഉണ്ടായിരുന്നു. വഴിയിൽ വെച്ച് അദ്ദേഹത്തിന്റെ ശത്രുക്കളിലൊരാൾ അദ്ദേഹത്തെ പിടിച്ചുവെച്ചു. ഞങ്ങളുടെ കൂട്ടത്തിലെല്ലാവർക്കും (വാഇൽ അവരുടെ സഹോദരനാണെന്ന്) സത്യം ചെയ്തു പറയുവാൻ പ്രയാസമായി. അവസാനം ഞാൻ അദ്ദേഹം എന്റെ സഹോദരനാണെന്നു സത്യം ചെയ്തു പറയുകയും അവർ വാഇലിനെ വിടുകയും ചെയ്തു. ഞങ്ങൾ നബി ﷺ യുടെ അടുത്തെത്തിയപ്പോൾ ജനങ്ങൾക്ക് വാഇൽ തങ്ങളുടെ സഹോദരനാണെന്ന് സത്യം ചെയ്യാൻ പ്രയാസമുണ്ടായ സന്ദർഭത്തിൽ അദ്ദേഹം തന്റെ സഹോദരനാണെന്ന് ഞാൻ സത്യം ചെയ്തുവെന്ന് നബി ﷺ യെ അറിയിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'നീ പറഞ്ഞത് ശരി തന്നെ. ഓരോ വിശ്വാസിയും മറ്റൊരു വിശ്വാസിയുടെ സഹോദരനാണ്" (ഇബ്നുമാജ, അബൂദാവൂദ്).

സത്യം ചെയ്യുന്നയാളുടെ മനഃസ്ഥിതിക്കനുസരിച്ചാണ് ശപഥമാവുന്നതും അല്ലാതിരിക്കുന്നതുമെന്ന് പറഞ്ഞത് സ്വയം സത്യം ചെയ്യുമ്പോഴാണ്. എന്നാൽ ആരുടെയെങ്കിലും ആവശ്യപ്രകാരം സത്യം ചെയ്താൽ അത് ശപഥം തന്നെയായിരിക്കും.

അബൂഹുറയ്‌റ ؓ നിവേദനം. നബി ﷺ പറഞ്ഞു: "വാക്കുകൾ ശപഥമായി മാറുന്നത് സത്യം ചെയ്യാൻ ആവശ്യപ്പെടുന്നയാളിന്റെ ഉദ്ദേശമനുസരിച്ചാണ്" (ഇബ്നുമാജ, മുസ്‌ലിം).

അബൂഹുറയ്‌റ ؓ നിവേദനം. നബി ﷺ പറഞ്ഞു: "നിന്റെ ശപഥം നീ സത്യം ചെയ്യണമെന്ന് ആവശ്യപ്പെടുന്നയാളുടെ ഉദ്ദേശ്യത്തിനനുസരിച്ചാണ്" (മുസ്‌ലിം, ഇബ്നുമാജ, അബൂദാവൂദ്).

**ശപഥം മറന്നുകൊണ്ട് ലംഘിച്ചാൽ പ്രായശ്ചിത്തം നൽകേണ്ടതില്ല**

എന്തെങ്കിലും കാര്യം ചെയ്യുകയില്ലെന്നോ പറയുകയില്ലെന്നോ സത്യം ചെയ്യുകയും പിന്നീട് മറവി കാരണം അതു ലംഘിക്കപ്പെടുകയും ചെയ്താൽ പ്രായശ്ചിത്തം നൽകേണ്ടതില്ല.

"രക്ഷിതാവേ, ഞങ്ങൾ മറന്നോ അബദ്ധവശാലോ ചെയ്തു പോകുന്നതിനെ നീ പിടികൂടരുതേ..." (അൽബക്വറ: 286).

വിശ്വാസികളുടെ ഈ പ്രാർഥന അല്ലാഹു സമ്മതിച്ചുവെന്ന് ഹദീഥുകളിൽ കാണാവുന്നതാണ്.

സത്യം ചെയ്യുകയും അതിലേറെ ഉത്തമമായത് കാണുകയും ചെയ്താൽ

ഇബ്നു ഉമർ ﵁ നിവേദനം. നബി ﷺ പറഞ്ഞു: "ആരെങ്കിലും ശപഥം ചെയ്യുകയും പിന്നീട് ഉത്തമമായത് അതു ലംഘിക്കുന്നതാണെന്ന് കാണുകയും ചെയ്താൽ ശപഥത്തിൽ നിന്നു പിന്മാറുകയും ഉത്തമമായത് ചെയ്യുകയും ചെയ്യട്ടെ" (ഇബ്നുമാജ, അബൂദാവൂദ്, നസാഈ).

"അല്ലാഹുവിനെ പിടിച്ചുള്ള നിങ്ങളുടെ സത്യം പുണ്യം ചെയ്യുന്നതിനും ജനങ്ങൾ ക്കിടയിൽ നന്മയുണ്ടാക്കുന്നതിനും ഒരു തടസ്സമായി നിങ്ങൾ കാണരുത്. അല്ലാഹു എല്ലാ കാര്യങ്ങളും അറിയുന്നവനും കേൾക്കുന്നവനുമാകുന്നു" (അൽബക്വറ: 224).

മുകളിൽ പറഞ്ഞതു പോലെ ഇബ്നു അബ്ബാസിൽ ﵁ നിന്നും ഈ ആയത്തിന്റെ വിശദീകരണമായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നത് 'അല്ലാഹുവിനെ പിടിച്ചുള്ള നിങ്ങളുടെ സത്യം പുണ്യം ചെയ്യുന്നതിനുള്ള ഒരു തടസ്സമായി നിങ്ങൾ കാണരുത്' എന്നതാണ്. ശപഥത്തിന് പ്രായശ്ചിത്തം നൽകുകയും നന്മ ചെയ്യുകയുമാണ് വേണ്ടത്.

അബൂഹുറയ്റ ﵁ നിവേദനം. നബി ﷺ പറഞ്ഞു: "പ്രായശ്ചിത്തം നൽകി സത്യത്തിൽ നിന്നു പിന്മാറുന്നതിലേറെ അല്ലാഹുവിന്റെയടുക്കൽ തെറ്റായത് കുടുംബവുമായി ബന്ധപ്പെട്ട വിഷയത്തിൽ താൻ ചെയ്ത ശപഥത്തിന്മേൽ ഉറച്ചുനിൽക്കുക വഴി അവർക്ക് പ്രയാസമുണ്ടാക്കുന്നതാണ്" (ബുഖാരി, മുസ്‌ലിം).

**പ്രായശ്ചിത്തം**

ശപഥം ചെയ്യുകയും അതിൽ നിന്നു പിന്മാറുകയും ചെയ്യുമ്പോൾ താഴെ പറയുന്നവയിൽ ഏതെങ്കിലുമൊരു കാര്യം പ്രായശ്ചിത്തമായി നിർവഹിക്കേണ്ടതാണ്.

1. തന്റെ വീട്ടുകാർ സാധാരണയായി ഭക്ഷിക്കുന്നതു പോലെയുള്ള ഭക്ഷണ സാധനങ്ങൾ പത്തു ദരിദ്രർക്കു വിതരണം ചെയ്യൽ.
2. പത്തു പേർക്കുള്ള വസ്ത്രങ്ങൾ നൽകൽ.
3. ഒരു അടിമയെ മോചിപ്പിക്കുക.

ഇവ മൂന്നിൽ ഒന്നും സാധിക്കാതെ വന്നാൽ മൂന്നു നോമ്പ് അനുഷ്ഠിക്കുകയാണ് വേണ്ടത്. മുകളിൽ പറഞ്ഞവയിലേതെങ്കിലുമൊന്നിനു കഴിയുമെങ്കിൽ നോമ്പുപിടിച്ചാൽ മതിയാവുകയില്ല. അല്ലാഹു പറയുന്നു:

"ബോധപൂർവമല്ലാത്ത നിങ്ങളുടെ ശപഥങ്ങളുടെ പേരിൽ അല്ലാഹു നിങ്ങളെ പിടികൂടുകയില്ല. എന്നാൽ നിങ്ങൾ ഉറപ്പിച്ചു ചെയ്ത ശപഥങ്ങളുടെ പേരിൽ അവൻ നിങ്ങളെ പിടികൂടുന്നതാണ്. അപ്പോൾ അതിന്റെ (അത് ലംഘിക്കുന്നതിന്റെ) പ്രായശ്ചിത്തം നിങ്ങൾ നിങ്ങളുടെ വീട്ടുകാർക്ക് നൽകാറുള്ള മധ്യനിലയിലുള്ള ഭക്ഷണത്തിൽ നിന്ന് പത്തു സാധുക്കൾക്ക് ഭക്ഷിക്കാൻ കൊടുക്കുകയോ, അല്ലെങ്കിൽ അവർക്ക് വസ്ത്രം നൽകുകയോ, അല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കുകയോ ആകുന്നു. ഇനി വല്ലവന്നും (അതൊന്നും) കിട്ടിയില്ലെങ്കിൽ മൂന്നു ദിവസം നോമ്പെടുക്കുകയാണ് വേണ്ടത്. നിങ്ങൾ സത്യം ചെയ്തു പറഞ്ഞാൽ, നിങ്ങളുടെ ശപഥ ങ്ങൾ ലംഘിക്കുന്നതിനുള്ള പ്രായശ്ചിത്തമാകുന്നു അത്. നിങ്ങളുടെ ശപഥങ്ങളെ നിങ്ങൾ സൂക്ഷിച്ച് കൊള്ളുക. അപ്രകാരം അല്ലാഹു അവന്റെ വചനങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു; നിങ്ങൾ നന്ദിയുള്ളവരായിരിക്കാൻ വേണ്ടി" (അൽമാഇദ 89).

**നിഷിദ്ധമായ വിഷയങ്ങളിൽ സത്യം ചെയ്യൽ**

'ഭക്ഷണം കഴിക്കില്ല', 'അയാളുടെ വീട്ടിൽ ഇനി പ്രവേശിക്കില്ല', 'അതെല്ലാം എനിക്ക് ഹറാമാകുന്നു' എന്നൊക്കെ ആരെങ്കിലും അല്ലാഹുവിന്റെ പേരിൽ ശപഥം ചെയ്താൽ അതൊന്നും അയാൾ നിറവേറ്റേണ്ടതില്ല, മറിച്ച് പ്രായശ്ചിത്തം ചെയ്യുകയാണ് വേണ്ടത്.

"പ്രവാചകരേ, ഭാര്യമാരുടെ പ്രീതിക്കു വേണ്ടി നിങ്ങൾക്ക് അല്ലാഹു അനുവദിച്ച കാര്യങ്ങളെന്തിന് നിങ്ങൾ നിഷിദ്ധമാക്കുന്നു. അല്ലാഹു അങ്ങേയറ്റം പൊറുക്കുന്നവനും കാരുണ്യവാനുമാകുന്നു. നിങ്ങളുടെ ശപഥങ്ങൾക്കുള്ള പരിഹാരം അല്ലാഹു നിയമമാക്കുകയും ചെയ്തിരിക്കുന്നു" (തഹ്‌രീം 1-2).

ആഇശ ﵂ നിവേദനം: സൈനബിന്റെയടുക്കൽ വന്ന് നബി ﷺ തേൻ കുടിക്കുകയും അവരുടെയടുത്ത് തങ്ങുകയും ചെയ്യുമായിരുന്നു. അതിനെതിരെ ഞാനും ഹഫ്സയും ഇപ്രകാരമൊരു തീരുമാനമെടുത്തു: നബി ﷺ ഞങ്ങളുടെയാരുടെയടുത്തു കടന്നുവന്നാലും, 'നിങ്ങൾ മഗാഫിർ (സുഖകരമല്ലാത്ത വാസനയുള്ള ഒരു തരം പാനീയം) കുടിച്ചിട്ടുണ്ടോ? താങ്കളെ 'മഗാഫിർ' വാസനിക്കുന്നുവല്ലോ' എന്ന് ഞങ്ങൾ നബി ﷺ യോട് ചോദിക്കുക.

അങ്ങനെ ഞങ്ങൾ ചോദിക്കുകയും 'മഗാഫിർ' കുടിച്ചിട്ടില്ലെന്നും എന്നാൽ സൈനബിന്റെയടുക്കൽ ചെന്ന് തേൻ കുടിച്ചിരുന്നുവെന്നും നബി ﷺ മറുപടി പറഞ്ഞു. ഇനി ആ തേൻ കുടിക്കില്ലെന്ന് ശപഥം ചെയ്യുകയും ഈ വിവരം ആരെയും അറിയിക്കരുതെന്നും കൂടി അവരോട് പറയുകയും ചെയ്തു. (ബുഖാരി, നസാഈ). (ആ സന്ദർഭത്തിലാണ് മുകളിൽ കൊടുത്ത (തഹ്‌രീം 1-2) ആയത്തുകൾ അവതരിച്ചത്)

അനുവദനീയമായ കാര്യങ്ങൾ നിഷിദ്ധമായി പ്രഖ്യാപിക്കുന്ന ശപഥങ്ങളെ കുറിച്ച് ചോദിച്ചപ്പോൾ അബ്ദില്ലാഹിബിനു അബ്ബാസ് ﵁ പറഞ്ഞു: 'നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്.' ●

കാഴ്ച

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# വാ വിട്ട വാക്ക്

ഉച്ചതിരിയും നേരം. വെയിൽ ചൂട് വിട്ട് മാറിയിട്ടില്ല. എന്റെ സുഹൃത്ത് ബസിറങ്ങി. പാതവക്കിൽ ശാരീരിക വൈകല്യമുള്ള ഒരാൾ തന്റെ മുച്ചക്രവണ്ടിയിലിരുന്ന് സഹായമഭ്യർഥിച്ചു. കീശയിൽ നിന്നെടുത്ത് കൊടുത്ത നോട്ടയാൾ വാങ്ങിയില്ല. പകരം നീണ്ട വളഞ്ഞ് പുളഞ്ഞ് കിടക്കുന്ന റോഡിലെ കയറ്റം കയറാൻ സഹായം അഭ്യർഥിച്ചു.

ചായ കുടിച്ചിട്ട് വരാമെന്ന് പറഞ്ഞ് സുഹൃത്ത് നാട്ടുചായമക്കാനിയിലേക്ക്. അവിടെ നിന്ന് കൂട്ടിനാളെ കിട്ടുമെന്നാണ് കരുതിയത്.

വർഷങ്ങൾക്ക് മുമ്പാണ് സംഭവം.

ചായക്കടയിൽ നിന്ന് ആരെയും കിട്ടാതെ, ഒടുവിൽ സുഹൃത്ത് ഒറ്റക്ക് അയാളുടെ ത്രിചക്ര ശകടം തള്ളി കയറ്റം കയറാൻ സഹായിച്ചു തുടങ്ങി. വിചാരിച്ച പോലെ എളുപ്പമായിരുന്നില്ല കാര്യങ്ങൾ. സുഹൃത്ത് വിയർപ്പിൽ കുളിച്ചു; തളർന്നു തുടങ്ങി. കാഴ്ച കണ്ട രണ്ട് പ്ലസ് ടു വിദ്യാർഥികൾ സഹായിക്കാൻ കൂടി. അന്നേരം അക്കാലത്തെ ഒരു മുന്തിയ കാർ അവരെ മറികടന്ന് മുന്നോട്ട് പോയി. ഇത്തിരി ദൂരം പോയി കാർ ബ്രേക്കിട്ടു. പിന്നെ പിറകോട്ടു വന്നു. എ.സി കാറിന്റെ ഒരു വശത്തെ ഗ്ലാസ് താഴ്ന്നു. ഒരു പത്തു രൂപ നോട്ട് സുഹൃത്തിന്റെ നേരെ നീണ്ടു. സുഹൃത്തിന്റെ നാട്ടുകാരനായ ഒരു പണക്കാരനായിരുന്നു കാറിൽ. പൊതു നിരത്തിൽ തന്നെ അവഹേളിക്കാൻ മാത്രമാണ് പണം നൽകിയതെന്ന് മനസ്സിലാക്കിയ സുഹൃത്ത് നാലു പേർക്കും പണം ആവശ്യപ്പെട്ടു. പത്തിന്റെ നാല് നോട്ടുകൾ നൽകി പണക്കാരൻ കാറിൽ പറന്ന് പോയി; പുച്ഛവും പരിഹാസവും കലർന്ന ഭാവത്തോടെ. സുഹൃത്തും വിദ്യാർഥികളും അംഗപരിമിതനായ ആ മുച്ചക്രവാഹനക്കാരനെ കയറ്റം കയറ്റി വിട്ടു. 40 രൂപ അയാൾക്ക് നൽകി യാത്രയാക്കി.

അന്ന് വൈകുന്നേരം ഒരു സൽക്കാര സദസ്സിൽ സുഹൃത്തും ആ പണക്കാരൻ 'പവറു'കാരനും വീണ്ടും കണ്ടുമുട്ടി. ആൾക്കൂട്ടത്തിന് മുമ്പിൽ വെച്ച് അയാൾ പരസ്യമായി സുഹൃത്തിനെ വീണ്ടും പരിഹസിച്ചു. വാക്കുകൾ കൊണ്ട് മുറിപ്പെടുത്തി. ഭാര്യാപിതാവെങ്ങാനും ആ കാഴ്ച കണ്ടിരുന്നെങ്കിൽ മകളുടെ ത്വലാക് വാങ്ങിയേനെ എന്ന് പോലും പറഞ്ഞു, മുറിവിൽ മുളക്പുരട്ടി.

സഹികെട്ട സുഹൃത്ത് പ്രതികരിച്ചു പോയി; താങ്കളെ അത്തരത്തിൽ തള്ളാൻ പടച്ചവൻ എനിക്ക് വിധി തരാതിരിക്കട്ടെ എന്ന്.

എട്ട് വർഷങ്ങൾ പെട്ടെന്നാണ് കടന്ന് പോയത്.

സുഹൃത്ത് മകന്റെ കല്യാണ ക്ഷണവുമായി ബന്ധപ്പെട്ട് സമീപ സംസ്ഥാനത്തിലെത്തിയതാണ്. നാടുമാറി താമസം തുടങ്ങിയ, ആ പണക്കാരന്റെ മകനെ പള്ളിയിൽ വെച്ച് കണ്ട് മുട്ടി. വീട് അടുത്ത് തന്നെയെന്ന് പറഞ്ഞ് നിർബന്ധമായി വീട്ടിലേക്ക് ക്ഷണിച്ചു. വാതിൽ തുറക്കവെ ആരാണെന്ന് അകത്ത് നിന്നൊരു ഗംഭീര പുരുഷ ശബ്ദം. സുഹൃത്തിന്റെ പേര് പറഞ്ഞതോടെ ഉള്ളിലെ മുറിയിലേക്ക് ക്ഷണം. മുറിയിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് ഒരു അപേക്ഷാ സ്വരമുയർന്നു; നീ പണ്ട് പറഞ്ഞത് പോലെ എന്നെയൊന്ന് തള്ളിത്തരൂ എന്ന്.

മുറിയിലെ ഒരു മൂലയിൽ വീൽചെയറിൽ അയാൾ ശരീരം തളർന്ന് അവശനായി ചാരിക്കിടക്കുന്നു.

കാഴ്ച കണ്ട എന്റെ സുഹൃത്ത് നിയന്ത്രണം വിട്ട് ഉറക്കെ കരഞ്ഞു പോയി, പരിഹസിക്കപ്പെട്ടതിലെ പിരിമുറുക്കത്തിൽ പണ്ട് നാവിൽനിന്ന് വീണ് പോയ വാക്കിന്റെ മൂർച്ചയോർത്ത്. അത് കണ്ട അയാൾക്കും കരച്ചിലടക്കാനായില്ല; മകന്റെ കണ്ണും കലങ്ങിയിരുന്നു.

അഹങ്കാരത്തിനേറ്റ തിരിച്ചടിയോ? വ്രണിത മനസ്സിന്റെ പ്രാർഥനയുടെ ഫലമോ? നമുക്ക് വിധിപറയാൻ കഴിയില്ല. അല്ലാഹുവിന്റെ വിധി അതായിരുന്നു എന്ന് മാത്രം.

ശമീർ മദീനി
mail@nerpatham.com

ക്വുർആൻ പാഠം

# ഈ രോഗത്തെ പേടിക്കുക

**"അങ്ങനെ അവരോട് ഉൽബോധിപ്പിക്കപ്പെട്ട കാര്യങ്ങൾ അവർ മറന്നുകളഞ്ഞപ്പോൾ എല്ലാ കാര്യങ്ങളുടെയും വാതിലുകൾ നാം അവർക്ക് തുറന്നുകൊടുത്തു. അങ്ങനെ അവർക്ക് നൽകപ്പെട്ടതിൽ അവർ ആഹ്ലാദം കൊണ്ടപ്പോൾ പെട്ടെന്ന് നാം അവരെ പിടികൂടി. അപ്പോൾ അവരതാ നിരാശപ്പെട്ടവരായിത്തീരുന്നു" (വി.ക്വുർആൻ 6:44)**

മനുഷ്യരായ നമുക്കോരോരുത്തർക്കും അല്ലാഹു ഒട്ടേറെ സവിശേഷതകളും പ്രത്യേക കഴിവുകളും നൽകി അനുഗ്രഹിച്ചിട്ടുണ്ട്. എന്നാൽ അത്തരം കഴിവുകളിൽ മതിമറന്ന് അഹങ്കരിച്ചുപോകാതിരിക്കാനും അനുഗ്രഹദാതാവും സർവശക്തനുമായവനെ പാടെ വിസ്മരിച്ചുപോകാതിരിക്കാനും സഹായകമാവുന്ന വിധത്തിൽ പല ന്യൂനതകളും മനുഷ്യനിൽ ശേഷിക്കുന്നുണ്ട്. അത്തരത്തിലുള്ള ഒന്നാണ് മറവി. മറവിയില്ലാത്ത മനുഷ്യനില്ല.

ചിലപ്പോൾ മറവി മനുഷ്യന് അനുഗ്രഹമായി മാറും. മറ്റുചിലപ്പോൾ അത് ഉപദ്രവകരമായി മാറുകയും ചെയ്യും. കഠിനവേദനകളും ഭാരിച്ച കഷ്ടതകളും അതീവ ദുഃഖങ്ങളും സമ്മാനിച്ച എത്രയോ സംഭവങ്ങളുണ്ടാവും, ഓരോരുത്തരുടെയും ജീവിതത്തിൽ. ഉറ്റവരുടെ വേർപാടുകളും വമ്പിച്ച നഷ്ടങ്ങളും കഠിനരോഗങ്ങളുമായി എത്രയെത്ര സംഭവങ്ങൾ...

അവയൊക്കെ എത്രതന്നെ അസഹ്യമായിരുന്നുവെങ്കിലും ദിവസങ്ങളും ആഴ്ചകളും മാസങ്ങളും വർഷങ്ങളും മാറിമാറി വരുമ്പോൾ അതിന്റെ കാഠിന്യം കുറയുകയും കുറെയൊക്കെ മറക്കാനും നമുക്ക് സാധിക്കുന്നുവെന്നത് വല്ലാത്തൊരു ആശ്വാസം തന്നെയാണ്. അല്ലായിരുന്നുവെങ്കിൽ തീരാദുഃഖത്തിലും നിരാശയിലും ജീവിതം ഹോമിക്കപ്പെടുമായിരുന്നു.

മറവികൊണ്ടുണ്ടാകുന്ന അപകടങ്ങളും നഷ്ടങ്ങളും പ്രത്യേകം പറയേണ്ടതില്ല. പരീക്ഷക്ക് വേണ്ടി ഉറക്കമൊഴിച്ച് കഷ്ടപ്പെട്ട് പഠിച്ച വിദ്യാർഥി പഠിച്ച കാര്യങ്ങൾ പരീക്ഷാഹാളിൽ വെച്ച് ഓർമിച്ചെടുക്കാൻ കഴിയാതെ വിഷമിക്കുകയും ആ പരീക്ഷയിലെ തോൽവിയെക്കുറിച്ചോർത്ത് പേടിച്ച് ജീവിതമവസാനിപ്പിക്കുകയും വരെ ചെയ്ത സംഭവങ്ങളുണ്ടായിട്ടുണ്ട്.

ഇന്റർവ്യൂവിന്റെയോ ജോലിയിൽ പ്രവേശിക്കേണ്ടതിന്റെയോ തീയതി മറന്നുപോയാലുണ്ടാകുന്ന പ്രയാസങ്ങളും നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഇത്തരം മറവികൾകൊണ്ടുണ്ടാവുന്ന ഭൗതികനഷ്ടങ്ങൾ നമുക്ക് കഠിനാധ്വാനത്തിലൂടെ പരിഹരിക്കാൻ കഴിഞ്ഞേക്കും. എന്നാൽ പരിഹരിക്കാൻ സാധിക്കാത്ത തരത്തിലുള്ള മഹാനഷ്ടങ്ങൾ ചില ഗുരുതര മറവികൊണ്ടും അശ്രദ്ധകൊണ്ടും ഉണ്ടാകുന്നതാണ്. പക്ഷേ, ഭൂരിഭാഗം പേരും അവയെ കുറിച്ച് തികഞ്ഞ അശ്രദ്ധയിലാണ്!

നമ്മുടെ ജനനത്തിനു മുമ്പ് നാം എവിടെയായിരുന്നു? കൃത്യമായി ഇന്നതെന്ന് പറയാൻ പറ്റാത്ത ഒരവസ്ഥ നമുക്കൊക്കെ കടന്നുപോയിട്ടില്ലേ? തീർച്ചയായും ഉണ്ട്. അതിനുശേഷം നമ്മെ പുറത്തുകൊണ്ടുവന്നതാരാണ്? ജീവനും കാഴ്ചയും കേൾവിയുമൊക്കെ നൽകിയതാരാണ്? ഏകനായ സ്രഷ്ടാവ്!

അല്ലാഹു പറയുന്നു: "അവൻ നമുക്ക് ഒരു ഉപമ എടുത്തുകാണിക്കുകയും ചെയ്തിരിക്കുന്നു. തന്നെ സൃഷ്ടിച്ചത് അവൻ മറന്നുകളയുകയും ചെയ്തു. അവൻ പറഞ്ഞു: എല്ലുകൾ ദ്രവിച്ച് പോയിരിക്കെ ആരാണ് അവയ്ക്ക് ജീവൻ നൽകുന്നത്? പറയുക: ആദ്യതവണ അവയെ ഉണ്ടാക്കിയവനാരോ അവൻ തന്നെ അവയ്ക്ക് ജീവൻ നൽകുന്നതാണ്. അവൻ എല്ലാതരം സൃഷ്ടിപ്പിനെപ്പറ്റിയും അറിവുള്ളവനത്രെ" (36:78,79).

ജീവിതത്തിൽ സംഭവിച്ചുപോയ തെറ്റുകുറ്റങ്ങളെ വിസ്മരിച്ച് തള്ളിക്കളയാതെ അവയെക്കുറിച്ചും അവനിമിത്തം ലഭിച്ചേക്കാവുന്ന ശിക്ഷകളെകുറിച്ചും ഓർത്ത് കരുണാവാരിധിയായ പടച്ചവനോട് നിഷ്കളങ്കമായി പശ്ചാത്തപിക്കുക.

"പിശാച് അവരെ കീഴടക്കി വെക്കുകയും അങ്ങനെ അല്ലാഹുവെ പറ്റിയുള്ള ഉൽബോധനം അവർക്ക് വിസ്മരിപ്പിച്ചു കളയുകയും ചെയ്തിരിക്കുന്നു. അക്കൂട്ടരാകുന്നു പിശാചിന്റെ കക്ഷി. അറിയുക; തീർച്ചയായും പിശാചിന്റെ കക്ഷി തന്നെയാകുന്നു നഷ്ടക്കാർ." (58:19).

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

ആദം നബി (عليه السلام): 3



# ആദമിന്റെ സവിശേഷതകൾ

അല്ലാഹു ആദം(عليه السلام)നെ മലക്കുകളെക്കാൾ ശ്രേഷ്ഠമാക്കിയത് അറിവുകൊണ്ടാണ്. ശരിയായ അറിവാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. അല്ലാഹു ഒരാളിൽ നന്മ ഉദ്ദേശിക്കുന്നുവെങ്കിൽ അവന് മതത്തിൽ നല്ല അവഗാഹം നൽകുമെന്ന അറിയിപ്പ് ഹദീഥുകളിൽ സ്ഥിരപ്പെട്ടതാണ്. ഈ അറിവ് കരസ്ഥമാക്കാൻ നാം ഉത്സാഹം കാണിക്കണം. കാരണം അറിവ് കൊണ്ടാണ് നമുക്ക് പദവികൾ ഉയർത്തപ്പെടുന്നതെന്നും അറിവുള്ളവരും അറിവില്ലാത്തവരും സമമാവുകയില്ലെന്നുമെല്ലാം ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നുണ്ട്.

അല്ലാഹു ആദം(عليه السلام)മിനെ സൃഷ്ടിച്ചതിന് ശേഷം അദ്ദേഹത്തോട് കൽപിച്ച ഒരു കാര്യം നബിﷺ നമുക്ക് ഇപ്രകാരം പറഞ്ഞുതരുന്നു:

"നീ പോയി ആ സംഘത്തിന് (മലക്കുകൾക്ക്) സലാം പറയുക. അവർ, ഇരിക്കുന്ന മലക്കുകളുടെ ഒരു സംഘമാണ്. എന്നിട്ട് അവർ നിനക്ക് ഉത്തരം നൽകുന്നത് ശ്രദ്ധിച്ച് കേൾക്കുകയും ചെയ്യുക. കാരണം അത് നിന്റെയും നിന്റെ സന്തതികളുടെയും അഭിവാദ്യമാകുന്നു. അദ്ദേഹം പോയി എന്നിട്ട് പറഞ്ഞു: 'അസ്സലാമു അലൈകും'(നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാകട്ടെ). അപ്പോൾ അവർ പറഞ്ഞു: 'അസ്സലാമു അലൈക വ റഹ്മതുല്ലാഹ്'(നിനക്ക് അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും ഉണ്ടാകട്ടെ). അവർ (പ്രത്യഭിവാദ്യത്തിൽ) 'റഹ്മതുല്ലാഹ്' എന്ന് വർധിപ്പിച്ചു" (മുസ്‌ലിം).

സലാം പറയുന്നതിന്റെ രൂപം ആദം(عليه السلام)മിലൂടെ തന്നെ മനുഷ്യരെ അല്ലാഹു പഠിപ്പിച്ചു. സലാം പറയുമ്പോൾ പ്രത്യഭിവാദ്യം ചെയ്യേണ്ടത് അതുപോലെയോ അതിൽ കൂടുതലായോ ആയിട്ടായിരിക്കണം. അത് ക്വുർആൻ തന്നെ വ്യക്തമാക്കുന്നത് കാണുക:

"നിങ്ങൾക്ക് അഭിവാദ്യം അർപിക്കപ്പെട്ടാൽ അതിനെക്കാൾ മെച്ചമായി (അങ്ങോട്ട്) അഭിവാദ്യം അർപ്പിക്കുക. അല്ലെങ്കിൽ അതു തന്നെ തിരിച്ചു നൽകുക" (4:86).

സലാം പറയുന്നതിന്റെ മഹത്ത്വം വ്യക്തമാക്കുന്ന ഒരു നബി വചനം കാണുക: ഇംറാനുബ്നു ഹുസൈൻ(رضي الله عنه)വിൽ നിന്ന് നിവേദനം: "ഒരാൾ നബിﷺയുടെ അടുക്കൽ വന്നു. എന്നിട്ട് അയാൾ പറഞ്ഞു: 'അസ്സലാമു അലൈകും.' അവിടുന്ന് സലാം മടക്കി. അയാൾ ഇരുന്നു. നബിﷺ പറഞ്ഞു: 'പത്ത്(പുണ്യങ്ങൾ).' പിന്നീട് ഒരാൾ വന്നു. അയാൾ പറഞ്ഞു: 'അസ്സലാമു അലൈകും വ റഹ്മതുല്ലാഹ്' അവിടുന്ന് സലാം മടക്കി. അയാൾ ഇരുന്നു. നബിﷺ പറഞ്ഞു: 'ഇരുപത്(പുണ്യങ്ങൾ).' പിന്നീട് വേറൊരാൾ വന്നു. അയാൾ പറഞ്ഞു: 'അസ്സലാമു അലൈകും വ റഹ്മതുല്ലാഹി വബറകാതുഹു' അവിടുന്ന് സലാം മടക്കി. അപ്പോൾ അയാൾ ഇരുന്നു. നബിﷺ പറഞ്ഞു: മുപ്പത്(പുണ്യങ്ങൾ)" (അബൂദാവൂദ്).

സലാം പറയുന്നതിലെ പുണ്യവും അതിന്റെ മഹത്ത്വവുമെല്ലാം ഈ ഹദീഥ് വ്യക്തമാക്കുന്നു. നാം നബിﷺയുടെ കൽപന പോലെ സലാം വ്യാപിപ്പിക്കുന്നവരാകണം.

ആദം(അ)മിനെ സൃഷ്ടിച്ചതിന് ശേഷം അല്ലാഹു അദ്ദേഹത്തിൽനിന്ന് നിന്ന് തന്നെ അദ്ദേഹത്തിനുള്ള ഇണയെയും സൃഷ്ടിച്ചു. അല്ലാഹു പറയുന്നു:

“മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും അതിൽ നിന്നു തന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുക”(4:1). ആ സൃഷ്ടിപ്പിനെ പറ്റി ഒരു നബി വചനത്തിൽ ഇപ്രകാരം കാണാം:

“നിങ്ങൾ സ്ത്രീകളോട് നല്ല നിലയിൽ വർത്തിക്കണം. കാരണം അവർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് വളഞ്ഞ വാരിയെല്ലിൽ നിന്നാണ്”(മറ്റൊരു റിപ്പോർട്ടിൽ ‘ഇടതുഭാഗത്തുള്ള’ എന്നുമുണ്ട്).

ആദം(അ)മിന്റെ ഇടതു വശത്തുള്ള വാരിയെല്ലിൽ നിന്നാണ് ഇണയായ ഹവ്വാഅ്(റ) സൃഷ്ടിക്കപ്പെട്ടത്. ഇതൊരു ആലങ്കാരിക പ്രയോഗമാണെന്ന് പറഞ്ഞ പണ്ഡിതന്മാരുമുണ്ട്. അവർ പറയുന്നത് അവരുടെ സ്വഭാവത്തെ കുറിച്ച് പറഞ്ഞതാണെന്നാണ്. അങ്ങനെയാണെങ്കിലും വാരിയെല്ലിൽ നിന്ന് സൃഷ്ടിക്കപ്പെട്ടുവെന്ന് പറയുന്നതിനെ നിഷേധിക്കേണ്ടതില്ലെന്നാണ് ബഹുഭൂരിപക്ഷം പണ്ഡിതരും പറയുന്നത്.

മനുഷ്യ സൃഷ്ടിപ്പിലെ അത്ഭുതങ്ങളാണ് നമുക്ക് ഇവിടെ കാണുന്നത്. നാല് രൂപങ്ങളിലായിട്ടാണ് അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചിട്ടുള്ളത്.

1. ആണും പെണ്ണുമില്ലാതെ അല്ലാഹു സൃഷ്ടിച്ചു. (ഉദാ.ആദം(അ)).

2. പെണ്ണില്ലാതെ വെറും ആണിൽ നിന്ന് അല്ലാഹു സൃഷ്ടിച്ചു. (ഉദാ.ഹവ്വാഅ്).

3. ആണില്ലാതെ വെറും പെണ്ണിൽ നിന്ന് അല്ലാഹു സൃഷ്ടിച്ചു. (ഉദാ.മർയം ബീവി).

4. ആണിൽ നിന്നും പെണ്ണിൽ നിന്നുമായി അല്ലാഹു സൃഷ്ടിച്ചു. (മറ്റെല്ലാ മനുഷ്യരെയും).

**സ്വർഗത്തിൽ താമസിക്കുന്നു**

അല്ലാഹു ആദം(അ)മിനെയും ഇണയെയും സൃഷ്ടിച്ചതിന് ശേഷം ഇരുവരോടും സ്വർഗത്തിൽ താമസിക്കാൻ കൽപിക്കുകയും അവിടെ ശ്രദ്ധിക്കേണ്ട കാര്യം പ്രത്യേകം അവരെ ഉണർത്തുകയും ചെയ്തു:

“ആദമേ, നീയും നിന്റെ ഇണയും സ്വർഗത്തിൽ താമസിക്കുകയും അതിൽ നിങ്ങൾ ഇച്ഛിക്കുന്നിടത്തു നിന്ന് സുഭിക്ഷമായി ഇരുവരും ഭക്ഷിച്ചുകൊള്ളുകയും ചെയ്യുക. എന്നാൽ ഈ വൃക്ഷത്തെ നിങ്ങൾ സമീപിച്ചുപോകരുത്. എങ്കിൽ നിങ്ങൾ ഇരുവരും അതിക്രമികളായിത്തീരും എന്നു നാം ആജ്ഞാപിച്ചു” (2:35).

അല്ലാഹു അവരെ പരീക്ഷിച്ചതായിരുന്നുവെന്നതിൽ സംശയമില്ല. എന്തെല്ലാം സംഭവ വികാസങ്ങളാണ് നടക്കാൻ പോകുന്നതെന്ന് അല്ലാഹുവിന് നന്നായി അറിയാം. പിന്നെ എന്തിന് ഇങ്ങനെ ഒരു പരീക്ഷണം അവരിൽ നടത്തി? ശേഷം വരുന്ന കാര്യങ്ങളിൽ ഒരു നടപടി സ്വീകരിക്കുവാനുള്ള കാരണമായിട്ടാണ് അല്ലാഹു അവരിൽ ഇപ്രകാരം ഒരു പരീക്ഷണം നടത്തിയത്.

അല്ലാഹു ഇരുവരെയും ഇണകളായിട്ടാണ് സൃഷ്ടിച്ചത്. അത് അല്ലാഹുതന്നെ അപ്രകാരം നിശ്ചയിച്ചതാണ്. എന്നാൽ പ്രമാണങ്ങളിൽ സ്ഥിരപ്പെടാത്ത പല കെട്ടുകഥകളും മൗലിദ് കിതാബുകളിലും മറ്റുംവിവരിക്കുന്നത് കാണാം. ഉദാ: ആദം(അ) ഹവ്വാഇന്ന് മഹ്റായി നിശ്ചയിച്ചത് അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലലായിരുന്നുവെന്ന കെട്ടുകഥ. ആദം(അ)മിനെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ അല്ലാഹുവും റസൂലും പഠിപ്പിച്ച കൂട്ടത്തിൽ എവിടെയും ഇങ്ങനെയൊരു കാര്യം നമുക്ക് കാണുക സാധ്യമല്ല തന്നെ. ഇത്തരം ധാരാളം കഥകൾ സമൂഹത്തിൽ പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നാം വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും സ്വീകരിക്കേണ്ടത് സ്ഥിരപ്പെട്ട പ്രമാണങ്ങളിൽ നിന്നായിരിക്കണമല്ലോ.

ഇരുവരോടും ഒരു വൃക്ഷത്തെ സമീപിക്കരുതെന്ന് പ്രത്യേകം കൽപിച്ചിരുന്നുവല്ലോ. ഈ വൃക്ഷം ഏതാണ് എന്നും പലരും ചർച്ച നടത്തിയിട്ടുണ്ട്. ആവശ്യമില്ലാത്ത ചർച്ചയാണിത്. അത് അറിയുന്നതിൽ നമുക്ക് വല്ല ഉപകാരവും ഉണ്ടായിരുന്നുവെങ്കിൽ അല്ലാഹുവോ അവന്റെ റസൂലോ നമ്മെ അതറിയിക്കുമായിരുന്നു. അത് അറിയിക്കപ്പെട്ടിട്ടില്ല. അതിനാൽ അത്തരം ചർച്ചകൾക്ക് യാതൊരു സ്ഥാനവുമില്ലെന്ന് നാം മനസ്സിലാക്കുക.

സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെട്ട അവർക്ക് പിന്നീട് എന്താണ് സംഭവിച്ചതെന്ന് ക്വുർആൻ പറയുന്നത് കാണുക:

“എന്നാൽ പിശാച് അവരെ അതിൽ നിന്ന് വ്യതിചലിപ്പിച്ചു. അവരിരുവരും അനുഭവിച്ചിരുന്നതി(സൗഭാഗ്യം)ൽ നിന്ന് അവരെ പുറംതള്ളുകയും ചെയ്തു. നാം (അവരോട്) പറഞ്ഞു: നിങ്ങൾ ഇറങ്ങിപ്പോകൂ. നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുക്കളാകുന്നു. നിങ്ങൾക്ക് ഭൂമിയിൽ ഒരു നിശ്ചിത കാലം വരേക്കും വാസസ്ഥലവും ജീവിതവിഭവങ്ങളുമുണ്ടായിരിക്കും” (2:36).

പിശാച് അവരിൽ ദുർബോധനം നടത്തി അവരെ പിഴപ്പിക്കുകയാണ് ചെയ്തതെന്ന് ക്വുർആനിൽ മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നത് കാണുക: “അവരിൽ നിന്ന് മറച്ചുവെക്കപ്പെട്ടിരുന്ന അവരുടെ ഗോപ്യസ്ഥാനങ്ങൾ അവർക്കു വെളിപ്പെടുത്തുവാനായി പിശാച് അവർ ഇരുവരോടും ദുർമന്ത്രണം നടത്തി” (7:20).

അവർ സ്വർഗത്തിൽ താമസിക്കുന്ന സമയത്ത് അവരുടെ നാണം മറയ്ക്കുവാൻ അവർക്ക് വസ്ത്രം ഉണ്ടായിരുന്നുവെന്നാണ് ക്വുർആൻ നമ്മെ പഠിപ്പിക്കുന്നത്. മുഹമ്മദ് അമാനി മൗലവി എഴുതുന്നു:

“വിരോധിക്കപ്പെട്ട വൃക്ഷത്തിൽനിന്നും ഫലം ഭുജിച്ചതോടെ അവർക്ക് തങ്ങളുടെ നഗ്നത വെളിപ്പെട്ടു. അതേവരെ അവർക്ക് സ്വർഗീയ വസ്ത്രം ഉണ്ടായിരുന്നു. അതു നീങ്ങിപ്പോയി. സൂ: അഅ്റാഫിൽ അല്ലാഹു പറയുന്നു: ‘അവർക്കു രണ്ടുപേർക്കും തങ്ങളുടെ അപമാനസ്ഥാനങ്ങൾ (നഗ്നത) കാണിക്കുവാനായി അ

വൻ (പിശാച്) അവരിൽനിന്നു അവരുടെ വസ്ത്രം നീക്കിക്കളഞ്ഞിരുന്നു...' പാപംമൂലം, ഈ വസ്ത്രം അവർക്കു നഷ്ടപ്പെടുകയും, മാനംമറയ്ക്കുവാൻ ഇലകളെ അവലംബമാക്കേണ്ടിവരികയും ചെയ്തു" (സൂറതുത്ത്വാഹായിലെ 121-ാം സൂക്തത്തിന്റെ വിശദീകരണത്തിൽനിന്ന്).

"അവർ ഇരുവരും ആ വൃക്ഷത്തിൽ നിന്ന് രുചി നോക്കിയതോടെ അവർക്ക് അവരുടെ ഗോപ്യസ്ഥാനങ്ങൾ വെളിപ്പെട്ടു. ആ തോട്ടത്തിലെ ഇലകൾ കൂട്ടിച്ചേർത്ത് അവർ ഇരുവരും തങ്ങളുടെ ശരീരം പൊതിയാൻ തുടങ്ങി"(7:22).

"അങ്ങനെ അവർ (ആദമും ഭാര്യയും) ആ വൃക്ഷത്തിൽ നിന്ന് ഭക്ഷിച്ചു. അപ്പോൾ അവർ ഇരുവർക്കും തങ്ങളുടെ ഗോപ്യസ്ഥാനങ്ങൾ വെളിപ്പെടുകയും, സ്വർഗത്തിലെ ഇലകൾ കൂട്ടിച്ചേർത്ത് തങ്ങളുടെ ദേഹം അവർ പോതിയാൻ തുടങ്ങുകയും ചെയ്തു" (20:121).

പിശാച് അവരിൽ ദുർബോധനം നടത്തി പിഴപ്പിച്ചതാണെന്ന് നാം മനസ്സിലാക്കി. ആ ദുർബോധനം എന്തായിരുന്നുവെന്ന് ക്വുർആൻ പറയുന്നത് കാണുക:

''(പിശാച്)പറഞ്ഞു: ആദമേ, അനശ്വരത നൽകുന്ന ഒരു വൃക്ഷത്തെപ്പറ്റിയും ക്ഷയിച്ചുപോകാത്ത ആധിപത്യത്തെ പറ്റിയും ഞാൻ നിനക്ക് അറിയിച്ചു തരട്ടെയോ?" (20:120).

"അവൻ പറഞ്ഞു: നിങ്ങളുടെ രക്ഷിതാവ് ഈ വൃക്ഷത്തിൽ നിന്ന് നിങ്ങൾ ഇരുവരെയും വിലക്കിയിട്ടുള്ളത് നിങ്ങളിരുവരും മലക്കുകളായിത്തീരുമെന്നത് കൊണ്ടോ, നിങ്ങളിവിടെ നിത്യവാസികളായിത്തീരുമെന്നതുകൊണ്ടോ അല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. തീർച്ചയായും ഞാൻ നിങ്ങളിരുവരുടെയും ഗുണകാംക്ഷികളിൽ പെട്ടവനാണ് എന്ന് അവരോട് അവൻ സത്യം ചെയ്ത് പറയുകയും ചെയ്തു" (7:20,21).

മനുഷ്യനെ പിശാച് വഴിപിഴപ്പിക്കുന്ന ചതിക്കുഴികളും ദുഷിച്ച വഴികളുമാണ് ഇതിൽ നാം കാണേണ്ടത്. അവൻ ഒരിക്കലും നമ്മെ സമീപിച്ച് ഞാൻ നിന്നെ വഴിപിഴപ്പിക്കുകയാണെന്ന് പറയില്ല. ഗുണകാംക്ഷിയായും നമുക്ക് നല്ലതെന്ന് തോന്നിപ്പിച്ചുമായിരിക്കും നമ്മെ അവൻ പിഴപ്പിക്കുക. അതുപോലെ അല്ലാഹു വിലക്കിയിട്ടുള്ള കാര്യങ്ങൾക്ക് മറ്റൊരു പേരിട്ടുകൊണ്ടും അവൻ നമ്മെ വഴിപിഴപ്പിക്കും. അല്ലാഹു വിലക്കിയ മരത്തെ പിശാച് പരിചയപ്പെടുത്തിയത് 'അനശ്വരതയുടെ വൃക്ഷം എന്നാണ്' എന്നാണ്! ഇതാണ് ഏത് കാലത്തും മനുഷ്യരെ പിഴപ്പിക്കാൻ അവൻ തിരഞ്ഞെടുക്കുന്ന ഒരു മാർഗം.

മദ്യവും നിഷിദ്ധമായ മറ്റു പലതും ആകർഷകമായ വിവിധ പേരുകളിലാണ് ഇന്ന് അറിയപ്പെടുന്നത്. ലാഭവിഹിതം എന്ന് പരിചയപ്പെടുത്തി പലിശയിൽ വീഴ്ത്തുന്നു. കല, സാഹിത്യം എന്നൊക്കെ പറഞ്ഞ് നഗ്നതാ പ്രദർശനത്തിലേക്കും അശ്ലീലതകളിലേക്കും അവൻ മനുഷ്യനെ കൂട്ടിക്കൊണ്ടു പോകുന്നു. നബിﷺ ഇത്തരം സമ്പ്രദായം ഈ സമുദായത്തിൽ ഉണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നബിﷺ പറഞ്ഞു: "എന്റെ സമുദായത്തിൽ നിന്ന് വ്യഭിചാരം, പട്ട്, മദ്യം, സംഗീതം എന്നിവ അനുവദനീയമാക്കുന്ന കുറച്ചാളുകൾ വരികതന്നെ ചെയ്യും" (ബുഖാരി).

ഈ കാലഘട്ടത്തിൽ ഈ അവസ്ഥ എത്രകണ്ട് രൂക്ഷമാണെന്ന് വിശദീകരിക്കേണ്ടതില്ലല്ലോ. സിനിമകളായും സീരിയലുകളായും ഗാനമേളകളായും നോവലുകളായും ഉല്ലാസയാത്രകളായും സ്ത്രീ സ്വാതന്ത്ര്യം പറഞ്ഞ് അന്യ സ്ത്രീ-പുരുഷന്മാർ ഇടകലരാൻ വഴിയൊരുക്കിയും അധാർമികതകളിലേക്ക് പിശാച് മനുഷ്യനെ തെളിച്ചുകൊണ്ടുപോവുകയാണ്. ഇത്തരം കാര്യങ്ങളെ വിമർശിക്കുന്നവരെ പഴഞ്ചന്മാരെന്നും കാലഘട്ടത്തിനനുസരിച്ച് പുരോഗതി പ്രാപിക്കാത്തവരെന്നും പറഞ്ഞ് പരിഹസിക്കുന്ന അവസ്ഥയാണ് നാം കാണുന്നത്. അതൊക്കെയാണ് യഥാർഥ പുരോഗമനമെന്നാണ് പലരും ധരിച്ചുവെച്ചിരിക്കുന്നത്.

ഞാൻ മനുഷ്യരുടെ മുന്നിലൂടെയും പിന്നിലൂടെയും വലത് ഭാഗത്തിലൂടെയും ഇടതുഭാഗത്തിലൂടെയും ചെന്ന് അവരെ പിഴപ്പിക്കുമെന്ന് ഇബ്‌ലീസ് പറഞ്ഞപ്പോൾ അല്ലാഹു അവനോട് പറഞ്ഞത് ഇപ്രകാരമായിരുന്നു:

"...അവരിൽ നിന്ന് നിനക്ക് സാധ്യമായവരെ നിന്റെ ശബ്ദം മുഖേന നീ ഇളക്കിവിട്ടുകൊള്ളുക. അവർക്കെതിരിൽ നിന്റെ കുതിരപ്പടയെയും കാലാൾപ്പടയെയും നീ വിളിച്ചു കൂട്ടുകയും ചെയ്തുകൊള്ളുക. സ്വത്തുകളിലും സന്താനങ്ങളിലും നീ അവരോടൊപ്പം പങ്ക്ചേരുകയും അവർക്കു നീ വാഗ്ദാനങ്ങൾ നൽകുകയും ചെയ്തു കൊള്ളുക. പിശാച് അവരോട് ചെയ്യുന്ന വാഗ്ദാനം വഞ്ചന മാത്രമാകുന്നു"(17:62,63).

പിശാച് മനുഷ്യനെ അങ്ങേയറ്റം വഴിപിഴപ്പിക്കുമെന്നതിൽ ആർക്കും സംശയമില്ല. അതിനാൽ അവനെയും അവന്റെ മാർഗങ്ങളെയും നാം കരുതിയിരിക്കുക തന്നെ വേണം. അല്ലാഹു ആദംعليه السلامമിനോട് നൽകിയ മുന്നറിയിപ്പ് കാണുക:

"അപ്പോൾ നാം പറഞ്ഞു: ആദമേ, തീർച്ചയായും ഇവൻ നിന്റെയും നിന്റെ ഇണയുടെയും ശത്രുവാകുന്നു. അതിനാൽ നിങ്ങളെ രണ്ടു പേരെയും അവൻ സ്വർഗത്തിൽ നിന്ന് പുറംതള്ളാതിരിക്കട്ടെ. (അങ്ങനെ സംഭവിക്കുന്ന പക്ഷം) നീ കഷ്ടപ്പെടും''(20:117).

അല്ലാഹു ഇബ്‌ലീസിനെ കുറിച്ച് ആദ്യമെ ആദംعليه السلام മിനെ അറിയിച്ചിട്ടും എങ്ങനെ അദ്ദേഹം അവന്റെ ചതിയിൽ വീണു? പണ്ഡിതന്മാർ അതുസംബന്ധമായി പറയുന്നത് കാണുക:

"അറിവുള്ളവർ പറഞ്ഞു: അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്ത് പറയുന്ന ഒരാൾ ചതിക്കുമെന്ന് ആദംعليه السلام വിചാരിച്ചില്ല. ഈ കാരണത്താൽ ആദംعليه السلام അവനെ അനുസരിച്ചു. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്; 'ആദം തന്റെ രക്ഷിതാവിനോട് അനുസരണക്കേട് കാണിക്കുകയും, അങ്ങനെ പിഴച്ചു പോകുകയും ചെയ്തു' എന്ന്- അതായത്, പിശാചിനോടുള്ള ആദമിന്റെ അനുസരണത്തിൽ." ●

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com





# കുട്ടികളെ അഭിവാദ്യം ശീലിപ്പിക്കുക

മക്കളുടെ സാമൂഹ്യവളർച്ചക്ക് നിദാനമാകുന്ന ചുവടുവയ്പുകളെ കുറിച്ചാണ് നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. സാമൂഹ്യ ഇടങ്ങളിലേക്കുള്ള പ്രവേശന കവാടമാണ് അഭിവാദ്യങ്ങൾ. ഇസ്‌ലാമിന്റെ അഭിവാദ്യം സലാം പറയലാണ്. കുട്ടികളോട് ആദ്യമാദ്യം നാം അങ്ങോട്ട് സലാം പറഞ്ഞ് അത് ശീലിപ്പിക്കണം. അങ്ങനെ അവരിൽ സലാം കൊണ്ടാണ് സമൂഹത്തെ അഭിമുഖീകരിച്ചു തുടങ്ങേണ്ടതെന്ന ബോധം അടിയുറക്കാൻ തുടങ്ങും. പിന്നീട് സ്വാഭാവികമായും അവർ സലാം കൊണ്ട് തുടങ്ങും. മാത്രമല്ല പല കുട്ടികളും സമൂഹത്തിലെ വ്യത്യസ്ത നിലവാരത്തിൽ ഉള്ളവരുമായി ഇടപെടാനുള്ള മടിയുടെ അടിസ്ഥാന കാര്യങ്ങളിൽ ഒന്ന് 'സ്റ്റാർട്ടിങ് പ്രോബ്ലം' ആണ്. പ്രവേശിക ലഭിക്കാത്തതിനാൽ സംസാരിക്കാൻ മടിച്ചു പിന്മാറുന്ന പ്രവണത ധാരാളം കുട്ടികളിൽ ഉണ്ട്. അത് ഇല്ലായ്മ ചെയ്യാൻ ഈ ശീലം അവരെ സഹായിക്കും. കുട്ടികൾക്ക് അങ്ങോട്ട് സലാം പറയുന്ന രീതി നബിﷺയുടെ ശീലമായിരുന്നു. കുട്ടികൾ വലിയവർക്കാണ് സലാം പറയേണ്ടതെന്ന മര്യാദയും നിയമവും പഠിപ്പിച്ച നബിﷺ കുട്ടികളിൽ ആ ശീലം വളരുവാൻ അവരെ കണ്ടാൽ സലാം പറഞ്ഞു തുടങ്ങാറുണ്ടായിരുന്നു. ഏതെങ്കിലും പ്രത്യേക സമയത്തെ ഒരു അസാധാരണ രീതി ആയിരുന്നില്ല കുട്ടികളോടുള്ള നബിﷺ യുടെ സലാം പറയൽ.



കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ കൂട്ടത്തിലേക്ക് അനസ്ؓവിനെ തിരഞ്ഞുവന്ന നബിﷺ കുട്ടികൾക്കു സലാം ചൊല്ലി എന്ന ഹദീഥ് കഴിഞ്ഞ ലക്കത്തിൽ നാം ഉദ്ധരിച്ചിട്ടുണ്ട്. ഇമാം നസാഈയുടെ മറ്റൊരു റിപ്പോർട്ടിൽ സാബിത്ؓവിൽ നിന്നുള്ള ഹദീഥിൽ, നബിﷺ അൻസ്വാറുകളെ സന്ദർശിക്കാറുണ്ടായിരുന്നു എന്നും അവരുടെ കുട്ടികൾക്ക് സലാം ചൊല്ലുകയും അവരുടെ തലകളിൽ തടവുകയും അവർക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്യാറുണ്ടായിരുന്നു എന്നും കാണാൻ സാധിക്കും. മുതിർന്നവരെ കാണുമ്പോൾ സലാം ചൊല്ലാനും സംസാരമാരംഭിക്കാനുമുള്ള ധൈര്യവും സന്നദ്ധതയും ഇത് അവരിൽ വളർത്തുമെന്നതിൽ സംശയമില്ല.

**രോഗികളെ സന്ദർശിക്കാൻ പ്രേരിപ്പിക്കുക**

ഇസ്‌ലാം വളരെയേറെ പ്രോത്സാഹിപ്പിച്ച ഒന്നാണ് രോഗികളെ സന്ദർശിക്കൽ. രോഗികൾക്ക് ആശ്വാസവും സന്തോഷവും നൽകുന്ന ഒന്നാണ് അത് എന്ന് മാത്രമല്ല ബന്ധങ്ങളെ ഇണക്കിച്ചേർക്കാൻ സഹായകവുമാണ്. എന്നാൽ കുട്ടികൾ രോഗികളാണെന്നറിഞ്ഞാൽ നാം അവരെ സന്ദർശിക്കുന്നതിൽ അത്ര ഗൗരവം കാണാറില്ല. മുതിർന്നവരെയെന്ന പോലെ അവരെയും നാം സന്ദർശിക്കുകയാണെങ്കിൽ അത് അവരിൽ സമാധാനവും സന്തോഷവും ഉണ്ടാക്കും എന്ന് മാത്രമല്ല, സാമൂഹ്യബോധം വളർത്തുകയും ചെയ്യും. അത് പരിഗണിക്കപ്പെടുന്ന 'ഒരാളായി' മാറിയതിന്റെ ഔന്നത്യ ബോധം അവരിൽ ഉണ്ടാക്കുകയും അവ തിരിച്ചു നൽകുന്ന ഒരു ശീലമായി അവർ സ്വീകരിക്കുകയും ചെയ്യും. അത് അവരെ സമൂഹവുമായി ബന്ധിപ്പിക്കും.

കുട്ടികളെ, പ്രത്യേകിച്ച് കൗമാരത്തിലേക്ക് കടന്നുവരുന്ന പ്രായത്തിലുള്ളവരെ സന്ദർശിക്കുന്നതിലൂടെ അവർക്ക് അവരുടെ വേദനക്കും വ്യഥക്കും ആശ്വാസം ലഭിക്കുന്നതോടൊപ്പം അവരിൽ നല്ലൊരു ശ്രദ്ധാലുവിനെ നിങ്ങൾക്ക് ലഭിക്കുകയും ചെയ്യും. ധാർമികതയുടെയും ദൈവബോധത്തിന്റെയും ഉള്ളടക്കങ്ങൾ നൽകുന്നവരുടെ ഉപദേശങ്ങൾക്ക് ചെവികൊടുക്കാത്തവരാകും ഈ പ്രായത്തിലുള്ള കുട്ടികളിൽ അധികവും. എന്നാൽ രോഗാവസ്ഥയിൽ നിങ്ങൾ അവരെ സന്ദർശിക്കുകയാണെങ്കിൽ അവർ നിങ്ങൾക്ക് ശാന്തമായതും ഏകാഗ്രത നിറഞ്ഞതുമായ മനസ്സ് സമർപ്പിക്കും. അനിവാര്യമായതും അത്യാവശ്യമായി തോന്നുന്നതുമായ ഉപദേശവും ദൈവസ്മരണ വളർത്തുന്ന ചെറിയ ചർച്ചകളും അവരുമായി നടത്താൻ അവസരം ലഭിക്കുകയും അവ അവരുടെ മനസ്സിൽ തട്ടുകയും ചെയ്യും. അവരുടെ മനസ്സിൽ വിശ്വാസം ഉറപ്പിക്കാനും സമർപ്പണബോധം വളർത്താനും ഗുണകരമായ മാറ്റം ജീവിതത്തിൽ ഉണ്ടാക്കാനും പറ്റിയ ഏറ്റവും നല്ല ഒരു സന്ദർഭമാണ് ഈ സന്ദർശനം.

അല്ലാഹുവിന്റെ തിരുദൂതർﷺ ചെയ്തു കാണിച്ച ഉത്തമ മാതൃകയാണിത്. നബിﷺക്ക് ജൂതനായ ഒരു കുട്ടി പരിചാരകനായി ഉണ്ടായിരുന്നു. അവന് രോഗം പിടിപെട്ടു. നബിﷺ അവനെ (വീട്ടിൽ ചെന്ന്) സന്ദർശിച്ചു. അവന്റെ തലഭാഗത്ത് ഇരുന്നു. (സംസാരത്തിനിടയിൽ) നബിﷺ അവനോട് പറഞ്ഞു: 'നീ സമാധാനത്തിന്റെ സന്ദേശത്തിന് സമർപ്പിതനാവുക.' അവൻ തന്റെ അടുക്കൽ ഇരിക്കുന്ന പിതാവിനെ നോക്കി(അദ്ദേഹത്തിന്റെ അഭിപ്രായം തിരക്കുന്ന രീതിയിൽ). അപ്പോൾ അദ്ദേഹം പറഞ്ഞു: 'മകനേ, നീ അബുൽക്വാസിമിനെ (റസൂൽ) അനുസരിക്കുക.' അങ്ങനെ ആ കുട്ടി പ്രലോഭനങ്ങളോ പ്രകോപനങ്ങളോ തൊട്ടുതീണ്ടാത്ത വിധം നബിﷺയുടെ വിളിക്ക് ഉത്തരം നൽകി, സ്വന്തം മാതാപിതാക്കളുടെ സാന്നിധ്യത്തിൽ മുസ്‌ലിമായി.(ബുഖാരി).

ഈ സംഭവം നമുക്ക് നൽകുന്ന ഒന്നിലധികം പാഠങ്ങളുണ്ട്; നബിയുടെ കൂടെ സദാ പരിചാരകനായി നടക്കുന്ന കുട്ടിയോട് നബിﷺ അവന്റെ വീട്ടിൽ വെച്ച് മാതാപിതാക്കളുടെ സാന്നിധ്യത്തിലാണ് ഇസ്‌ലാം സ്വീകരിക്കാൻ ആവശ്യപ്പെടുന്നത്. തന്മൂലം 'പക്വതയും വകതിരിവുമില്ലാത്ത കുട്ടിയെ മുഹമ്മദ് പ്രലോഭിപ്പിച്ചു മതത്തിൽ കൂട്ടി' എന്ന ശത്രുക്കളുടെ ആക്ഷേപത്തിന് അവസരം ലഭിച്ചില്ല. രണ്ടാമത്തേത് നാം മുകളിൽ സൂചിപ്പിച്ച രോഗശയ്യയിലെ ശ്രദ്ധയും ഏകാഗ്രതയും നിറഞ്ഞ നല്ല അവസരത്തെ നന്മയിലേക്കുള്ള പരിവർത്തനത്തിന് ഉപയോഗപ്പെടുത്തി എന്നതാണ്.

അല്ലാഹുവിന്റെ ദൂതർ കുട്ടികളിൽ ഒരു നന്മ നട്ടുപിടിപ്പിക്കാൻ പറ്റിയ ഏതൊരവസരവും ഉപയോഗപ്പെടുത്തി, അവരെ നന്മയിലേക്ക് കൈപിടിച്ച് നടന്നു. ഇതിന്റെ പേര് തന്നെയാണ് 'പാരന്റിങ്.' അത് മാതാപിതാക്കളുടെ മാത്രമല്ല, സമൂഹത്തിൽ മുന്നിൽ നടക്കുന്നവരുടെ ബാധ്യത കൂടിയാണ്.

**കച്ചവടം ശീലിപ്പിക്കുക**

ജീവിതത്തിന്റെ നിഖില മേഖലകളിലും മാർഗദർ

ശനം നൽകുന്ന പ്രവാചകൻﷺ കുട്ടികളുടെ സാമൂഹ്യവും സാമ്പത്തികവുമായ വ്യക്തിത്വ വളർച്ചയിൽ പരിഗണന നൽകുന്നതാണ് നാം കാണുന്നത്. അവർ വളരുന്ന സമൂഹത്തിന്റെ സ്പന്ദനങ്ങൾ അനുഭവിച്ചു വളരാനുള്ള എല്ലാ സാധ്യതകളെയും അവർക്കു മുമ്പിൽ തുറന്നു വെക്കുകയാണ് മനുഷ്യരുടെ മാർഗദർശിയായ റസൂൽﷺ ചെയ്തത്. ജീവിതത്തിന്റെ ഗൗരവം പടിപടിയായി അവർ അനുഭവിച്ചറിയാൻ അവർക്ക് അവസരം ലഭിക്കുന്നതും സമയം ഉപകാരപ്പെടുത്തുന്നതുമായ എന്തിനെയും അല്ലാഹുവിന്റെ ദൂതർ പ്രോത്സാഹിപ്പിച്ചു.

കുട്ടികളുടെ കച്ചവടം അതിൽ ഒന്നാണ്. മുമ്പ് കാലത്ത് (ഒഴിവുകാല ട്യൂഷൻ സെന്ററുകളുടെ ആധിക്യം ഗ്രാമ- നഗരങ്ങളെ ഗ്രസിക്കുന്നതിനു മുമ്പ്) പ്രത്യേകിച്ചു ഗ്രാമങ്ങളിൽ കണ്ടുവന്നിരുന്ന ഒരു നല്ല കാഴ്ചയായിരുന്നു കുട്ടികളുടെ കച്ചവട പന്തലുകൾ. ഏതാനും ഭരണികളും അതിലെ അൽപം മധുര മിഠായികളും, അലക്കു സോപ്പുകളുമൊക്കെയായി ഇരിക്കുന്ന കുട്ടിക്കച്ചവടക്കാർ ഒഴിവു കാല കാഴ്ചകളിൽ ഒന്നായിരുന്നു. സത്യത്തിൽ സാമൂഹ്യ വളർച്ചയെ സഹായിക്കുന്ന ചില ഘടകങ്ങൾ ഇതിൽ ഉണ്ട്. കുട്ടികൾ ഗൗരവമുള്ള കൊടുക്കൽ-വാങ്ങലുകൾ ശീലിക്കുകയും അതിലൂടെ കൃത്യത, സത്യസന്ധത, അളവും തൂക്കവും തുടങ്ങി തവക്കുൽ(അല്ലാഹുവിൽ ഭരമേൽപിക്കൽ) വരെ ശീലിക്കുകയും ജീവിക്കുന്ന സമൂഹത്തിന്റെ നടുക്കളത്തിലേക്ക് നടന്നടുക്കുവാൻ പരിശീലിക്കുകയും ചെയ്യുന്നു. ഇത്തരം കുട്ടിക്കച്ചവടങ്ങൾ നബിയുടെ കാലത്തും നിലനിന്നിരുന്നു, നബിﷺ ഇത്തരം കുട്ടിക്കച്ചവടക്കാരെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് അനുഗ്രഹത്തിന്നായി പ്രാർഥിക്കുകയുമാണ് ചെയ്തത്. അംറുബ്നുൽ ഹുറൈസ്رضي الله عنهവിൽ നിന്ന് നിവേദനം. ഒരിക്കൽ നബിﷺ കച്ചവടം നടത്തുന്ന അബ്ദുല്ലാഹിബ്നു ജഅ്ഫറിന്റെ അടുത്തുകൂടെ നടന്നു പോയി. അദ്ദേഹം കുട്ടികൾ നടത്താറുള്ള കച്ചവടത്തിലായിരുന്നു. അന്നേരം നബിﷺ പ്രാർഥിച്ചു: 'അല്ലാഹുവേ, അവന് അവന്റെ കച്ചവടത്തിൽ നീ അനുഗ്രഹം നൽകേണമേ' (ശൗകാനി, ഹൈതമി).

ഇത് പോലെ കുട്ടികളെ കല്യാണ സദസ്സുകൾ, മരണം സംഭവിച്ച വീടുകൾ തുടങ്ങിയ ഇടങ്ങളിൽ കൊണ്ടുവരികയും മുതിർന്നവരും കുട്ടികളും ഇടകലർന്ന സദസ്സുകളിൽ സ്നേഹപൂർണവും ആദരവാർന്നതുമായ സംസാരങ്ങൾ ശ്രദ്ധിക്കുവാൻ അവസരം നൽകുകയും ചെയ്യൽ സാമൂഹ്യ വളർച്ചയെ സഹായിക്കുന്ന ഘടകങ്ങളാണ്. അൻസ്വാറുകളിലെ സ്ത്രീകളും കുട്ടികളും കല്യാണ സദസ്സുകളിലേക്കു കടന്നു വരുന്നത് കണ്ട പ്രവാചകൻﷺ സന്തോഷം മൂലം എഴുന്നേറ്റു ചെല്ലുകയും അവരോടുള്ള ഇഷ്ടം ആവർത്തിച്ച പ്രകടിപ്പിക്കുകയും ചെയ്തതായി ഇമാം ബുഖാരിയും ഇമാം അഹ്മദും റിപ്പോർട് ചെയ്യുന്ന ഹദീഥുകളിൽ കാണാം.

കൂടാതെ സ്വാലിഹുകളായ, ഇസ്‌ലാമിക ജീവിത ചിട്ട മുറുകെപിടിക്കുന്ന അടുത്ത കുടുംബ വീടുകളിൽ രാപാർക്കാൻ കുട്ടികളെ അനുവദിക്കുന്നത് മറ്റുള്ളവരുടെ നല്ല ശീലങ്ങളെ അടുത്തറിയാനും മറ്റും സഹായിക്കും. നബിﷺയുടെ ഭാര്യയായ മൈമൂനرضي الله عنهاയുടെ വീട്ടിൽ രാപാർക്കാൻ പോയ അബ്ദുല്ലാഹിബ്നു അബ്ബാസിന്റെ നബിയോടൊപ്പമുള്ള രാത്രി നമസ്കാരത്തിന്റെ അനുഭവ സ്മരണകൾ നാം മുമ്പ് സൂചിപ്പിച്ചതാണ്.

**സ്വന്തം വീട്ടിൽ സാധ്യമായ എല്ലാ കാര്യത്തിലും മക്കൾക്ക് പങ്കാളിത്തം ഉണ്ടാവുകയും ഉണ്ടാക്കുകയും വേണം. തീൻമേശയിൽ ഭക്ഷണം കൊണ്ടുവെക്കുന്നതിലും മേശ വൃത്തിയാക്കുന്നതിലും വസ്ത്രങ്ങളും മറ്റും അടുക്കി വെക്കുന്നതിലും പൂന്തോട്ടം പരിപാലിക്കുന്നതിലും വാഹനം കഴുകി വൃത്തിയാക്കുന്നതിലുമെല്ലാം മക്കൾക്ക് പങ്കാളിത്തം നൽകണം. അതിലൂടെ അവർ സ്വന്തം ജീവിതത്തെ കെട്ടിപ്പടുക്കാനുള്ള പ്രാഥമിക പരിശീലനം നേടിക്കൊണ്ടിരിക്കും.**

നമ്മുടെ വീട്ടിൽ ശീലമില്ലാത്ത പല നല്ല നടപ്പുകളും അത്തരം വീടുകളിൽ ഉണ്ടെങ്കിൽ അവ പരിചയപ്പെടാൻ ഒരവസരം കൂടിയാണത്. ഫജ്ർ നമസ്കാരത്തിന് പള്ളിയിലെത്തുന്ന പതിവ് തീരെയില്ലാത്ത ഒരു വീട്ടിലെ കുട്ടി, ആ പതിവുള്ള ഒരു കുടുംബ വീട്ടിൽ രാപാർക്കാൻ പോയാൽ അവിടുത്തെ കുടുംബ നാഥനോടൊപ്പവും മക്കളോടൊപ്പവും പള്ളിയിൽ പോയി സുബ്ഹി നമസ്കരിച്ചാലുള്ള അനുഭവം ഒന്നാലോചിച്ചു നോക്കൂ. കൂട്ടമായി ഇരുന്നു ക്വുർആൻ വായിച്ചു ചർച്ച നടത്തുന്ന അപൂർവം ചില വീടുകളുണ്ട്. സമയം നിശ്ചയിച്ചു ക്വുർആൻ മനഃപാഠമാക്കുന്ന ശീലം നിലനിർത്തുന്ന വീടുകളും നമുക്കിടയിൽ ഉണ്ട്. വീട്ടു തിരക്കുകൾക്ക് നടുവിലും പരീക്ഷാചൂടിൽ പോലും ക്വുർആൻ ക്ലാസ് പോലുള്ള കാര്യങ്ങൾ ഒഴിവാക്കാത്ത വീടുകളും ഇല്ലാതില്ല. ഇതൊന്നും കണ്ടും കേട്ടും ശീലമില്ലാത്ത വീട്ടിലെ കുട്ടികൾ ഇത്തരം വീടുകളിൽ രാപാർക്കാൻ പോകുന്നതിലൂടെ അവരുടെ മനോഗതി പല വിഷയത്തിലും മാറാൻ സാധ്യത ഉണ്ട്. പക്ഷേ, ഇത് വലിയ ജാഗ്രത ആവശ്യമുള്ള മേഖലയാണ്. നല്ല നടപ്പും ശീലങ്ങളും നിലനിൽക്കുന്ന വീട്ടിൽ വളർന്ന കുട്ടികൾ, അതിലൊന്നും ഗൗരവം കാണാത്ത, ഊണിലും ഉറക്കിലും ആരാധനയിലും യാതൊരു കൃത്യനിഷ്ഠയും പാലിക്കാത്ത, സ്ക്രീനുകളിൽ എന്തും കണ്ടു രസിക്കുന്നതിൽ നിയന്ത്രണം ഇല്ലാത്ത വീടുകളിൽ രാപാർക്കാൻ പറഞ്ഞു വിടുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും എന്നത് മറന്നു കൂടാത്തതാണ്.

വളർന്നുകൊണ്ടിരിക്കുന്ന മക്കൾക്ക് സമൂഹത്തിൽ ഇടം നൽകുന്നതിലൂടെ മാത്രമെ സാമൂഹ്യ വളർച്ച അവരിൽ സാധ്യമാവുകയുള്ളൂ എന്ന് ചുരുക്കം. അതാണ് നബി ജീവിതം നമ്മെ പഠിപ്പിക്കുന്നതും.

**(തുടരും)**

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം

നല്ല മനസ്സും നല്ല മനുഷ്യനും: 6



# അഹന്തയരുത്

മനുഷ്യർക്കെല്ലാം ഒരേ വിലയാണ് അല്ലാഹു കൽപിച്ചിട്ടുള്ളത്. തക്‌വയും (സൂക്ഷ്മത) സൽകർമവുമാണ് അല്ലാഹുവിങ്കലുള്ള സ്ഥാനങ്ങളുടെ ഏറ്റക്കുറച്ചിലുകളുടെ മാനദണ്ഡം. അല്ലാഹു പറയുന്നു:

"ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ (തക്‌വ) പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (ഹുജുറാത്:13).

'അറബിക്ക് അനറബിയെക്കാളോ അനറബിക്ക് അറബിയെക്കാളോ യാതൊ ശ്രേഷ്ഠതയുമില്ല. തക്‌വ കൊണ്ടല്ലാതെ', 'മനുഷ്യരെല്ലാം ആദമിൽ നിന്നാണ്, ആമാകട്ടെ മണ്ണിൽ നിന്നും.' ഇങ്ങനെയുള്ള നബിവചനങ്ങൾ ഇസ്‌ലാമിന്റെ മാനവിക മുഖമാണ് വ്യക്തമാക്കുന്നത്. ഈ അടിസ്ഥാനങ്ങളിൽ ഊന്നി നിന്നുകൊണ്ടാണ് നബിﷺ അനുയായികളെ വളർത്തിയെടുത്തത്. ഒരാൾ മറ്റൊരാളെക്കാൾ ഔന്നത്യം നടിക്കുന്ന നിലയ്ക്ക്, സ്വഭാവത്തിൽ ന്യൂനത വരുന്ന എന്തെല്ലാമുണ്ടോ അതിനെല്ലാം ഇസ്‌ലാം നിരോധിച്ചിട്ടുണ്ട്. പണംകൊണ്ടോ, സ്ഥാനമാനങ്ങൾ കൊണ്ടോ, സൗന്ദര്യം കൊണ്ടോ, അറിവുകൊണ്ടോ ഔന്നത്യം നടിക്കാനും അതില്ലാത്തവരെ കൊച്ചാക്കുവാനോ ഇസ്‌ലാം അനുവദിക്കുന്നില്ല. ആരെങ്കിലും അങ്ങനെ ചെയ്യുന്നുവെങ്കിൽ അവരുടെ ഹൃദയത്തെ മാരകമായരോഗം ബാധിച്ചിട്ടുണ്ടെന്നർഥം.

അഹങ്കാരത്തിനെതിരെ ഒട്ടനവധി വചനങ്ങൾ ക്വുർആനിൽ കാണുവാൻ സാധിക്കും: "ന്യായം കൂടാതെ ഭൂമിയിൽ അഹങ്കാരം നടിച്ച് കൊണ്ടിരിക്കുന്ന

വരെ എന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് ഞാൻ തിരിച്ചുകളയുന്നതാണ്. എല്ലാ ദൃഷ്ടാന്തവും കണ്ടാലും അവരതിൽ വിശ്വസിക്കുകയില്ല. നേർമാർഗം കണ്ടാൽ അവർ അതിനെ മാർഗമായി സ്വീകരിക്കുകയില്ല. ദുർമാർഗം കണ്ടാൽ അവരത് മാർഗമായി സ്വീകരിക്കുകയും ചെയ്യും. നമ്മുടെ ദൃഷ്ടാന്തങ്ങൾ അവർ നിഷേധിച്ച് തള്ളുകയും അവയെപ്പറ്റി അവർ അശ്രദ്ധരായിരിക്കുകയും ചെയ്തതിന്റെ ഫലമാണത്" (അൽ അഅ്റാഫ്:146).

"അതായത് തങ്ങൾക്ക് യാതൊരു ആധികാരിക പ്രമാണവും വന്നുകിട്ടാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ തർക്കം നടത്തുന്നവരെ. അത് അല്ലാഹുവിന്റെ അടുക്കലും സത്യവിശ്വാസികളുടെ അടുക്കലും വലിയ കോപഹേതുവായിരിക്കുന്നു. അപ്രകാരം അഹങ്കാരികളും ഗർവിഷ്ഠരും ആയിട്ടുള്ളവരുടെ ഹൃദയങ്ങളിലെല്ലാം അല്ലാഹു മുദ്രവെക്കുന്നു" (അൽഗാഫിർ:35).

"...എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (അൽഗാഫിർ: 60).

"നരകത്തിന്റെ കവാടങ്ങളിലൂടെ അതിൽ നിത്യവാസികളെന്ന നിലയിൽ നിങ്ങൾ കടന്നു കൊള്ളുക. അഹങ്കാരികളുടെ പാർപ്പിടം ചീത്ത തന്നെ (എന്ന് അവരോട് പറയപ്പെടും)" (അൽഗാഫിർ: 76).

അഹങ്കാരം കാണിക്കുന്ന ആളുകളെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല.

"അവർ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അല്ലാഹു അറിയുന്നു എന്നതിൽ യാതൊരു സംശയവുമില്ല. അവൻ അഹങ്കാരികളെ ഇഷ്ടപ്പെടുകയില്ല; തീർച്ച" (അന്നഹ്ൽ:23).

ഈ വിഷയത്തിൽ വന്ന ഹദീഥുകളും ഒട്ടനവധിയാണ്. നബിﷺ പറയുന്നു: "സ്വർഗക്കാരെക്കുറിച്ച് ഞാൻ നിങ്ങൾക്കു അറിയിച്ച് തരട്ടയോ? എല്ലാദുർബലരുമായിട്ടുള്ള ആളുകൾ. അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്താൽ അവർക്ക് പാലിക്കും. നരകക്കാരെക്കുറിച്ച് നിങ്ങൾക്കു ഞാൻ അറിയിച്ച് തരട്ടെയോ? ക്രൂരരും ധിക്കാരികളും അഹങ്കാരികളുമായിട്ടുള്ളവർ" (ബുഖാരി, മുസ്ലിം).

"അഹങ്കാരത്താൽ ഒരു വ്യക്തി തന്റെ തുണി നിലത്ത് വലിച്ചിഴച്ച് നടക്കുകയായിരുന്നു. അവൻ ഭൂമിക്കടിയിലേക്ക് ആഴ്ത്തപ്പെട്ടു. അന്ത്യനാൾ വരെ അവൻ ഭൂമിക്കടിയിൽ പിടച്ചുകൊണ്ടിരിക്കും" (ബഖാരി).

നബിﷺ പറഞ്ഞു: 'മനസ്സിൽ അണുമണിത്തൂക്കം അഹങ്കാരമുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല.' അപ്പോൾ ഒരു വ്യക്തി ചോദിച്ചു: 'ഒരാൾ തന്റെ വസ്ത്രവും ചെരുപ്പും ഭംഗിയുള്ളതാക്കാൻ ആഗ്രഹിക്കുന്നു (ഇത് അഹങ്കാരമാണോ?).' നബിﷺ പറഞ്ഞു: 'അല്ലാഹു ഭംഗിയുള്ളവനാണ്. അവൻ ഭംഗിയെ ഇഷ്ടപ്പെടുന്നു. സത്യത്തെ അവഗണിക്കലും ജനങ്ങളെ പുഛിക്കലുമാണ് അഹങ്കാരം"(മുസ്ലിം).

"അഹങ്കാരത്തോടെ വസ്ത്രം താഴേക്ക് വലിച്ചിഴച്ചവനിലേക്ക് അന്ത്യദിനത്തിൽ അല്ലാഹു നോക്കുകയില്ല" (ബുഖാരി, മുസ്ലിം).

**'അറബിക്ക് അനറബിയെക്കാളോ അനറബിക്ക് അറബിയെക്കാളോ യാതൊ ശ്രേഷ്ഠതയുമില്ല. തക്വ്‌വ കൊണ്ടല്ലാതെ', 'മനുഷ്യരെല്ലാം ആദമിൽ നിന്നാണ്, ആദമാകട്ടെ മണ്ണിൽ നിന്നും.' ഇങ്ങനെയുള്ള നബിവചനങ്ങൾ ഇസ്ലാമിന്റെ മാനവിക മുഖമാണ് വ്യക്തമാക്കുന്നത്. ഈ അടിസ്ഥാനങ്ങളിൽ ഊന്നി നിന്നുകൊണ്ടാണ് നബിﷺ അനുയായികളെ വളർത്തിയെടുത്തത്. ഒരാൾ മറ്റൊരാളെക്കാൾ ഔന്നത്യം നടിക്കുന്ന നിലയ്ക്ക്, സ്വഭാവത്തിൽ ന്യൂനത വരുന്ന എന്തെല്ലാമുണ്ടോ അതിനെല്ലാം ഇസ്ലാം നിരോധിച്ചിട്ടുണ്ട്.**

ക്വുദ്സിയായ ഒരു ഹദീഥിൽ അല്ലാഹു പറഞ്ഞതായി നബിﷺ അറിയിക്കുന്നു: "പ്രതാപം എന്റെ വസ്ത്രമാണ്. അഹങ്കാരം എന്റെ തട്ടമാണ്. അതിൽ വല്ലവനും എന്നോട് തർക്കിച്ചാൽ ഞാൻ അവനെ ശിക്ഷിക്കുന്നതാണ്" (മുസ്ലിം). പ്രതാപം നടിക്കാനും അഹങ്കരിക്കാനും മനുഷ്യർക്ക് അവകാശമില്ലെന്നർഥം.

"വസ്ത്രവും തട്ടവും മനുഷ്യനിലേക്ക് ചേർന്ന് കിടക്കുന്ന വസ്തുക്കളാണ്. അത് അവന്റെ ഭംഗിയുമാണ്. പ്രതാപവും കിബ്‌രിയ്യത്തും അല്ലാഹുവിന്ന് മാത്രം അർഹതപ്പെട്ട കാര്യങ്ങളാണ്. അതുകൊണ്ടാണ് ആലങ്കാരികമായി ഈപ്രയോഗം വന്നിട്ടുള്ളത്" (ശറഹുമുസ്ലിം 16/173,174).

ചുരുക്കത്തിൽ, അഹങ്കാരമെന്ന ദുഃസ്വഭാവം അല്ലാഹുവിന്റെ കോപത്തിനും ശിക്ഷക്കും കാരണമാകുന്ന കാര്യങ്ങളിൽ പെട്ടതാണ്. ഹൃദയത്തെ ബാധിക്കുന്ന ഏറ്റവും മോശവും അപകടകരവുമായ രോഗമാണിത് . സത്യത്തെ അവഗണിക്കുന്ന മുശ്‌രിക്കുകളെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

"തങ്ങൾക്ക് യാതൊരു പ്രമാണവും വന്നുകിട്ടാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി തർക്കിക്കുന്നതാരോ അവരുടെ ഹൃദയങ്ങളിൽ തീർച്ചയായും അഹങ്കാരം മാത്രമേയുള്ളൂ. അവർ അവിടെ എത്തുന്നതേ അല്ല. അതുകൊണ്ട് നീ അല്ലാഹുവോട് ശരണം തേടുക. തീർച്ചയായും അവനാണ് എല്ലാം കേൾക്കുന്നവനും കാണുന്നവനും" (ഗാഫിർ:56).

അഹങ്കാരം മനുഷ്യനെ നശിപ്പിക്കും. സ്വർഗത്തിൽ നിന്നകറ്റും. ഇഹലോകത്തും പരലോകത്തും ദുഷിച്ച പര്യവസാനം മാത്രം ഫലം ചെയ്യും. ഇടത് കൈകൊണ്ട് നബിﷺയുടെ മുമ്പിലിരുന്നു ഭക്ഷണം കഴിച്ച ഒരാളോട് വലതു കൈകൊണ്ട് കഴിക്കൂ എന്ന് പറഞ്ഞപ്പോൾ അഹങ്കാരം അയാളെ അതിന് സമ്മതിച്ചില്ല. പിന്നീട് ആ കൈ വായിലേക്കുയർന്നിട്ടില്ല. അഹങ്കാരത്തിന്റെ ഫലം എത്രമോശം!

നബിമാരെയും അവർ കൊണ്ടുവന്ന ആദർശത്തെ

യും തള്ളിക്കളയാൻ മുൻകാലക്കാരെ പ്രേരിപ്പിച്ചത് അഹങ്കാരം തന്നെയായിരുന്നു:

"മുമ്പ് അവിശ്വസിച്ചവരുടെ വൃത്താന്തം നിങ്ങൾക്കു വന്നുകിട്ടിയിട്ടില്ലേ? അങ്ങനെ അവരുടെ നിലപാടിന്റെ ഭവിഷ്യത്ത് അവർ അനുഭവിച്ചു. അവർക്കു (പരലോകത്ത്) വേദനയേറിയ ശിക്ഷയുമുണ്ട്. അതെന്തുകൊണ്ടെന്നാൽ അവരിലേക്കുള്ള ദൂതൻമാർ വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുക്കൽ ചെല്ലാറുണ്ടായിരുന്നു. അപ്പോൾ അവർ പറഞ്ഞു: ഒരു മനുഷ്യൻ നമുക്ക് മാർഗദർശനം നൽകുകയോ? അങ്ങനെ അവർ അവിശ്വസിക്കുകയും പിന്തിരിഞ്ഞുകളയുകയും ചെയ്തു. അല്ലാഹു സ്വയം പര്യാപ്തനായിരിക്കുന്നു. അല്ലാഹു പരാശ്രയമുക്തനും സ്തുത്യർഹനുമാകുന്നു" (അത്തഗാബുൻ: 5,6).

നൂഹ് നബി(അ)യുടെ സമൂഹവും ആദ് ഗോത്രവും സമൂദുമെല്ലാം നശിപ്പിക്കപ്പെട്ടു. ഹാമാനും ക്വാറൂനും ഫിർഔനും അഹങ്കാരത്തിന്റെ മനുഷ്യരൂപങ്ങളായിരുന്നു. വിനയത്തോടെ നടക്കേണ്ടവർ അഹങ്കാരം അലങ്കാരമായി സ്വീകരിച്ചപ്പോൾ അല്ലാഹു അവർക്ക് അർഹമായത് കൊടുത്തു:

"മദ്‌യൻകാരിലേക്ക് അവരുടെ സഹോദരനായ ശുഐബിനേയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അന്ത്യദിനത്തെ പ്രതീക്ഷിക്കുകയും ചെയ്യുവിൻ. നാശകാരികളായിക്കൊണ്ട് നിങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കരുത്. അപ്പോൾ അവർ അദ്ദേഹത്തെ നിഷേധിച്ചുതള്ളി. അതിനാൽ ഭൂകമ്പം അവരെ പിടികൂടി. അങ്ങനെ അവർ തങ്ങളുടെ വീടുകളിൽ വീണടിഞ്ഞവരായിത്തീർന്നു. ആദ്, ഥമൂദ് സമുദായങ്ങളെയും (നാം നശിപ്പിക്കുകയുണ്ടായി.) അവരുടെ വാസസ്ഥലങ്ങളിൽ നിന്ന് നിങ്ങൾക്കത് വ്യക്തമായി മനസ്സിലായിട്ടുണ്ട്. പിശാച് അവർക്ക് അവരുടെ പ്രവർത്തനങ്ങൾ ഭംഗിയായി തോന്നിക്കുകയും അവരെ ശരിയായ മാർഗത്തിൽ നിന്ന് തടയുകയും ചെയ്തു. (വാസ്തവത്തിൽ) അവർ കണ്ടറിയുവാൻ കഴിവുള്ളരായിരുന്നു. ക്വാറൂനെയും ഫിർഔനെയും ഹാമാനെയും (നാം നശിപ്പിച്ചു.) വ്യക്തമായ തെളിവുകളും കൊണ്ട് മൂസാ അവരുടെ അടുത്ത് ചെല്ലുകയുണ്ടായി. അപ്പോൾ അവർ നാട്ടിൽ അഹങ്കരിച്ച് നടന്നു. അവർ (നമ്മെ) മറികടക്കുന്നവരായില്ല. അങ്ങനെ എല്ലാവരെയും അവരവരുടെ കുറ്റത്തിന് നാം പിടികൂടി. അവരിൽ ചിലരുടെ നേരെ നാം ചരൽകാറ്റ് അയക്കുകയാണ് ചെയ്തത്. അവരിൽ ചിലരെ ഘോരശബ്ദം പിടികൂടി. അവരിൽ ചിലരെ നാം ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. അവരിൽ ചിലരെ നാം മുക്കിനശിപ്പിച്ചു. അല്ലാഹു അവരോട് അക്രമം ചെയ്യുകയായിരുന്നില്ല. പക്ഷേ, അവർ അവരോട് തന്നെ അക്രമം ചെയ്യുകയായിരുന്നു" (അൽഅൻകബൂത്: 36-40).

വിനയവും കാരുണ്യവും ലാളിത്യവും സൗമ്യതയുമാണ് ഒരു മുസ്‌ലിൽ ഉണ്ടായിരിക്കേണ്ടത്. 'വിനയം കാണിച്ചവനെ അല്ലാഹു  എന്നും ഉയർത്തിയിട്ടേയുള്ളു' (മുസ്‌ലിം). വിനയത്തിന്റെയും ലാളിത്യത്തിന്റെയും നിറകുടമായിരുന്നു നബിﷺ. ചെറിയ കുട്ടികളുടെ കൈപിടിച്ച് നടക്കും. അവരുടെ ആവശ്യങ്ങൾ നിർവഹിച്ച് കൊടുക്കും (ബുഖാരി). അവരോട് സലാം പറയും, അവരുടെ മുഖവും തലയും തടവും (മുസ്‌ലിം). വീട്ടുകാരെ ജോലിയിൽ സഹായിക്കും (ബുഖാരി).

അഹങ്കാരം വ്യക്തിക്കും സമൂഹത്തിനും ദോഷം ചെയ്യുന്ന കാര്യമാണ്. അത് സ്വർഗപ്രവേശനത്തെ തടയും. നല്ല സ്വഭാവങ്ങൾ ഇല്ലാതാക്കും. ജനങ്ങളുടെ വെറുപ്പ് വാങ്ങിത്തരും. ജനങ്ങൾ തമ്മിൽ കലഹങ്ങളുണ്ടാകാനും അക്രമങ്ങളുണ്ടാകാനും അഹങ്കാരം കാരണമായി മാറും. പരസ്പര സഹോദര്യം നഷ്ടപ്പെടും. ആളുകളുകളിൽ നിന്ന് അകറ്റും.

സ്നേഹവും കാരുണ്യവും വിട്ടുവീഴ്ച്ചയുമാണ് സമൂഹത്തിന്റെ കെട്ടുറപ്പിനെ ഭദ്രമാക്കുന്നത്. കിബ്‌റുള്ള ഒരു വ്യക്തിയിൽ നിന്നും ഒരിക്കലും ഇത്തരം സ്വഭാവങ്ങൾ പ്രതീക്ഷിച്ചു കൂടാ.

അഹങ്കാരം പലതരമുണ്ട്. അതിൽ ഏറ്റവും ഗൗരവമേറിയതാണ് അല്ലാഹുവിനോട് കാണിക്കുന്ന അഹങ്കാരം. അറിവില്ലായ്മയും അന്ധമായ അനുകരണവുമാണ് അതിനുള്ള കാരണം. റബ്ബിന് മാത്രമുള്ള ആരാധനയിൽ നിന്ന് അകന്ന് പോകലാണ് ഏറ്റവും വലിയ അഹങ്കാരം.

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (അൽഗാഫിർ: 60).

പ്രവാചകന്മാർക്കെതിരെയുള്ള അഹങ്കാരമാണ് രണ്ടാമത്തേത്: "നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. അതിനാൽ നീ സത്യവാൻമാരിൽ പെട്ടവനാണെങ്കിൽ വല്ല ദൃഷ്ടാന്തവും കൊണ്ട് വരൂ" (അശ്ശുഅറാഅ്: 154).

അല്ലാഹുവിന്റെ അടിമകൾക്കെതിരെ കാണിക്കുന്ന അഹങ്കാരമാണ് മൂന്നാമത്തേത്. അത് മുമ്പ് വിശദീകരിച്ച് കഴിഞ്ഞു. ഏതു തരത്തിൽ പെട്ട അഹങ്കാരമാണെങ്കിലും ഒരു സത്യവിശ്വാസി അതിൽ നിന്നെല്ലാം മാറി നിൽക്കേണ്ടതാണ്.

അറിവ് നേടി, തന്റെ ദുർബലത മനസ്സിലാക്കി രക്ഷിതാവിന്റെ മഹത്ത്വം തിരിച്ചറിഞ്ഞ് ജീവിക്കലാണ് കിബ്‌റിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗം. ഈ ലോകത്ത് ജനങ്ങൾക്കു മുമ്പിലല്ല; നാളെ പരലോകത്ത് അല്ലാഹുവിന്റെ മുമ്പിൽ ഉന്നതനാകാനാണ് നാം ശ്രമിക്കേണ്ടത്. അവിടെ ഉന്നതമായ സ്ഥാനങ്ങൾ വേണം.

സ്വന്തം ന്യൂനതകൾ കണ്ടെത്തുക. മരണവും മരണാനന്തര ജീവിതവും ഓർക്കുക. രോഗികളെ സന്ദർശിക്കുക. ക്വബ്ർ സന്ദർശനം നടത്തുക. തീർച്ചയായും ഹൃദയം ലോലമാകും. എത്ര വലുതും നശിക്കാനുള്ളതാണെന്ന തിരിച്ചറിവുണ്ടാവുക. ഇന്നത്തെ കൊട്ടാരത്തിൽനിന്ന് നാളത്തെ മണ്ണറയിലേക്കുള്ള ദൂരം അധികമല്ലെന്ന് മനസ്സിലാക്കുക. ഇത്തരം ഉപദേശങ്ങൾ ആര് സ്വീകരിക്കുന്നുവോ അവരുടെ ഹൃദയം നന്നാകും. കർമങ്ങൾ നന്നാകും. ●

മൂസ സ്വലാഹി, കാര
mail@nerpatham.com





# മുസ്‌ലിം നവോത്ഥാനം വിലങ്ങുനിന്നത് ആര്?

'മുസ്‌ലിം നവോത്ഥാനം ചരിത്രവും വർത്തമാനവും' എന്ന തലക്കെട്ടിൽ 2017 ഏപ്രിൽ 1-15 ലക്കം 'സുന്നിവോയ്‌സി'ൽ വന്ന ലേഖനമാണ് ഈ എഴുത്തിനാധാരം.

ഇസ്‌ലാം പഠിപ്പിച്ച കാര്യങ്ങളെ പ്രബോധനം ചെയ്യാതെയും പഠിപ്പിക്കാത്ത കാര്യങ്ങൾ പ്രചരിപ്പിച്ചും മുസ്‌ലിം സമൂഹത്തെ വഴിതെറ്റിക്കുക എന്ന അജണ്ട യുമായി നിലകൊള്ളുന്ന സംഘടനയാണ് സമസ്തയും പോഷകഘടകങ്ങളും. മതപരമായി തികച്ചും അന്ധകാരത്തിലാണ്ട ജീവിതമാണ് മുസ്‌ലിം സമുദായം നയിച്ചിരുന്നത് എന്നാണ് 1920 വരെയുള്ള കേരള മുസ്‌ലിം ചരിത്രം വായിക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത്. ഈ ദുരവസ്ഥയിൽ നിന്ന് സമൂഹത്തെ മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 1924-കളിൽ കെ.എം. മൗലവിയുടെ നേതൃത്വത്തിൽ ഐക്യസംഘവും തുടർന്ന് കേരള ജംഇയ്യത്തുൽ ഉലമയും മറ്റും രൂപംകൊണ്ടത്. എം.അബ്ദുൽ ഖാദിർ മൗലവി പ്രസിഡന്റും സി.കെ.മൊയ്തീൻ കുട്ടി മൗലവി സെക്രട്ടറിയുമായി രൂപീകരിക്കപ്പെട്ട ജംഇയ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി അന്ന് പ്രധാനമായ അഞ്ച് കാര്യങ്ങൾ തീരുമാനിച്ചു.

1. ഛിന്നഭിന്നമായി കിടക്കുന്ന ഉലമാക്കളുടെ ഇടയിൽ ഐക്യമുണ്ടാക്കുക.

2. മുസ്‌ലിംകളുടെ ഇടയിലുള്ള വഴക്കുകളെ അവരുടെ വക പഞ്ചായത്ത് സ്ഥാപിച്ച് അതിൽ വെച്ച് തീരുമാനിക്കുക.

3. ദാറുൽ ഇഫ്താഅ് ഏർപെടുത്തുക.

4. മുസ്‌ലിംകളുടെ ഇടയിലുള്ള മതവിരുദ്ധവും ആപൽക്കരവുമായ ദുരാചാരങ്ങളെ ദൂരീകരിക്കുക.

5. ഇസ്‌ലാം മത പ്രവർത്തനത്തിനായി ഉചിതമായ പ്രവൃത്തികൾ ചെയ്യുക. (കേരള മുസ്‌ലിം ഐക്യസംഘം ദ്വിദ്വീയ വാർഷിക റിപ്പോർട്ട്. പേജ്:34).

സത്യം മൂടിവെക്കലും അനർഹമായതിലേക്ക് (അഹ്‌ലുസ്സുന്ന വൽജമാഅ) ചേർത്തിപ്പറയലും സമസ്തയുടെ രീതിയായതിനാൽ തന്നെ ലേഖകൻ ആ മാർഗം തന്റെ ലേഖനത്തിൽ അവലംബിക്കുന്നതായി കാണാം. അദ്ദേഹം എഴുതുന്നു:

"ചുരുക്കത്തിൽ മുസ്‌ലിം നവോത്ഥാനത്തിന്റെ കേരളീയ പരിസരം പരതുമ്പോൾ അത് അനുസ്യൂതം അനവരതം തുടർന്നുവന്ന ഒരു പ്രക്രിയയാണെന്നു മനസ്സിലാക്കാം. അതിനെ 1922-ലേക്ക് ചുരുട്ടിക്കെട്ടുന്നത് പതിമൂന്നു നൂറ്റാണ്ടുകാലത്തെ മുസ്‌ലിം തലമുറകളെ അവഹേളിക്കലാണ്. ഇതനുവദിച്ചുകൂടാ" (പേജ്: 12).

മുസ്‌ലിം സമൂഹത്തിന്റെ ഉന്നമനത്തിനായുള്ള എല്ലാ പ്രയത്നങ്ങൾക്കും ചുക്കാൻ പിടിച്ചത് തങ്ങളാണെന്ന് വരുത്തിത്തീർക്കലാണ് ഈ വരികളുടെ ലക്ഷ്യം. യഥാർഥത്തിൽ സമസ്ത എന്നാണുണ്ടായത്, എന്തിനാണ് അത് ഉണ്ടാക്കിയത്? മുഴുവൻ നവോത്ഥാന സംരംഭങ്ങൾക്കും വിലങ്ങ് നിന്നുകൊണ്ടാണ് സമസ്ത ഉണ്ടായതും തുടർന്ന് പോരുന്നതും. അതിന്റെ വക്താവ് തന്നെ പറയുന്നു: "1925-ൽ കോഴിക്കോട് ജുമുഅ പള്ളിയിൽവെച്ച് മഹാന്മാരായ ഉലമാക്കന്മാർ മുമ്പാകെ മേപ്പടി നാമധേയത്തിൽ ഒരു പ്രവർത്തക സംഘം രൂപീകരിക്കപ്പെടുകയും പിന്നീട് കോഴിക്കോട്, ചാലിയം, എടവണ്ണ, മഞ്ചേരി മുതലായ ദിക്കുകളിലെല്ലാം വെച്ച് പൊതുയോഗങ്ങൾ കൂടുകയും 1926 ജൂൺ 26ന് കോഴിക്കോട് ടൗൺഹാളിൽ വെച്ച് അസ്സയ്യിദ് ഹാശിം ചെറിയ കുഞ്ഞിക്കോയ തങ്ങൾ അവർകളുടെ അധ്യക്ഷതയിൻ കീഴിൽ വെച്ച് കൂടിയ പൊതുയോഗത്തിൽ വെച്ച് സംഘം സ്ഥാപിക്കുകയും ചെയ്തു" (സമസ്ത, പി.വി.മുഹമ്മദ് ഫൈസി. പേജ് -31)

അപ്പോൾ ഐക്യസംഘവും കേരള ജംഇയ്യത്തുൽ ഉലമയും രൂപീകരിക്കപ്പെട്ടതിന് ശേഷമാണ് സമസ്ത ഉണ്ടായതെന്ന് വ്യക്തം.

മുസ്‌ലിം നവോത്ഥാനമെന്താണെന്ന് ലേഖകൻ വിവരിക്കുന്നത് കാണുക: "വിശ്വാസപരമായ ഉണർവ്, ആത്മീയ വൈജ്ഞാനിക മുന്നേറ്റം, സംഘശാക്തീകരണം, വിദ്യാഭ്യാസം, ഭാഷാപുരോഗതി, ഭരണ പങ്കാളിത്തം, സ്വത്വബോധം തുടങ്ങിയവയിലെല്ലാം സമുദായം നേടിയ ഉണർവാണ് മുസ്‌ലിം നവോത്ഥാനം എന്നതുകൊണ്ടുദ്ദേശിക്കുന്നത്" (പേജ്: 7).

**മുസ്‌ലിം സമൂഹത്തിന്റെ ഉന്നമനത്തിനായുള്ള എല്ലാ പ്രയത്നങ്ങൾക്കും ചുക്കാൻ പിടിച്ചത് തങ്ങളാണെന്ന് വരുത്തിത്തീർക്കലാണ് ഈ വരികളുടെ ലക്ഷ്യം. യഥാർഥത്തിൽ സമസ്ത എന്നാണുണ്ടായത്, എന്തിനാണ് അത് ഉണ്ടാക്കിയത്? മുഴുവൻ നവോത്ഥാന സംരംഭങ്ങൾക്കും വിലങ്ങ് നിന്നുകൊണ്ടാണ് സമസ്ത ഉണ്ടായതും തുടർന്ന് പോരുന്നതും.**



പറഞ്ഞത് ശരിതന്നെ. എന്നാൽ സമസ്തയുടെ കൈകളാണോ ഇതിനുപിന്നിൽ? പഴയ കാര്യം അറിയാത്ത, വാസ്തവവിരുദ്ധമായത് പഠിപ്പിക്കപ്പെട്ട പുതുതലമുറക്കാർ അങ്ങനെ തെറ്റിദ്ധരിച്ചേക്കാം. അവരുടെ മുൻഗാമികളുടെ നവോത്ഥാനവിരുദ്ധ നിലപാടുകൾ ചരിത്രത്തിന്റെ ഭാഗമായി മാറിയതാണ്. പ്രധാനമായ ചില കാര്യങ്ങൾ പരിശോധിക്കാം:

### വിശ്വാസ രംഗം

"നേരിട്ട് അല്ലാഹുവിനോട് പ്രാർഥിച്ചാൽ മതി, റസൂലിനെ ഇടയാളനാക്കുന്നതെന്തിന് എന്ന വഹാബി, മൗദൂദി ചിന്തകൾ മുനാഫിഖുകളുടെ വിശ്വാസമായിരുന്നു എന്നാണ് ഈ ആയത്ത് (സൂറ: മുനാഫിഖൂൻ-5) നമ്മെ പഠിപ്പിക്കുന്നത്" (നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ലിയാർ, തൗഹീദ് ഒരു സമഗ്രപഠനം, പേജ്:249).

"അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർഥിക്കാമെന്നതിന് തെളിവായി ധാരാളം ആയത്തുകൾ ഞാൻ ഓതി" (കാന്തപുരം എ.പി.അബൂബക്കർ മുസ്‌ലിയാർ, കൊട്ടപ്പുറം സംവാദം, പേജ്: 76).

പ്രാർഥനയും ആരാധനയുടെ എല്ലാ വശങ്ങളും അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണ്. അത് ഇസ്‌ലാമിക വിശ്വാസത്തിന്റെ അടിസ്ഥാനമാണ്. അതിന്റെ കടയ്ക്കൽ കത്തിവെച്ചുകൊണ്ട് നവോത്ഥാനത്തിന് പകരം 'നവ ആദർശം' കെട്ടിപ്പടുത്ത ചരിത്രമാണ് ഇവർക്കുള്ളതെന്നല്ലേ ഇവ വ്യക്തമാക്കുന്നത്?

**ആത്മീയ രംഗം**

ഇസ്‌ലാമിലെ ഔലിയാക്കൾ വിശ്വാസികളും സൂക്ഷ്മത പാലിക്കുന്നവരും അല്ലാഹുവിനെ ഭയപ്പെടുന്നവരും ശരീഅത്ത് അനുസരിച്ച് ജീവിക്കുന്നവരുമാണ്. എന്നാൽ സമസ്തയുടെ മെമ്പർമാരായ ചില ഔലിയാക്കളെ പരിചയപ്പെടാം.

"നമസ്കരിക്കാത്ത സി.എമ്മിനെ നമസ്കരിക്കുന്ന ചില അജ്ഞാനികളായ ആളുകൾ പിന്തുടർന്ന് നടക്കുന്നതും നമസ്കാരം ഉപേക്ഷിക്കുന്നതും കണ്ടപ്പോൾ മനപ്രയാസം തോന്നി" (സൈദ് മുഹമ്മദ് നിസാമി, സൂഫികളുടെ പാത, പേജ്: 63).

"കടുത്ത വരൾച്ച. എവിടെയും വെള്ളത്തിന് ക്ഷാമം. വേങ്ങര നിവാസികളായ ഏതാനുമാളുകൾ തങ്ങളുടെ സമീപത്തെത്തി കാര്യംധരിപ്പിച്ചു. ഓ മഴ ഇല്ല അല്ലേ, എന്ന് പറഞ്ഞ് മൂപ്പർ ഉടുതുണി പൊക്കി അങ്ങ് മൂത്രിച്ചു. ഇനി നിങ്ങൾ പോയിക്കൊള്ളൂ മഴ ഉടൻ ഉണ്ടാവും. ആശ്ചര്യം അതാ വരുന്നു തകർപ്പൻ മഴ" (സുന്നത്ത് മാസിക, 1995 ജനുവരി)

"മകളുടെ അസുഖം മാറിയപ്പോൾ നേർച്ച മറന്നോ പട്ടീ...?" (അശ്ശൈഖ് ബർദാൻ തങ്ങൾ ആരായിരുന്നു?, അബ്ദുൾ ഹഖീം മുസ്‌ലിയാർ, പേജ്:19).

ഇവരുടെ നവോത്ഥാനത്തിന്റെ കോലമാണിത്! മുസ്‌ലിംകൾ നന്നാകാനും മറ്റുള്ളവർ ഇസ്‌ലാമിനെ ആദരിക്കാനും ഉൾക്കൊള്ളാനും പറ്റിയ 'അമലുകൾ' തന്നെ! ഇവരൊക്കെയാണ് ഇക്കൂട്ടരുടെ നവോത്ഥാന നേതാക്കൾ!


**വിദ്യഭ്യാസം, ഭാഷ**

മദ്റസ വിദ്യാഭ്യാസം: "അവർ പുതിയ വാദങ്ങളുമായി സംഘടനക്ക് രൂപം നൽകിയപ്പോൾ അവിടെയും സംഘടന കൊണ്ട് നേരിടേണ്ടി വന്നു. പരമ്പരാഗത പള്ളിദർസുകളെയും ഓത്ത് പള്ളികളെയും തകർക്കാനായി മദ്റസകളും കോളേജുകളും ഉണ്ടാക്കി" (സുന്നി വോയ്സ്, 2003 ജൂലൈ 16-31).

മദ്റസകളെയും കോളേജുകളെയും എതിർക്കൽ നവോത്ഥാനം. അവ സ്ഥാപിക്കൽ പുത്തൻവാദവും. അങ്ങനെയൊന്നും നടന്നിട്ടില്ല; അത് വ്യാജ ആരോപണമാണ് എന്ന് പുതുതലമുറക്കാർ പറഞ്ഞേക്കും. അവരുടെ പ്രസിദ്ധീകരണം തന്നെ അത് തുറന്നു സമ്മതിക്കുന്നത് കാണുക:

"പണ്ട് വീറോടെ എതിർത്ത പലകാര്യങ്ങളും പിൽകാലത്ത് അംഗീകരിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ മദ്റസാ പ്രസ്ഥാനത്തെ എതിർത്ത നമുക്കാണ് ഇന്ന് കേരളത്തിൽ ഏറ്റവുമധികം മദ്റസകളുള്ളത്" (രിസാല, 1990 സെപ്തംബർ.11).

സ്ത്രീ വിദ്യാഭ്യാസം: "സ്ത്രീകൾ കയ്യെഴുത്ത് പഠിക്കൽ ശർഹിൽ മക്റൂഹാണെന്നും മറ്റും പല മഹാന്മാരായ ഉലമാക്കൾ മുമ്പ് തന്നെ തീരുമാനിച്ചിട്ടുള്ളതാകയാൽ അവർക്ക് കയ്യെഴുത്ത് പഠിപ്പിക്കൽ പ്രത്യേകം പാടില്ലാത്തതാണെന്ന് ഈ യോഗം തീരുമാനിച്ചിരിക്കുന്നു" (അൽബയാൻ മാസിക, 1930 മാർച്ച്). മണ്ണാർക്കാട് വെച്ച് 1930 മാർച്ച് 16 ന് നടന്ന സമസ്തയുടെ 40-ാം വാർഷിക സമ്മേളനത്തിൽ പാസാക്കിയ പ്രമേയമാണിത്. "ഇക്കാലത്തുള്ള സ്ത്രീഅക്ഷരവിദ്യ അധികവും ദീനിയായ വിഷയത്തിലോ, ശറഅ് അനുസരിച്ച തോതിലോ, കാര്യമായ ആവശ്യത്തിനോ അല്ലാത്തതോട് കൂടി അതിനാൽ കണക്കില്ലാത്ത പാപങ്ങൾ വന്ന് വശാകുന്നതും അത്പോലെ പാപങ്ങൾക്കുള്ള ഉപകരണമാകുന്നതും ദൃഷ്ടിയാൽ അറിയപ്പെട്ടതായും അനുഭവപ്പെട്ടതായും വരുന്നതും കൊണ്ട് സ്ത്രീ അക്ഷരവിദ്യ ശറഅ് അനുസരിച്ച വിധത്തിലും ദീനിയ്യായ വിഷയത്തിലും ആയാൽ അത് അസ്‌ലിൽ മക്റൂഹ് മാത്രമാണെങ്കിലും ഇക്കാലത്തുള്ള സ്ത്രീഅക്ഷരവിദ്യ തീർച്ചയായും ഹറാമാവാൻ മാത്രമെ വഴികാണുന്നുള്ളൂ" (അൽബയാൻ മാസിക, 1930 ഫെബ്രുവരി, പേജ്:17).



സ്ത്രീകൾക്ക് അക്ഷരവിദ്യ നിഷിദ്ധമാക്കുന്നതാണോ നവോത്ഥാനത്തിന്റെ അടയാളം? ഇവരാണോ നവോത്ഥാനത്തിന്റെ ആളുകൾ?

ഇംഗ്ലീഷ് നരകത്തിലെ ഭാഷ: "നമുക്ക് മാത്രമെ ധൈര്യപൂർവം വിസമ്മതത്തിന്റെ മുദ്രാവാക്യം മുഴക്കാൻ അവകാശമുള്ളൂ. കാരണം, നാം ആരിൽ നിന്നും അച്ചാരം വാങ്ങിയിട്ടില്ല. സാമ്രാജ്യത്വാധിനിവേശങ്ങൾക്കെതിരെ എന്നും വിസമ്മതം പ്രകടിപ്പിച്ചവരാണ് നമ്മൾ. ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണെന്ന് നമ്മുടെ പണ്ഡിതരെകൊണ്ട് പറയിപ്പിച്ചത് ഈ വിസമ്മതത്തിന്റെ കരുത്താണ്" (സുന്നിവോയ്സ്, 2006 ജനുവരി 1-15).



"ബ്രിട്ടീഷുകാരന്റെ ഭാഷ മുസ്‌ലിം വിരുദ്ധ സംസ്‌കാരത്തിന്റെ പ്രതീകമായിരുന്നു. ഇംഗ്ലീഷ് രാജ്യവും ഇംഗ്ലീഷ് ഉദ്യോഗവും ഉൽപന്നവും അവരുടെ വിദ്യാഭ്യാസവും ബഹിഷ്‌കരിക്കാൻ മുസ്‌ലിം പണ്ഡിതർ ആഹ്വാനം ചെയ്യുകയും ജനം അത് മുഖവിലക്കെടുക്കുകയും ചെയ്തിട്ടുണ്ട്. അത് മുസ്‌ലിമിന് ഒരേസമയം ദേശവിരുദ്ധവും മതവിരുദ്ധവുമായിരുന്നു. അതിനാൽ ഇംഗ്ലീഷ് തിരസ്‌കരിച്ചു" (സുന്നി അഫ്കാർ, 2011 മെയ് 18).

ബ്രിട്ടീഷുകാരോടുള്ള വിരോധവും രാജ്യത്തോടുള്ള സ്‌നേഹവും കൊണ്ടാണത്രെ ഇവർ ഇംഗ്ലീഷിനെ എതിർത്തത്! വാസ്തവത്തിൽ അത് പഠിച്ചാലല്ലേ അവരുടെ മുഖത്തു നോക്കി 'ഇറങ്ങിപ്പോകിനെടാ ഞങ്ങളുടെ നാട്ടിൽ നിന്ന്' എന്ന് അവരോട് പറയാൻ പറ്റൂ? മാത്രമല്ല ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണെന്ന് ആരാണ് ഇവരുടെ പണ്ഡിതന്മാർക്ക് വിവരം നൽകിയത്? അറിവില്ലാത്ത കാര്യം പറയുന്നതിന്റെ മതവിധി എന്താണ്?

**ഭരണ പങ്കാളിത്തം**

ബ്രിട്ടീഷ് ഭരണകൂടത്തെ അനുകൂലിച്ച് സമസ്ത പ്രത്യേക പ്രമേയം വരെ പാസ്സാക്കി: "ഭരണകർത്താക്കളോട് എതിർക്കലും അവരുടെ കൽപന അനാദരവ് ചെയ്യലും മതവിരോധമായിട്ടുള്ള കാര്യമായിരിക്കെ കോൺഗ്രസ്സ് കക്ഷിക്കാരുമായി യോജിക്കലും അവരോട് സഹകരിക്കലും ഒരിക്കലും യഥാർഥ മുസ്‌ലിംകൾക്ക് ചെയ്‌വാൻ പാടില്ലാത്തതും ആകുന്നു" (സമസ്ത 6-ാം വാർഷിക സമ്മേളനം, ഫറോക്ക്, പേജ്-34).

"സമസ്ത കേരള ജംഇയ്യത്തുൽ ഉലമ സംഘത്തിൽ അംഗങ്ങളായി ചേരുന്ന മുസ്‌ല്യാന്മാർ എല്ലാവരും കോൺഗ്രസ്സുകാരല്ലാത്തവരും ഗവൺമെന്റ് കക്ഷിയും ആയിരിക്കണമെന്നും അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസ നടപടികളെയും അതിനുള്ള ഉപകരണങ്ങളെയും പൊതുസമാധാന പരിപാലനത്തെയും പുനർജീവിപ്പിക്കൽ മേപ്പടി സംഘത്തിന്റെ മൂലസിദ്ധാന്തങ്ങളിൽ പെട്ടതാണെന്നുമുള്ള മുൻനിശ്ചയത്തെയും ഈ യോഗം പുനരാവർത്തിച്ചു ശക്തിപ്പെടുത്തുകയും ചെയ്യുന്നു" (അതേ പുസ്തകം, പേജ്:37).

ബ്രിട്ടീഷ് വിരോധവും മാതൃരാജ്യസ്‌നേഹം നിറഞ്ഞൊഴുകിയതിനാൽ അവരുടെ ഭാഷയായ ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണെന്ന് വിധിപറഞ്ഞ് ബഹിഷ്‌കരിച്ചവരുടെ തനിനിറമാണ് മുകളിൽ കൊടുത്ത വരികളിൽനിന്ന് വ്യക്തമാകുന്നത്.

മലയാള ഭാഷക്കെതിരെയും യതീംഖാനകൾക്കെതിരെയും രംഗത്ത് വന്ന ഇവർ അതെല്ലാം മറന്ന് വളരെ മുന്നിലെത്തി എന്നത് നല്ലതുതന്നെ. പക്ഷേ, ഭൂതകാല സത്യങ്ങളെ അവർ മൂടിവെക്കാൻ ശ്രമിക്കുന്നതും നവോത്ഥാനത്തിന്റെ പിതൃത്വം അവകാശപ്പെടുന്നതും അത്ര നല്ലതല്ല.

എതിർപ്പുകളെ തെല്ലും വകവെക്കാതെ മുജാഹിദ് പ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കന്മാർ ഈ മേഖലകളിലെല്ലാം മുസ്‌ലിം സമൂഹത്തിനാവശ്യമായ വെളിച്ചമേകി. ആ യാഥാർഥ്യത്തോടും ലേഖകൻ അരിശം തീർക്കുന്നത് കാണുക: "സത്യത്തിൽ നവോത്ഥാന സംരംഭമല്ല 1922-ൽ ആരംഭിച്ചത്. നേരത്തെ വിശ്വാസ ആചാരാനുഷ്ഠാനങ്ങളിൽ ഒറ്റപ്പെട്ട അപചയങ്ങളായിരുന്നു പ്രത്യക്ഷപ്പെട്ടിരുന്നതെങ്കിൽ ഈ വർഷത്തിൽ സംഘടിതമായ രീതിയിൽ ഇസ്‌ലാമിനെ തളർത്താനുള്ള ശ്രമമാരംഭിക്കുകയാണുണ്ടായത്. ഈ ക്രൂരകൃത്യത്തെ നവോത്ഥാനമായി എഴുന്നള്ളിച്ച് ആയിരത്തിമുന്നൂറ് കൊല്ലക്കാലത്തെ കേരളീയ മുസ്‌ലിംകളുടെ നവോത്ഥാന ചരിത്രത്തെ കുഴിവെട്ടിമൂടാനുള്ള ശ്രമമാണിത്" (പേജ്:9).

മുജാഹിദുകൾ ഇസ്‌ലാമിനെ തളർത്താനാണത്രെ ശ്രമിച്ചത്! ആ ശ്രമങ്ങളിൽ പലതും ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇവരുടേത് വളർത്തലും. മുസ്‌ലിം സമൂഹം നേടിയ ഉണർവുകൾ നോക്കി അവകാശവാദം ഉന്നയിക്കുമ്പോൾ കറുത്ത ഇന്നലെകൾ ഇവരെ വേട്ടയാടിക്കൊണ്ടിരിക്കുമെന്നതിൽ സംശയമില്ല. ●

ശരീഫ് കാര
mail@nerpatham.com

ഹദീസ് പാഠം

# മഴ: നാം ചിന്തിക്കേണ്ട ചില കാര്യങ്ങൾ

**സെയ്ദിബ്നു ഖാലിദി(റ)വിൽ നിന്ന് നിവേദനം: ഹുദൈബിയയിൽ വെച്ച് നബി(ﷺ)യോടൊപ്പം ഞങ്ങൾ സുബ്ഹി നമസ്കാരം നിർവഹിച്ചു. തലേദിവസം രാത്രി മഴ പെയ്തിരുന്നു. നമസ്കാരത്തിൽ നിന്ന് വിരമിച്ചപ്പോൾ ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് റസൂൽ(ﷺ) ഇങ്ങനെ ചോദിച്ചു: "നിങ്ങൾക്കറിയാമോ, നിങ്ങളുടെ രക്ഷിതാവ് എന്താണ് പറഞ്ഞതെന്ന്?" അവർ പറഞ്ഞു: "അല്ലാഹുവും അല്ലാഹുവിന്റെ റസൂലുമാണ് ഏറ്റവും നന്നായി അറിയുന്നവർ". റസൂൽ(ﷺ) പറഞ്ഞു: "അല്ലാഹു പറഞ്ഞിരിക്കുന്നു; ഈ പുലരിയിൽ എന്റെ അടിമകളിൽ എന്നിൽ വിശ്വസിക്കുന്നവനും എന്നിൽ അവിശ്വസിക്കുന്നവനും ഉണ്ടായിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താലും, ഔദാര്യത്താലും ഞങ്ങൾക്ക് മഴ ലഭിച്ചിരിക്കുന്നു എന്ന് പറയുന്നവൻ എന്നിൽ വിശ്വസിക്കുകയും നക്ഷത്രങ്ങളിൽ അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ നിർണിത ഞാറ്റുവേലകളാൽ (വാവുകൾ കാരണത്താൽ) ഞങ്ങൾക്ക് മഴ ലഭിച്ചിരിക്കുന്നു എന്നു പറഞ്ഞവൻ എന്നിൽ അവിശ്വസിക്കുകയും നക്ഷത്രങ്ങളിൽ വിശ്വസിക്കുകും ചെയ്തിരിക്കുന്നു". (ബുഖാരി, മുസ്‌ലിം).**

വിണ്ണിൽനിന്നും മണ്ണിലേക്ക് തുള്ളികളായി പെയ്തിറങ്ങുന്ന മഴയിൽ നാം അറിയേണ്ടതും പഠിക്കേണ്ടതുമായ ഒട്ടേറെ പാഠങ്ങളുണ്ട്. മഴയിൽ മനംകുളിർക്കുമ്പോൾ നാം ഓർക്കാറുണ്ടോ അത് നൽകുന്ന സന്ദേശം? മഴ അല്ലാഹുവിന്റെ അനുഗ്രഹമാണെന്നും അതിനു പിന്നിൽ മറ്റാർക്കും പങ്കില്ലെന്നും പങ്കുണ്ടെന്ന് വിശ്വസിക്കുന്നവർ അല്ലാഹുവിൽ യഥാവിധി വിശ്വസിക്കുന്നവനല്ലെന്നുമുള്ള യാഥാർഥ്യമാണ് ഉപരിസൂചിത ഹദീഥിലൂടെ നബി(സ്വ) നമ്മെ പഠിപ്പിക്കുന്നത്. മഹത്തായ ഈ പ്രതിഭാസത്തിൻെറ പിന്നിലുള്ള അദൃശ്യവും അപാരവുമായ മഹാശക്തിയെക്കുറിച്ച് ആലോചിക്കുവാനും അവനോട് നന്ദിയും വിധേയത്വവും കാണിക്കുവാനും സൻമനസ്സു കാണിക്കുന്നവർ വളരെ വിരളമാണ്. ഞാറ്റുവേലകളും നക്ഷത്രങ്ങളും ഗ്രഹങ്ങളുമൊക്കെയാണ് മഴ നൽകുന്നതെന്ന് വിശ്വസിക്കുന്നവർ ഫലത്തിൽ അല്ലാഹുവിൻെറ അനുഗ്രഹത്തെ നിഷേധിക്കുന്നവരാണ്. അത്തരക്കാർ അല്ലാഹുവിൽ അവിശ്വസിച്ചവരാണെന്ന മുന്നറിയിപ്പ് വിശ്വാസികൾ ഗൗരവത്തിലെടുക്കേണ്ടതുണ്ട്.

വിശുദ്ധ ഖുർആൻ നമ്മെ ഓർമപ്പെടുത്തുന്നത് കാണുക:"ആകാശത്തുനിന്ന് നാം ഒരു നിശ്ചിത അളവിൽ വെള്ളം ചൊരിയുകയും എന്നിട്ട് അതിനെ നാം ഭൂമിയിൽ തങ്ങിനിൽക്കുന്നതാക്കുകയും ചെയ്തിരിക്കുന്നു. അത് വറ്റിച്ചുകളയുവാൻ തീർച്ചയായും നാം ശക്തനാകുന്നു" (23:18).

മരണാനന്തര ജീവിതം യാഥാർഥ്യമാണെന്നും അത് സമഭവിക്കുമെന്നതിൽ യാതൊരു സമശയവും വേണ്ടെന്നും നമ്മെ ബോധ്യപ്പെടുത്തുന്നതിനായി ക്വുർആൻ എടുത്തു പറയുന്ന ഉദാഹരണമാണ് മഴയും അതുമുഖേന ഭൂമിയിലുണ്ടാകുന്ന മാറ്റങ്ങളും. "അവനത്രെ തന്റെ അനുഗ്രഹത്തിന്ന് (മഴയ്ക്കു) മുമ്പായി സന്തോഷവാർത്ത അറിയിച്ചുകൊണ്ട് കാറ്റുകളെ അയക്കുന്നവൻ. അങ്ങനെ അവ (കാറ്റുകൾ) ഭാരിച്ച മേഘത്തെ വഹിച്ചുകഴിഞ്ഞാൽ നിർജീവമായ വല്ല നാട്ടിലേക്കും നാം അതിനെ നയിച്ചുകൊണ്ട് പോകുകയും, എന്നിട്ട വിടെ വെള്ളം ചൊരിയുകയും, അത് മൂലം എല്ലാതരം കായ്കനികളും നാം പുറത്ത് കൊണ്ടുവരികയും ചെയ്യുന്നു. അത് പോലെ നാം മരണപ്പെട്ടവരെ പുറത്ത് കൊണ്ടുവരുന്നതാണ്. നിങ്ങൾ ശ്രദ്ധിച്ചു മനസ്സിലാക്കുന്നവരായേക്കാം" (7:57).


വെള്ളം ജീവന്റെ നിലനിൽപിന് അനിവാര്യമണ്. വെള്ളത്തിന്റെ അഭാവത്തിൽ ഭക്ഷ്യവസ്തുക്കൾ ഭൂമിയിൽ ഉണ്ടാകുകയില്ല. അതിനുവേണ്ടി നിങ്ങൾക്ക് നാം മഴ വർഷിപ്പിച്ചു തരുന്നു എന്നും അല്ലാഹു ഓർമപ്പെടുത്തുന്നുണ്ട്:

"നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത് മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്ത (നാഥനെ നിങ്ങൾ നിങ്ങൾ ആരാധിക്കുവിൻ). അതിനാൽ (ഇതെല്ലാം) അറിഞ്ഞ്കൊണ്ട്നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്"(2:22).

ഇത്തരത്തിൽ അനുഗ്രഹമായ മഴ ചിലപ്പോൾ നമുക്ക് ശിക്ഷയും പരീക്ഷണവുമായേക്കം. നബി(ﷺ) പോലും അങ്ങനെ സംഭക്കുന്നത് ഭയപ്പെട്ടിരുന്നതായി ഹദീഥുകളിൽനിന്ന് മനസ്സിലാകാൻ സാധിക്കുന്നു. നൂഹ് നബി(അ)യുടെ ജനത നശിപ്പിക്കപ്പെട്ടത് അതിശക്തമായ മഴകൊണ്ടാണല്ലോ. ●

ഉസ്മാൻ ടി.കെ
mail@nerpatham.com





# കൊടുങ്കാറ്റ്

മണൽക്കാറ്റു പറഞ്ഞു:
"ഞാൻ നിന്നെ കടപുഴക്കിയെറിയും,
നിന്റെമേൽ ഒരു മണൽക്കൂമ്പാരമുണ്ടാക്കും."
മണൽക്കാറ്റ് ആഞ്ഞുവീശി.
അയാളുടെ പാദങ്ങളിൽനിന്നും
ഭൂമിയിലേക്ക് ആഴത്തിൽ വേരുകൾ പടർന്നു.
അയാൾ വീണില്ല;
മണൽത്തരികൾ അയാളെ മൂടിയില്ല!
മണൽക്കാറ്റ് അയാളെ കനത്ത ഒരു നോട്ടം നോക്കി
വന്നവഴിയെ തിരിച്ചുപോയി.
ഉഷ്ണക്കാറ്റു പറഞ്ഞു:
"നിന്നെ ഞാൻ തള്ളിവീഴ്ത്തും,
തന്തൂരി അടുപ്പിലെ കോഴിയെപ്പോലെ
നിന്റെ ഓരോ ഇഞ്ചും ഞാൻ വേവിക്കും".
ഉഷ്ണക്കാറ്റ് ആഞ്ഞുവീശി,
നരകീയാഗ്നി അയാളിലേക്കൂതി.
അയാൾ വീണില്ല, കരിഞ്ഞില്ല;
അയാൾക്ക് ഒരു വാട്ടംപോലും സംഭവിച്ചില്ല!
വിയർപ്പു തുടച്ച് ഉഷ്ണക്കാറ്റു മടങ്ങി.
ശീതക്കാറ്റു പറഞ്ഞു:
"നിന്നെ ഞാൻ മറിച്ചിടും,
നിന്റെ മാംസവും എല്ലും തുളച്ചുകടന്ന്
മജ്ജയെ വരെ ഞാൻ മരവിപ്പിക്കും".
ശീതക്കാറ്റ് ആഞ്ഞുവീശി.
അയാൾ മറിഞ്ഞു വീണില്ല,
അയാളുടെ മാംസവും എല്ലും മജ്ജയും മരവിച്ചില്ല!
ദേഷ്യത്തോടെ കൊഞ്ഞനം കാട്ടിക്കൊണ്ട്
ശീതക്കാറ്റ് തിരിച്ചുപോയി.
"ജയ് ഹോ... ജയ് ഹോ..."
കീശയിൽ കിടന്ന മൊബൈൽ പല്ലി ചിലച്ചു.
മറുതലക്കൽ അയൽവാസി വാസുവിന്റെയൊച്ച:
"എടാ...നിന്റെ... നിന്റെ മകൻ...
കൂട്ടുകാർക്കൊപ്പം പുഴയിൽ
കുളിക്കാനിറങ്ങിയതാ..."
വാസു വാക്കുകൾ പൂറത്തിയാക്കും മുമ്പേ
അയാൾ കടപുഴകിയ ഈന്തപ്പന മരംപോലെ
മരുഭൂമിയിൽ മറിഞ്ഞുവീണു!
ഉഷ്ണക്കാറ്റ് അയാളെ നക്കിത്തുടച്ചു!
ശീതക്കാറ്റ് അയാളെ മരവിപ്പിച്ചു!
മണൽക്കറ്റ് അയാളെ മൂടിപ്പൊതിഞ്ഞു!

WISDOM
GLOBAL ISLAMIC MISSION

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം
ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജ്ജവം
വേറിട്ട വായനാനുഭവം

Circulation Manager | Nerpatham Weekly
EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 08 July 2017

Reg NO: KL/CT/225/2016-18
Price: ₹10/-


# അവതരിപ്പിക്കുന്നു, കൂടുതൽ പുതുമകളോടെ...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 2ാം വർഷത്തിലേക്ക്



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio
Tune to reality

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Scan QR Code

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099